MR. P. N. KRISHNA PILLAI (*Secretary to Government*): (*a*), (*b*) and (*c*) The answers are in the affirmative.

Secretaries and Superintendents of the Secretariat.

55 MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): Will the Government be pleased to state whether there is anyone belonging to the Ezhava, Mahomedan and Roman Catholic communities among the Secretaries and the Superintendents in the Secretariat?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): The answer is in the negative.

GENERAL DISCUSSION ON THE BUDGET.

DEPUTY PRESIDENT: We will now resume the general discussion on the Budget.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, at the very outset, I must congratulate the Financial Secretary for placing the preliminary edition of the Budget before us sufficiently early for the first time in the annals of the reformed Council. It indicates, if at all it does anything, that the Government are anxious to place before the non-officials all facts and figures sufficiently early and that they have begun to realise the most important fact that it is public criticism and public criticism alone that lubricates the administrative machinery much more than the financial position. It indeed augurs very well.

Sir, members who spoke yesterday dwelt on the constitution of this Council, the lack of any financial policy in the preparation of the Budget, and so on. I shall therefore take this opportunity of making a few observations on the Budget for the next year now placed before us.

I am afraid, Sir, I cannot share the bold optimism of the learned Financial Secretary in the matter of anticipating revenues. It looks as though his prime desire was to convert a deficit Budget into a surplus one. I for one do not see why he should be so much alarmed at a deficit Budget.

Let us take some of the progressive countries and prosperous nations. They have carried on their Government with deficit Budgets. It does not therefore follow that a deficit Budget means bad Government.

Now, in the Budget before us, taking the figures under revised estimates for the current year as the actuals for this year and considering the impoverished condition of the agriculturist and the fall in his purchasing power, I doubt whether the excess revenue, anticipated by the Financial Secretary under current revenue and old arrears for the next year, would be realised. The evidence tendered before the Banking Enquiry Committee in the various centres in Travancore and the prevalent very low prices of our agricultural products such as paddy, cocoanuts, pepper, rubber, tea etc., go to affirm the fact that the condition of the agriculturist at this moment is very precarious. If the

LIBRARY ARCHIVES Kerala Legislative Assembly

present circumstances continue, I doubt whether we would be able to realise even the current revenue for the next year. For the above reasons I regret I cannot agree with the Financial Secretary in anticipating any excess revenue under this head for the next year.

Sir, the next head under which the Financial Secretary anticipates an increased revenue is Excise. The Revised Estimate for the current year is much below the revenue budgeted for. I may briefly say that this indicates that the people are realising the evil of drunkenness. At this time, Sir, when the country is agitating for temperance and has even gone to the length of censuring Government for their actions, my friend Mr. Nilakanta Pillai is expecting an increase of 1·79 lakhs for the next year. I leave it to you, Sir, and to the House to form conclusions.

The next head under which the Financial Secretary expects an increase is Customs. At the very outset he says:

> "On account of the favourable condition of the Mud bank at Alleppey, steamers and sailing vessels are calling at the Port throughout the year."

But Sir, Captain Leverett says otherwise. He says in the Administration Report for 1104:

> "At the beginning of the year, some inconvenience was experienced at low tide owing to the formation of the mud bank off and around the Alleppey Pier."

DEPUTY PRESIDENT: That was in 1104.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Yes.

DEPUTY PRESIDENT: I wish to know where is the contradiction.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): That the mud bank is favourable has been denied by the Principal Port Officer.

DEPUTY PRESIDENT: It is a question of fact. In 1104 there were difficulties. In 1105 there were no difficulties.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): The Financial Secretary, in my opinion, concedes that the mud bank is favourable whereas the Principal Port Officer does not concede that it is.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): I may inform the member that my statement is based upon the report of the present Principal Port Officer.

MR. K. PADMANABHA PANIKKAR (*Ambalapuzha*): Have the conditions changed?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): I do not know.

DEPUTY PRESIDENT: You can accept it from me that conditions in 1105 for shipping in Alleppey have been very much more favourable than in 1104. In 1104, the mud bank had shifted and the sea had receded. It interfered with shipping in the early part of the year.

LIBRARY ARCHIVES Kerala Legislative Assembly

[Deputy President.]

But in the year 1105, normal conditions have been restored. And that is what the Account Officer means when he says that steamers have begun to touch the port all the year round. That is a point of fact which you should accept.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, I accept your statement with thanks. I understood that the statement of the Financial Secretary and of the Prinicpal Port Officer were contradictory, with regard to the formation of the mud bank there.

DEPUTY PRESIDENT: That is a statement of fact.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Will the member refer to the estimated revenues for 1106 and say whether it is less than those for 1105?

DEPUTY PRESIDENT: That has nothing to do with the point that Mr. Piraviperumal Pillai is developing. Mr. Piraviperumal Pillai, you may proceed and you need not notice the interruption.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): The Account Officer explains the fall of revenue for 1106 under "Income derived from business" as "due to to the general slackness in trade". This statement of the Financial Secretary coming as it does especially after his experience as Manager of the State Aided Bank is a very weighty one.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): I may remind the member that the statement under Customs is based on the revenue under dutiable articles. The statement under Income tax refers both to dutiable and non-dutiable articles. Rice and paddy are non-dutiable articles.

DEPUTY PRESIDENT: What is the necessity of offering any explanation now? You may reserve your explanations till you speak in reply, Mr. Nilakanta Pillai.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, people who deal in dutiable articles, also have to pay income tax. After making this pronouncement I do not understand what he means by anticipating an excess under Customs when trade conditions throughout the world are dull. The money market is very tight. The price of pepper, one of our chief commodities of export, has come down from Rs. 500 to Rs. 275. The price of copra, another important commodity exported, has come down by nearly 50 per cent. Under these circumstances, one cannot expect much of export trade until prices go up. If I may be permitted I shall quote what Sir Robert Horne, the Chancellor of the Exchequer has said, while referring to Customs and Excise. He says:

"A decrease of revenue under these two heads must be estimated for. The savings of the people are gradually getting exhausted and the spending power curtailed."

I do not think the Financial Secretary wishes Sir Robert Horne to come here now to explain our present condition. I therefore cannot justify the expectation of any excess of revenue under this head.

LIBRARY ARCHIVES Kerala Legislative Assembly

Again, Sir, under Registration, the Financial Secretary expects an increase over the revised estimate for 1105. Here also, his practice is against his precept. He explains the fall under this head as follows:—

"The fall under Registration is due to the fact that the Department is now moving towards its normal level after the rush for partition as the result of the Nayar, Ezhava and Vellala Regulations."

That being so, does he expect the department to move back during 1106?

Coming next to the head (without which we cannot move) upon which a huge capital has been sunk and which, with better management, could give us greater profits—I mean the Railway—it has, as I forecasted three years back, come to grief on account of the Tenkasi-Virudhunagar chord line. The Financial Secretary explains our loss as due to the diversion of traffic along the newly opened Tenkasi-Virudhunagar line. Yet he anticipates an increase of revenue under this head for 1106. Well, Sir, the diversion of traffic no doubt is one of the reasons for our loss; but the chief reason why we do not get any profit is as Mr. Mackie of Harrisons and Crosfields said:

"It is evident from the Budget and from the previous Budgets that they have never been a paying proposition. Why, it is difficult to know, and it is impossible for us members of this Council to know with the information placed at our disposal. What we do know however is that a very considerable amount of traffic passes over the line and a great number of passengers avail themselves of the service. To the lay mind the proposition looks a sound one and one would think aught to be alright. Personally I will require a good deal of convincing before I can be made to believe that with efficient working it cannot be made a very sound financial concern."

With my experience of the transport business for the past several years, it is my firm belief that with better management we may realise greater profits.

I must here submit that our experience has not made us any the wiser. We are yet investing huge amounts in dumping iron. One member who spoke last evening said that railways have crushed motor transport in other parts of the world.

MR. A. G. MENON (*Parur*): If I may say a word, that is not what I said.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): I thank him for the correction. Sir, anyway, I must say the fact is quite the contrary. All over the world the handy automobile is ousting the iron horse and the time is not very far-for the railway engine to keep company with his brother the stage coach in the London Museum.

Permit me, in this connection, to state, Sir, that while the increase of motor transport has substantially contributed to the State revenues and made passenger traffic cheaper and quicker, Government have not yet thought it fit to encourage this industry.

DEPUTY PRESIDENT: What is the sort of encouragement that you expect Government to give? Please make some constructive suggestions.

LIBRARY ARCHIVES Kerala Legislative Assembly

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): For the present, I should be satisfied if the authorities who control motor traffic do not give too much trouble to those who are carrying on the industry. Of course, as some of the members stated, last year there are all sorts of troubles from all quarters, and the motor bus-owner is the target for all in authority.

MR. R. KESAVA PILLAI (*Kottarakra* cum *Kunnattur*): What is the sort of trouble?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): There is no time now to mention all the troubles which they are put to.

DEPUTY PRESIDENT: You may pass on to your other points, Mr. Piraviperumal Pillai.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Turning to the expenditure side, I have to congratulate the Government for providing 1·28 lakhs more under the item, Medical and Sanitary.

Coming to the allotment on Education, I find that the needs of one-sixth of the population who speak Tamil and from whom an equal amount of revenue is realised are totally ignored in spite of repeated representations. While a considerable amount of money is spent for a system of education absolutely unsuited to the present day conditions, the fundamental duty of providing facilities for primary education in one's own mother tongue is persistently denied.

The appeal that I made last year on behalf of the families of those Government servants who die in harness or immediately after serving for the full period has not moved our Government. The neighbouring state of Mysore seems to have initiated a scheme of Provident Fund for Government servants; and I trust the present Financial Secretary with his experience in insurance and banking will formulate proposals in this direction.

[*At this stage Mr. K. Padmanabha Panikkar put a question to the member which was not heard in the reporter's gallery. The reply of the member also was not heard.*]

DEPUTY PRESIDENT: It seems to be a conversation carried between two members and none of us hear anything about it.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): The condition of the low-paid peons and Police men has been repeatedly brought to the notice of Government on the floor of this House. While an increased provision is made for enhancing the pay of the privates in the army, the hardworking Police man gets only the magnificent increase of one rupee to his pay while his compeers in the neighbouring State of Cochin and British India are enjoying a much higher pay.

Turning to Waterworks, I have only to request Government to put more pressure on the Special Officer and his staff to expedite the work and complete it at the earliest possible date without allowing the amount budgeted to lapse year after year as he has been doing.

LIBRARY ARCHIVES Kerala Legislative Assembly

In conclusion, coming to the balance sheet submitted by the Financial Secretary, viewing it from the point of view of the constituency I represent, I must say that it is not a correct one depicting the true state of affairs. On the assets side, he has valued the investments made in the $3\frac{1}{2}$ per cent Government of India Securities and the 3 per cent loan of 1896-97 at their face value while the current market value is much lower. Again, on the liability side, he has not included the huge liability of 141 lakhs which the Secretary of State raised for the construction of the Shencotta-Quilon Railway.

I know my friend Mr. Nilakanta Pillai will contend that this is not a booked liability; this is only a contingent liability; this is a liability which need be paid only in 1945, and, so on and so forth. Whatever he may say, I ask him in all seriousness, whether it is a liability or not, and whether we have to pay it or not? Never mind the period. Anyway we have to pay it; if not now, in 1945. As such, why was this liability not included in the balance sheet? If a balance sheet which does not show a liability, and a huge liability, is placed in our hands what shall I call it, Sir? It is therefore that I say that the balance sheet now submitted before us cannot be accepted from the point of view of the constitutency which I represent.

DEPUTY PRESIDENT: Probably you refer to the provision made for the sinking fund.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): No, Sir, the very liability itself.

MR. R. RAMAN PILLAI (*Kottayam*): സർ, ഈ സഭമുമ്പാകെ സമർപ്പിച്ചിരിക്കുന്ന ബഡ്ജറിനെ നോക്കിയതിൽ ഈ ബഡ്ജറ് ഉണ്ടാക്കുന്നതിന് ഹേതുഭൂതമായിരിക്കുന്ന ഗവൺമെൻറിന്റെ നയത്തെ അഭിനന്ദിക്കുന്നതിനു യാതൊരു മാർഗ്ഗവും കാണുന്നില്ല. എന്നാൽ വരവിൽ സ്വല്പം കുറച്ചു ചിലവ് ചെയ്യുകയും സ്വല്പം ബാക്കി ഉണ്ടാക്കിവയ്ക്കുകയും ചെയ്യുക എന്നുള്ള വിധത്തിൽ ഉള്ള ഒരു ബഡ്ജറാണ് ഇവിടെ ഹാജരാക്കിയിരിക്കുന്നത് എന്ന് ഒരു സമാധാനത്തിനു വകയുണ്ടെന്ന് ഇവിടെ ചിലർ സംസാരിക്കുകയുണ്ടായി. അടുത്തകൊല്ലത്തെ വരവു കണക്കാക്കിയിരിക്കുന്ന വിഷയത്തിൽ എന്റെ സ്നേഹിതന്മാർ പറഞ്ഞതുപോലെ ഉദ്ദേശിച്ചിരിക്കുന്ന വരവ് വരുമെന്ന് വിചാരിക്കാൻ യാതൊരു വഴിയും കാണുന്നില്ല. അബ്കാരി ഇനത്തിൽ ഒന്നേമുക്കാൽ ലക്ഷത്തിൽ ചില്വാനം രൂപാ കൂടുതൽ വരവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇപ്പോഴത്തെ ഓരോ താലൂക്കിലും ഉള്ള കൺട്രാക്ടന്മാർ എല്ലാം കൂട്ടം കൂടി ഡെപ്യൂട്ടേഷനായും മറ്റും തലസ്ഥാനനഗരിയിൽ വന്നുതുടങ്ങിയിട്ടുണ്ട്. അവരെ തല്ക്കാലം കൗശലം പറഞ്ഞ് അയക്കാൻ സാധിക്കുമെങ്കിലും പിൽക്കാലത്തേക്ക് അങ്ങിനെ പറഞ്ഞയക്കാൻ സാധിക്കാത്തവിധ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ത്തിൽ ഇപ്പോഠം നശ്ശയിച്ചിരിക്കുന്ന തുകയിൽ വല്യതായ കുറവ് വരു മെന്നു് വിചാരിക്കാതിരിക്കാൻ രാജ്യത്തിന്റെ സ്ഥിതിയും ലോകത്തി ന്റെ ഗതിതന്നെയും അശേഷം അനുവദിക്കുന്നില്ല. മദ്യ വർജ്ജനം എ ന്നുള്ള സംഗതിയിൽ ജനങ്ങഠം സാമാന്യത്തിലധികം ഇളകി വശായിട്ട ണ്ടു്. ജനങ്ങളുടെ ആവശ്യത്തിനു് തക്കവണ്ണം ആഹാരസാധനങ്ങഠം ഉണ്ടാക്കി കൊടുക്കേണ്ടതിനു് വേണ്ട വ്യവസ്ഥ ചെയ്യേണ്ടതു് ഗവണ്മെ ന്റിന്റെ കടമയാണു്. ഈസാധനങ്ങഠം ആവശ്യംപോലെ കൊടുക്കേ ണ്ടതാണെന്നു് എക്സൈസ് കമ്മിഷണർ ഒന്നിലധികം പ്രാവശ്യംപറഞ്ഞി ട്ടുണ്ടു്. കള്ളോ അതുപോലെയുള്ള മറേതെങ്കിലും സാധനങ്ങളോ വി റു്, അതായതു വിഷദ്രവ്യത്തെ കച്ചവടം ചെയ്യു്, ജനങ്ങളുടെ ശാരീരിക മായും സാമ്പത്തികമായും ആത്മീകമായും നാശകരവും എന്നല്ല അവരു ടെ പരലോകഗതിയെത്തന്നെയും നശിപ്പിക്കത്തക്കവിധത്തിലുമായിട്ടുള്ള ഈ വിഷദ്രവ്യത്തെ ജനങ്ങളുടെ ആവശ്യത്തിനു് തക്കവണ്ണം കൊടുക്കണ മെന്ന കമ്മീഷണരെക്കൊണ്ടു് പറയിച്ച ഗവണ്മെൻറിന്റെ നയം ആശാ സ്യമാണെന്നു് എനിക്കു് തോന്നുന്നില്ല. ഇതു് കമ്മീഷണരുടെ സ്വന്ത അ ഭിപ്രായമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ വിധത്തിൽ ജനങ്ങളെ ദ്രോഹിച്ചു് ജനങ്ങളുടെ രക്തം വാന്നൊട്ടുത്തു ജനങ്ങളെ രക്ഷിക്കുന്നതിനു വേണ്ടി പുലമ്പുന്ന ഒരു സ്ഥാപനമല്ലെന്നു്—ജനങ്ങഠംക്കു് അഭിവൃദ്ധിയു ണ്ടാക്കുന്നതിനുള്ളതാണെന്നു്—ഗവണ്മെൻറു വിചാരിക്കുന്ന എങ്കിൽ അതു കൊണ്ടുയാതൊരു ഗുണവുമില്ല. ജനങ്ങഠംക്കു മദ്യപാനം അത്യന്തം ആപ ൽക്കരമാണെന്നു് ഞാൻ പറയാതെ തന്നെ ഈ കൌൺസിലിൽ ഇരിക്കു ന്ന എല്ലാവർക്കും അറിയാമെന്നുള്ളതും എല്ലാവരും ഈ അഭിപ്രായം പുറ പ്പെടുവിച്ചിട്ടുള്ളതും ബാക്കിയുള്ളവരും ഇനി പുറപ്പെടുവിക്കുമെന്നുള്ളതും നിശ്ചയമാണു്. ന്യായമായ പന്ഥാവിൽക്കൂടി അതിന്റെ ദുഷ്യത്തെ പ രിഹരിക്കുന്നതിനു് വേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുന്ന പൌരപ്രമാണി കളുടെ മേൽ ലാത്തിപ്രയോഗം മുതലായകഠിന ക്രിയകഠംകൊണ്ടു് അവ രെ അമർത്തിക്കളയാമെന്നു വിചാരിക്കുന്ന എങ്കിൽ ഉത്തര ഇൻഡ്യയിൽ നടക്കുന്നപോലെയുള്ള അനിഷ്ട സംഭവങ്ങഠം നമ്മുടെ നാട്ടിലും ഉണ്ടാകാ തിരിക്കുകയില്ലെന്നു് ഞാൻ ഒരു ദീർഘദർശിത്വം അറിയിച്ചു കൊള്ളുന്നു. ലാത്തികണ്ടു ഭയന്നു് നാടുവിട്ടു് ഓടിക്കളയുന്നവരാണു് തിരുവിതാംകൂർ കാർ എന്നു് വിചാരിക്കുന്നതു സാഹസം തന്നെയാണു്. (ഫീയർലസ് ഫാ ക്കോട്ട്ബട്ട്ലർ ഇംഗ്ലാണ്ടിൽവച്ചു് ചെയ്തപ്രസംഗത്തിൽഭാരതത്തിലെനാട്ട

LIBRARY ARCHIVES Kerala Legislative Assembly

രാജ്യങ്ങളിൽഅദ്ദേഹത്തിന് വളരെസന്തോഷകരമായിട്ടുള്ള തു തിരുവിതാംകൂർ ആണെന്നംവിദ്യാഭ്യാസവിഷയത്തിലും രാഷ്ട്രീയജ്ഞാനത്തിലുംമുന്നിട്ട് നില്ക്കുന്നതു് തിരുവിതാംകൂർ നിവാസികളാണെന്നും പ്രസ്താപിച്ചിട്ടുണ്ട്. ഈ സംഗതി അറിയാത്തവരായി അധികം ആളുകൾ ഇവിടെ കാണുമെന്ന് തോന്നുന്നില്ല. ഇത്രത്തോളം വിദ്യാസമ്പന്നന്മാരായ പൗരപ്രമാണികൾ ന്യായമായ പന്ഥാവിൽക്കൂടി മദ്യവർജ്ജനം നടത്തിയാൽ അവരുടെ മേൽ മർദ്ദനനയം നടത്തിഇളക്കിക്കളയാമെന്ന് വിചാരിക്കുന്നുവെങ്കിൽ അതു വളരെ സാഹസമാണ്. അതിനെപ്പറ്റി ശരിയായഅറിവു എനിക്കു കിട്ടാത്തതുകൊണ്ടാണ് ഞാൻ അതു് തീച്ചപ്പെടുത്തിപ്പറയാതിരിക്കുന്നതു്. ഏതാനും കൺട്രാക്ടന്മാർ ക്രൂടിയ ഒരു യോഗത്തിലെ നിശ്ചയങ്ങളുടെപകർപ്പ് ഇന്ന് എനിക്കു കിട്ടിയിരിക്കുന്നു. ഇവിടെ മദ്യവർജ്ജന പ്രക്ഷോഭണം തുടങ്ങിയിരിക്കുന്നു. അതിനെ ഗവണ്മെൻറിൽനിന്നും പാടെ ഉന്മൂലനം ചെയ്യണം; ഗവണ്മെൻറിലേക്കു അടയ്ക്കാനുള്ളതുക അടച്ചുതീർക്കാൻ സാധിക്കുകയില്ല; എന്നുംമറ്റും വിവരിച്ചിരിക്കുന്നു. ഈ സംഗതിയെ സംബന്ധിച്ചു ഈ കൗൺസിലിൻെറ മുമ്പാകെ എനിക്കു പറയാനുള്ളതു് പറയണമെന്ന് എഴുതിയിട്ടുണ്ട്. രാജ്യത്തിൽ ഒട്ടുക്കു വർദ്ധിച്ചിരിക്കുന്ന ക്ഷാമത്തിൻെറ അതിശക്തിനിമിത്തം തല്ക്കാലം അവർ ഒട്ടുക്കേണ്ട സംഖ്യയ്ക്ക് രണ്ടോ മൂന്നോ മാസത്തെ അവധികൊടുത്തു് അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടുപോകുന്നതിനു ഗവണ്മെൻറിൽനിന്നും തുമിക്കണമെന്നല്ലാതെ കൂടുതലായി അവർ ആവശ്യപ്പെടുന്ന സംഖ്യകൂടുകൊടുക്കണമെന്നോ ഗവണ്മെൻറിൻെറ മർദ്ദനനയം ഉപയോഗിച്ചു മദ്യവർജ്ജനപ്രക്ഷോഭകന്മാരെ ആട്ടിപ്പായിക്കണമെന്നോ ഈ കൗൺസിലിനെ ഉപദേശിക്കാൻ എനിക്കു ധൈര്യം വരുന്നില്ല. അവക്കു സംഭവിച്ചുകൂടാത്തതായ നഷ്ടം വരുന്നതായാൽ ആ കാലത്തു അതിനെപ്പറ്റി ആലോചിക്കാമെന്നല്ലാതെ ഇപ്പോൾ ഒന്നുംതന്നെ ചെയ്യണമെന്നു എനിക്കു അഭിപ്രായമില്ല. ആകപ്പാടെബഡ്ജറ്റിൽ അങ്ങിനെ ഉദ്ദേശിച്ചിരിക്കുന്ന തുക വരികയില്ല. ൨,൨൦,൦൦൦ രൂപാ കുടുതൽ ഉണ്ടാകുമെന്നാണു ഉദ്ദേശിച്ചിരിക്കുന്നതു്. ഇങ്ങിനെ ഒരു തുക മിച്ചംവരുത്തണമെങ്കിൽ ചിലവിനത്തിൽ നിശ്ചയിച്ചിട്ടുള്ള സംഖ്യ പതിവു പോലെ ചിലവുചെയ്യാതെയിരുന്നാലല്ലാതെ സാധിക്കുകയില്ല. കൃഷിക്കാരായ ആളുകളുടെ എല്ലാസാധനങ്ങൾക്കും വിലകുറവു നിമിത്തം അവർ അസാമാന്യമായി കഷ്ടപ്പെടുന്നു. റബ്ബർഉടമസ്ഥന്മാർ സിവിൽക്കോടതികളിൽ പ്രതികളായിട്ടു തീർന്നിരിക്കുന്നു. പത്തിലധികം കേസുകൾ കോട്ടയത്തു ഡിസ്ട്രിക്ട് കോടതിയിൽ പതിഞ്ഞതായിട്ടു അവിടെനിന്നും പോരുന്നതിനു മുമ്പു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

എനിക്കറിയാം. അതിൽപിന്നെ എത്രയെണ്ണം പതിഞ്ഞുഎന്ന അറിയാൻപാടില്ല. റബ്ബറിന്റെ വിലകുറഞ്ഞുഎന്നല്ല അതിനെ പാകപ്പെടുത്തി വിലകിട്ടുന്നസ്ഥലത്തു അയയ്ക്കാനുള്ള ചിലവു പോലും അതിൽനിന്നും കിട്ടാത്തനിലയിലായിരിക്കുന്നു. അതുകൊണ്ട് റബ്ബർ കയറ്റി അയക്കുന്നതിൽനിന്നുമുള്ള വരുമാനം തിരുവിതാംകൂറിൽ അടുത്തകൊല്ലം ഉണ്ടാകുമെന്ന് വിചാരിക്കാൻ തരമില്ല. വളരെ വളരെ കടംകൊണ്ടു വിഷമിച്ചാണ് കൃഷിക്കാരായ ആളുകൾ ഇരിക്കുന്നത്. അവരുടെ സങ്കടപരിഹാരത്തിനു വേണ്ടി പലിശ ഇല്ലാതെ ൪൦ ശ്രുപാകൊടുത്തു ൧൦൦ ശ്രുപാ ഉണ്ടെന്നു കണക്കിൽകാണിച്ചു ജനസാമാന്യത്തെ വ്യാമോഹിപ്പിക്കുന്നതിനു നിക്ഷേപിച്ചിരിക്കുന്നതിനെ എടുത്തു ട്രസ്വത്തു ജാമ്യബാങ്കൊ അതുപോലെയുള്ള മറേറതെങ്കിലും സ്ഥാപനമൊ ഏർപ്പെടുത്തി ഗവണ്മെന്റിൽനിന്നും സാധുക്കളായ ഈ കൃഷിക്കാരെ തല്ക്കാലം സഹായിച്ചില്ലെങ്കിൽ രാജ്യത്തിനു വല്ലാത്തനാശം ഉണ്ടാകുമെന്നു ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇതിലേക്കു യാതൊരുമാറ്റവും ഈ ബഡ്ജറിൽ പറഞ്ഞുകാണുന്നില്ല.

ക്ഷയരോഗ ആശുപത്രിക്കു ഒരുതുക, ഹെൽത്ത് ഡിപ്പാർട്ടുമെൻറിനു ഒരുതുക, ഇത്യാദിയായ തുകകൾ ഗവണ്മെൻറിൽനിന്നും അനുവദിച്ചിരിക്കുന്നതുകൊണ്ട് എനിക്കു ഗവണ്മെൻറിനെ തീരെ അഭിനന്ദിക്കാതെ വിട്ടുകളയുന്നതിനും സമ്മതമില്ല. എങ്കിലും രാജ്യത്തിലെ പൊതുവായ ക്ഷേമത്തിനു ഉപയോഗയോഗ്യമായി യാതൊന്നുംതന്നെ അതിൽ ഇല്ലെന്നു പറയാതിരിക്കുവാനും നിവർത്തിയില്ല. പൂർവ്വകകാലം മുതൽ ഉത്സാഹശീലന്മാരായ മരുമക്കത്തായ കുടുംബങ്ങളിലെ കാരണവന്മാർ വളരെ പ്രയത്നിച്ചു സമ്പാദിച്ചിട്ടുള്ള സ്വത്തു—അവരുടെ അതികഠിനമായ പ്രയത്നംകൊണ്ടു ഉണ്ടാക്കീട്ടുള്ള സ്വത്തു—കൈവശം വച്ചുകൊണ്ടും പാട്ടക്കാരിൽനിന്നും മറ്റും കഴിവുള്ളടത്തോളമുള്ള ആദായം പിഴിഞ്ഞെടുത്തും, വിറ്റും ആദായമുണ്ടാക്കി അതു വേണ്ടതിന്നു ചിലവുചെയ്യാതെ തന്റെ ഇഷ്ടംപോലെ ചിലവുചെയ്യുന്ന കാരണവന്റെ അവസ്ഥയാണു ഇന്നത്തെ ഗവണ്മെൻറിനെപ്പറ്റിതോന്നിപ്പോകുന്നതു.

ഇനി ഗതാഗതമാർഗ്ഗങ്ങൾക്കു ഗവണ്മെൻറിൽനിന്നും ചിലവാക്കുന്ന തുകയേക്കുറിച്ചു ആലോചിക്കുന്നതായാൽ അതു അതുയും നിലയും വിലയുമുള്ള ആളുകൾക്കുവേണ്ടി ചിലവുചെയ്യുന്നു. എന്റെ സ്നേഹി

LIBRARY ARCHIVES Kerala Legislative Assembly

തൻ പറഞ്ഞതുപോലെ ആളുകളുടെഅവസ്ഥാനുസരണമാണ് അതു ചിലവുചെയ്യുന്നതു്. വലിയ ഉദ്യോഗസ്ഥന്മാക്കു് ഗതാഗതമാർഗ്ഗങ്ങൾ ധാരാളം ഉണ്ടാക്കുന്നു. അതുപോലെ ശക്തന്മാരും ധനവാന്മാരും ഉള്ള ഭാഗങ്ങളിലും ധാരാളം ഉണ്ടാക്കുന്നു. സാമാന്യജനങ്ങൾ താമസിക്കുന്നസ്ഥലങ്ങളിൽ നടന്നുപോകണമെങ്കിൽ കാലിന്റെ മുട്ടു പൊടിയുകയോ പല്ലു് തകരുകയോ ചെയ്യാതെ സാധിക്കയില്ല. കൃഷിക്കാക്കുവേണ്ടി ഗവണ്മെൻറു് ചെയ്യുന്നസഹായം ആണ്ടുതോറും കുറേശ്ശ കുറേശ്ശ കുറച്ചു് കൃഷിസേചന മാർഗ്ഗങ്ങളിലേക്കു് നിശ്ചയിക്കുന്ന സംഖ്യകൾ കുറഞ്ഞുവരുന്നതല്ലാതെ കൂടിവരുന്നതായിട്ടു രണ്ടു മൂന്നു കൊല്ലത്തെ കണക്കുകളിൽ എങ്ങും കാണുന്നില്ല. ഉത്തരതിരുവിതാംകൂർ ഈ രാജ്യത്തിന്റെ ഒരംഗമാണെന്നുപോലും തിരുവിതാംകൂർ ഗവണ്മെൻറു് ഗണിച്ചിട്ടില്ലെന്നു തോന്നിപ്പോകുന്നു. ഈ ഗവണ്മെൻറിന്റെ കാലത്തെങ്കിലും ഈ ചിറമ്മനയം മാറുമെന്നാണു് വിചാരിച്ചിരുന്നതു്. എന്നാൽ ഫലംനേരെമറിച്ചാണു്, യാതൊരു വ്യത്യാസവും കാണുന്നില്ല. ഉത്തരതിരുവിതാംകൂറിൽ നേരിയമംഗലം-പള്ളിവാസൽ റോഡിനൊ, അല്ലെങ്കിൽ തോട്ടക്കാക്കു് ആവശ്യപ്പെട്ട റോഡിനൊ ആയിട്ടു് അല്ലാതെ വേറെയാതൊരുവേലയ്ക്കും പറയത്തക്കവണ്ണം ചിലവുചെയ്തിട്ടുള്ളതായിബഡ്ജറുകൊണ്ടു കാണുന്നില്ല. രാജ്യത്തിനു് അഭിവൃദ്ധിയുണ്ടാക്കത്തക്കവിധത്തിൽ യാതൊരു സംഖ്യയും ചിലവുചെയ്യുന്നില്ല.

പിന്നെ അനാവശ്യമായ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നു. ആരുംആറിയാതെതന്നെ ചില ഉദ്യോഗങ്ങൾ ഏർപ്പെടുത്തുന്നു, അധികാരികൾക്കുഅവശ്യമുള്ളതെന്നു തോന്നുന്നു—ഇഷ്ടമെന്നുതോന്നുന്നു—ആളിനു ശമ്പളക്കൂട്ടൽ കൊടുക്കുന്നതിനു ഗവണ്മെൻറിനു യാതൊരുമടിയുമില്ല. രാപ്പകൽ കഷ്ടപ്പെട്ടു് ദിവസം കഴിച്ചുകൂട്ടുന്നവരും ഏതുസമയത്തും ജോലിചെയ്യുന്നതിനു് സന്നദ്ധരായിരിക്കേണ്ടവരുമായ കാൺസ്റ്റബിൾമാർക്കു ശമ്പളക്കൂട്ടൽ കൊടുക്കണമെന്നു എത്രയോ കാലമായി പൊതുജനപ്രതിനിധികൾ ഗവണ്മെൻറിനോടു് പറയുന്നുണ്ടു്. എന്നാൽ ഇപ്പോൾ കൊടുത്തിട്ടില്ലഎന്നു് പറയാൻവയ്യ. അരരൂപയോ ഒരു രൂപയൊ കൂലിയേറിയ ഗവണ്മെൻറു് കൂട്ടൽ കൊടുത്തിരിക്കുന്നു.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): ഒൻപതുരൂപാക്കാരനു് ഫ ഫ-രൂപാ കിട്ടും.

MR. R. RAMAN PILLAI (*Kottayam*): എന്നാൽ ഒന്നോ രണ്ടോ മൂന്നോ മണിക്കൂർമാത്രം ഉള്ളജോലിയിൽ ശരീര പ്രയത്നം ലേശവും

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ഇല്ലാതെ കഴിച്ചുകൂട്ടുന്ന ആളുകൾക്കു പത്തോ അൻപതോ നൂറോ തോന്നിയതുപോലെ കൊടുക്കുന്നതിനു ഗവണ്മെൻറിനു യാതൊരുമടിയുംകാണുന്നില്ല. അതിനാൽ ഈ കൌൺസിലിലെ സാമാജികന്മാർ, ഓരോ ഡിമാൻറും അനുവാദത്തിനു വരുന്നസമയം പ്രത്യേകം ഓർമ്മിച്ചു പ്രവർത്തിക്കേണ്ടതാണെന്നു ഞാൻ പറയേണ്ട ആവശ്യമില്ല. എന്നെക്കാളും കൂടുവിവരവും യോഗ്യതയും ഉള്ള ആളുകൾ നിറഞ്ഞിരിക്കുന്ന ഒരു സബ്ജക്ടാണു് ഇതു്. കഴിഞ്ഞകൊല്ലം അഞ്ചൽഡിപ്പാർട്ടുമെൻറിലെ ക്ലാർക്കന്മാർക്കു് ഒരു നല്ലസംഖ്യ കൊടുക്കുന്നതിനു പണം ഉണ്ടായിരുന്നു. ദിവസേന അൻപതും അറുപതും മൈൽവീതം പുറകിസഞ്ചരിക്കേണ്ടവരായ സാധുക്കളുടെ കാര്യംവന്നപ്പോൾ തുച്ഛമായ സംഖ്യയിലാണു് കലാശിപ്പിക്കാൻ പോകുന്നതു്.

ഇപ്പോൾ ആയുർവ്വേദബോർഡിനു് ഒരു പഞ്ചകോൺപലകകൂടി സ്ഥാപിക്കാൻപോകുന്നതായിട്ടു് ബഡ്ജറിൽകാണുന്നു. മെഡിക്കൽബോർഡുതന്നെ ആവശ്യമില്ല. അതിനെ നിറുത്തി ഉത്തമനായ ഒരു ഡർബാർ ഫിസിഷ്യൻറെ ഭരണത്തിൻകീഴിൽവയ്ക്കണമെന്നു് ഈ കൌൺസിലിൽ ഒരു കട്ടുമോഷൻ കൊണ്ടുവന്നു് പാസാക്കീട്ടുണ്ടു്. അങ്ങിനെ നിങ്ങൾ പറയുന്നു എങ്കിൽ ഞങ്ങൾ നിങ്ങൾക്കു ഒന്നുകൂടെ തരുന്നുണ്ടു് എന്നമാതിരിയിലാണു് മെഡിക്കൽ ബോർഡിനു അടുത്തതായി ഒരു ആയുർവ്വേദ പലകകൂടി ഉണ്ടാക്കാൻ പോകുന്നതു എന്നുതോന്നുന്നുണ്ടു്.

ഇപ്പോൾ നമ്മുടെ രാജ്യത്തു വിദ്യാഭ്യാസമേധാവിയായിവന്നിട്ടുള്ള മഹാത്മാവിനെകുറിച്ചു് എനിക്കു ലേശവും അതൃപ്തി തോന്നിയതുകൊണ്ടു ഇതുപറയുകയാണെന്നു ആരും വിചാരിക്കരുതു്. അദ്ദേഹത്തെ കുറിച്ചു തൽക്കാലം തൃപ്തി ഉണ്ടാകാനല്ലാതെ വഴിയില്ല. അദ്ദേഹത്തിൻറെ യോഗ്യതായോഗ്യതകൾ അറിയുന്നതിനുമുമ്പു അദ്ദേഹത്തിനോടു ഒരിക്കലും അതൃപ്തിവിചാരിക്കാൻ പാടില്ല. ഇപ്പോഴത്തെ ഈകൌൺസിൽ വെറും ഒരു പ്രഹസനം എന്നമാത്രമെ ഗവണ്മെൻറു വിചാരിക്കുന്നുള്ളു. തിരുവിതാംകൂർ രാജ്യത്തിലെ ജനങ്ങളുടെ സ്ഥിതിഗതികളേയും അവരുടെ മനസ്ഥിതികളേയും അവരുടെ നന്മയേയും രാജ്യത്തിൻറെ പുരാണികചരിത്രം ശരിയായി അറിയാവുന്നവനായ ഒരു തിരുവിതാംകൂറുകാരനേയൊ അഥവാ ഒരു ഭാരതീയനേയൊ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻറെ മേലധ്യക്ഷനായി വച്ചാൽ ഉള്ള ഗുണം എത്രത്തന്നെ വിദഗ്ധനായ ഒരു പരദേശീയനെ നിയമിച്ചാൽ ഉണ്ടാകുമൊ

LIBRARY ARCHIVES Kerala Legislative Assembly

എന്ന സംശയമാണ്. ഒരുകാലത്തു ബ്രിട്ടീഷുകാക്ക ഗുമസ്തന്മാർ ആവ
ശ്യമുണ്ടെന്ന കണ്ടിട്ട് അവരെ സൃഷ്ടിക്കുന്നതിനതകന്നതായ ഒരു വിദ്യാ
ഭ്യാസപദ്ധതി അവർ ഏർപ്പെടുത്തി. അതിനെ പിന്തുടന്ന ഇന്ന സ
ക്കാർ ഉദ്യോഗത്തിനും അതുപോലുള്ള തൊഴിലിനും മാത്രം അല്ലാതെ മ
റൊന്നിനും ശരിആകുംവണ്ണം കൊള്ളരുതാത്ത ആളുകളെ പ്രസവിച്ചു
അയയ്ക്കുന്നതാണ നമ്മുടെ വിദ്യാശാലകളും സർവകലാശാലയും. ഇതിന
ഒരു വ്യത്യാസം ഉണ്ടാക്കി സർവകലാശാലകളിൽനിന്നും സ്കൂളുകളിൽനി
ന്നുംപുറത്തിറങ്ങുന്ന ആളുകൾക്കു തനിയെ തൊഴിൽചെയ്തു അവരവരുടെ
ഉപജീവനമാർഗ്ഗമെങ്കിലും ഉണ്ടാക്കിത്തീർക്കത്തക്കവണ്ണം അവരെ ശക്തന്മാരാ
ക്കിത്തീർക്കുന്നതിനു പറ്റിയ ഒരു വിദ്യാഭ്യാസനയം ഉണ്ടാക്കണമെന്നഈ
കൗൺസിലിൽതന്നെ പ്രസ്താവിച്ചിട്ടുണ്ട്. അതിനു വേണ്ട സംഗതിക
ൾ ആലോചിച്ചുകൊണ്ടിരിക്കുന്നു. താമസിക്കാതെ ഉണ്ടാകുമെന്ന അ
ത്മാർത്ഥമായിട്ടുള്ള വിശ്വാസത്തിൽ ഇതിനു മുമ്പിരുന്ന വിദ്യാഭ്യാസമേലധ്യക്ഷൻ പറ
യുകയും ചെയ്തിട്ടുണ്ട്. അതുആട്ടേഹം പറഞ്ഞുഎങ്കിലും അട്ടേഹത്തോട്ടു
ക്കൂടി പോയി എന്നു വിചാരിക്കാനെ തരമുള്ളൂ.

ടോൾ നിറുത്തണമെന്നു നാലഞ്ചുകൊല്ലങ്ങൾക്കുമുമ്പെ ഈ കൗൺ
സിലിൽ ഒരു പ്രമേയം പാസാക്കീട്ടുണ്ടായിരുന്നു. ഇപ്പോൾ ദിവസംപ്ര
തി അല്ലെങ്കിലും വർഷംപ്രതി ടോൾ വർദ്ധിപ്പിച്ചു വരികയാണു ചെയ്യുന്ന
തു്. ഇരുപതുപേർ കയറുന്ന ഒരു ബസ്സിൽ കയറി കുമിളിവരെപോയി
തിരിയെ വരുന്നതിനു ഇരുപത്തൊന്നരരൂപ ടോൾ കൊടുക്കണം; രണ്ടു
ദിവസം കൊണ്ടു പോയി തിരികെ വരികയുള്ളൂ. എന്നാൽ ദരിദ്രരായ
സാധുക്കളിൽ ഏഴൊ എട്ടോപേർ തികച്ചു ഈ ബസ്സിൽ കയറുന്നതിന്
കിട്ടാറില്ല. അങ്ങനെ കിട്ടാതെവരുന്നതുകൊണ്ടു് ഈ ബസ്സുടമസ്ഥന്മാർ
നശിക്കാറായിരിക്കുന്നു എന്നുപറഞ്ഞാൽ കുറെ കടന്നുപോകും. ഏക
ദേശം ആ പതനംവരെ എത്തിയിട്ടുണ്ടെന്നു പറയാം.

DEPUTY PRESIDENT: Mr. Raman Pillai, your time is up.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): The member has advocated the increase of pay of the subordinates of the Police Department. But may I ask the member whether he has not anything to say about the increase of pay of subordinates of the Land Revenue Department. (*Laughter.*)

MR. R. RAMAN PILLAI (*Kottayam*): I am sorry I did not hear the member.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): May I know from the member whether he has not anything to say about the increase of pay of the Pakuti peons?

LIBRARY ARCHIVES Kerala Legislative Assembly

MR. R. RAMAN PILLAI (*Kottayam*): Considering the importance of the subject, I will say about that presently. I request the President to allow me five minutes more for that.

DEPUTY PRESIDENT: I shall allow you two minutes.

MR. R. RAMAN PILLAI (*Kottayam*):- ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത കുറവുകൊണ്ടു പരീക്ഷായോഗ്യത മാത്രമല്ല കാര്യക്ഷമതയുണ്ടാക്കുന്നതു് പല സംഗതികളിലും വീഴ്ചയും കുടിശികയും കിടക്കുന്നുണ്ടു്. ഇനിമേൽ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ വയസ്സു് ഇത്രയാണെന്നു് സ്കൂൾറിക്കാഡോ കലാശാലറിക്കാഡോ പരിശോധിച്ചതിനു ശേഷമല്ലാതെ അംഗീകരിയ്ക്കരുതു് എന്നു് ഞാൻ ഗവണ്മെൻറിനെ ഉണർത്തിച്ചുകൊള്ളുന്നു.

പ്രകൃതി ഉദ്യോഗസ്ഥന്മാർ എന്നൊരു കൂട്ടം അളുകൾ നമ്മുടെ രാജ്യത്തുണ്ടു്. അവരിൽ നിന്നും ഒരുകെട്ടു എഴുത്തു് എനിക്കുകിട്ടിയിട്ടുണ്ടു്. അതുപോലെ എല്ലാസ്നേഹിതന്മാർക്കും കിട്ടീട്ടുണ്ടു്. വീണ്ടും എഴുത്തുകൾ വന്നുകൊണ്ടും ഇരിക്കുന്നുണ്ടു്. അവരെ പ്രകൃതി ഉദ്യോഗസ്ഥന്മാരാക്കിയിരിക്കുന്നതു് സങ്കടമാണു്. അവരെക്കാൾ കുറഞ്ഞ ശമ്പളം മേടിക്കുന്നവരും മുഴുവൻ ഉദ്യോഗസ്ഥന്മാരാണു് (ചിരി). പിന്നീടു് അവർക്കു ഈ പ്രകൃതിക്കച്ചേരികളിൽ ഇരിക്കാൻ നിവൃത്തിഇല്ല. വരുന്ന ഉദ്യോഗസ്ഥന്മാർക്കൊക്കെ വട്ടംകൂട്ടി കൊടുക്കണം. എഴുന്നള്ളത്തിനു വട്ടംകൂട്ടണം. പിന്നെവിദേശത്തുനിന്നും വല്ല അതിഥികളും വരികയാണെങ്കിൽ അവർക്കും വേണ്ടതൊക്കെ ചട്ടംകെട്ടണം. എന്നാൽ ഇവരുടെ ശമ്പളം നോക്കിയാൽ വളരെകഷ്ടമാണു്. അതിനു് ഒരുപരിഹാരം ഉണ്ടാക്കുന്നതിനു് അനാവശ്യമായ ശമ്പളങ്ങളെ കുറച്ചു് ആവശ്യപ്പെട്ടതായ ഈ സാധുക്കൾക്കു് കൊടുക്കുന്നതിനു് ഗവണ്മെൻറു് വേണ്ടതു ചെയ്യണമെന്നു് ഞാൻ ഗവണ്മെൻറിനോടുപദേശിച്ചു കൊള്ളുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, ഇത്തവണത്തെ ബഡ്ജറിൻെറ ക്രമീകരണവും, അതിനേ ആസ്പദമാക്കി ഫൈനാൻഷ്യൽ സെക്രട്ടറി ചെയ്തപ്രസംഗവും മുൻകൊല്ലങ്ങളെ അപേക്ഷിച്ചു ഭംഗി ആയിട്ടുണ്ടു്. ഈ വിഷയത്തിൽ ഫൈനാൻഷ്യൽ സെക്രട്ടറിയേ പ്രത്യേകം അനുമോദിക്കേണ്ടിയിരിക്കുന്നു.

ഇതു പക്ഷെ ബഡ്ജറിൻെറ ബാഹ്യമായ കാഴ്ചയിൽ മാത്രം തോന്നുന്ന ഒരു അഭിപ്രായമാണു്. എന്നാൽ ഈ ബഡ്ജറിൻെറ അന്തർഭാഗത്തിൽ കടന്നു പരിശോധിക്കുമ്പോൾ കഠിനമായ നിരാശയില്ലാതെ അല്പമെങ്കിലും സന്തോഷത്തിനു വഴികാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംക്കൂർ ഗവണ്മെൻറിന്റെ കോശസ്ഥിതി, ജനങ്ങളുടെ അഭിപ്രായത്തെ ആദരിച്ചുള്ള വരവുചെലവുകൾ വഴിയായിട്ടല്ലെങ്കിലും, ആണ്ടുതോറും വർദ്ധിച്ചുവരികയായിരുന്നു എന്നുള്ളതിനു സംശയമില്ല. രാജ്യത്തിന്റെ ഐശ്വര്യത്തിനും ജനങ്ങളുടെ ക്ഷേമത്തിനും നിദാനമായി തീരത്തക്കവണ്ണം അടുത്തകൊല്ലത്തിൽ നടപ്പാക്കേണ്ട പുതിയപദ്ധതികൾ ആദ്യമായി നിർണ്ണയിച്ചു് അതിലേക്കു് ആവശ്യമുള്ള ചിലവു കണക്കാക്കുകയും ഈ ചിലവിനു വേണ്ടിടത്തോളം മാത്രം വരവു വസൂൽ ചെയ്കയുമാണു് ബഡ്ജറ്റ് രൂപീകരണത്തിൽ ഇന്നു സകല പരിഷ്കൃത ഗവണ്മെൻറുകളും അംഗീകരിച്ചിരിക്കുന്ന സുസമ്മതമായ നയം. എന്നാൽ തിരുവിതാംക്കൂറിലെ ബഡ്ജറു് രൂപീകരണ സമ്പ്രദായം ആവിധത്തിലൊന്നുമല്ല. ഇവിടെ ജനഹിതത്തെ ഗണ്യമാക്കാതെ ഗവണ്മെൻറിനു ബോധിച്ചതുപോലെ വരവു് ചെലവുകൾ വർദ്ധിപ്പിക്കുകയും ഈ വരവിനു അനുസരണമായ ചിലവുകളോടു കൂടിയ ബഡ്ജറു് നിർമ്മിക്കുകയും ചെയ്തുവരുന്നു. ഇതു് ഒട്ടും തന്നെ അഭിലഷണീയമായ നടപടിയല്ല. ആക്ഷേപയോഗ്യമായ ഈ സമ്പ്രദായത്തിൽ തന്നെ ഇവിടത്തെ കോശസ്ഥിതിക്കു് അധഃപതനവും തൻനിമിത്തം നമ്മുടെ ഗവണ്മെൻറിനു പരാജയവുമാണു് പറഞ്ഞറിയിക്കുന്നതെന്നു വരുംകൊല്ലത്തെ ബഡ്ജറു് ക്ലേശംകൂടാതെ പരിശോധിച്ചാൽ ആർക്കും മനസ്സിലാക്കുവാൻ കഴിയുന്നതാണു്. ഇതിന്റെ വാസ്തവം ൧൦൨൭, ൧൦൨൮ ൧൦൨൯ ഈ കൊല്ലങ്ങളിലെ കണക്കുകൾ കൊണ്ടുതന്നെ ഞാൻ തെളിയിക്കാം.

൧൦൨൭-ൽ ഈ രാജ്യത്തെ വരവു് ൨൩൧.൭൯ ലക്ഷം രൂപായും ചിലവു് ൨൨൬.൭൦ ലക്ഷം രൂപായും ബാക്കി ൪൪.൯൯ ലക്ഷം രൂപായും ഗവണ്മെൻറുകണക്കിൽ ആകെ ബാക്കി ൧൩൦.൭൯ ലക്ഷം രൂപായും ആയിരുന്നു. ൧൦൨൮-ൽ ആകട്ടെ വരവു് ൨൫൭.൩൪ ലക്ഷംരൂപായും ചിലവു് ൨൫൯.൭൨ ലക്ഷം രൂപായും മിച്ചം ൭.൭൨ ലക്ഷം രൂപായും ആകെ ബാക്കി ൧൩൮.൫൯ ലക്ഷം രൂപായുമാണു്. ഇതുകൊണ്ടു് ൧൦൨൭-ലെക്കാൾ ൧൦൨൮-ൽ വരവു കൂടുകയും ചിലവുകുട്ടുകയുമാണു് ചെയ്തിട്ടുള്ളതെന്നു കാണാം.

൧൦൨൯-ൽ പ്രതീക്ഷിക്കുന്ന വരവു് ൨൪൩.൫൦ ലക്ഷം രൂപായും ചിലവു് ൨൫൭.൬൩ ലക്ഷം രൂപായും മിച്ചം ൫.൫൦ ലക്ഷം രൂപായും ആണു്. ഇതോടുകൂടി അടുത്തകൊല്ലം അവസാനത്തിൽ ഗവണ്മെൻറു കണക്കിൽ ൧൪൩.൫൯ ലക്ഷം രൂപാ ബാക്കിയുണ്ടായിരിക്കുമെന്നും ഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Pachu Pillai.]

വണ്മെൻറു പ്രതീക്ഷിക്കുന്നു. ഫ൦ന്-ലെ വരവിനേയും ചിലവു ബാക്കിയേയും സംബന്ധിച്ചു ഗവണ്മെൻറു അടിച്ചുവിട്ടിട്ടുള്ള ഈ കണക്കുകൾ അവർ വൃഥാ സ്വപ്നം കാണുന്നതാണെന്നാണു് എൻറെ വിശ്വാസം.

ഗവണ്മെൻറു പ്രതീക്ഷിക്കുന്ന ൨൫൦ ലക്ഷത്തിൽപരം രൂപാ വരുംകൊല്ലത്തിൽ വരവുണ്ടാക്കുന്നതിനു ഒരിക്കലും സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ വരവുവകയിൽ ഗവണ്മെൻറു കണ്ടുപിടിച്ചിരിക്കുന്ന ഒരു പ്രധാന ഇനം എക്സൈസു റവന്യൂ ആണു്. ഈ ഇനത്തിൽ ഫ൦൫-ൽ ൫൯,൯൫,൯൦൦ രൂപാ വരവുള്ളതു് ഫ൦൯-ൽ ന്യൂ, ൬൫, ൫൦൦ രൂപായായി വർദ്ധിക്കുമെന്നു ഗവണ്മെൻറു പ്രതീക്ഷിക്കുന്നു. ഇതിൽ ൩൯,൫൯,൫൦൦ രൂപായും അബ്കാരിയും കറുപ്പും ഇനത്തിലുള്ളതാണു്. ഈ രാജ്യത്തു് മിക്ക താലൂക്കുകളിലും ഇപ്പോൾ ആരംഭിച്ചിട്ടുള്ള മദ്യവർജ്ജനപ്രസ്ഥാനം നാടുനാടു ശക്തിപ്പെട്ടുവരികയാണെന്നു ഗവണ്മെൻറിനു നല്ലപോലെ അറിയാവുന്നതാണു്. മദ്യപാനംകൊണ്ടു സാമ്പത്തികമായും സന്മാർഗ്ഗികമായും ആരോഗ്യപരമായും, ജനസാമാന്യത്തിനു നേരിട്ടുന്ന അധഃപതനം ഈ രാജ്യവാസികൾ ഇപ്പോൾ നല്ലപോലെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. നിയമലംഘനംചെയ്യാതെ ന്യായമായ പ്രചരണവേലകൾമൂലം ഈ ദോഷത്തെ ഉന്മൂലനംചെയ്യണമെന്നുള്ളതാണു് രാജ്യക്ഷേമകാംക്ഷികളായ സകല ജനങ്ങളുടേയും ഇപ്പോഴത്തെ ഏകോപിച്ചുള്ള ശ്രമം. അതിൻറെ ഫലമായി എക്സൈസുഡിപ്പാർട്ടുമെൻറിലെ ജീവനക്കാർ പറിച്ചുപണി പതിനെട്ടും കഴിച്ചിട്ടും പല കള്ളുഷാപ്പുകളും ലേലത്തിൽ പോയിട്ടില്ല. ഷാപ്പുപിടിച്ച കൺട്രാക്ടർമാർതന്നെ പലരും പിൻതിരിഞ്ഞുപോയിരിക്കുന്നു. ഇതെല്ലാം ആലോചിക്കുമ്പോൾ അബ്കാരി ഇനത്തിൽ പ്രതീക്ഷിക്കുന്ന വരവ് വരുംകൊല്ലത്തിൽ ഗവണ്മെൻറിനു കിട്ടുകയില്ല എന്നു നിശ്ചയമാണു്.

ചേത്തലതാലൂക്കിൽ ഫ൦൫-ൽ ഫ൫,൦൦൦ തെങ്ങ് ചെത്തിനു വന്നിരുന്നു. ഗവണ്മെൻറിൻറെ പ്രഖ്യാപിതനയം അതിനെ കുറച്ചുകൊണ്ടു വരണമെന്നാണെങ്കിലും ഫ൦൭-ൽ ഫ൫,൦൦൦-ൽ നിന്നും ൫൦൦൦ തെങ്ങു് കൂടുതൽ ചെത്തുകയാണു് ചെയ്തിട്ടുള്ളതു്. ഫ൦൮-ൽ൯൫,൦൦൦ തെങ്ങു് രാജ്യം ഒട്ടുക്കു ചെത്തിവന്നിരുന്നതിൽ ഏഴിൽഒരു ഭാഗം അതായതു ഫ൮൦൦൦ തെങ്ങു് ചേത്തല താലൂക്കി-

LIBRARY ARCHIVES Kerala Legislative Assembly

ലാണ് ചെത്തിയിരുന്നതെന്ന് ഗവണ്മെൻറിൽനിന്നും അടിച്ചു വിട്ടിരിക്കുന്ന ഭരണറിപ്പോർട്ടിൽനിന്നുംകാണാം. ഈ ചെത്തുവൃക്ഷങ്ങളുടെ കുരുന്തന്നെ ഏകദേശം ഒരു ലക്ഷം രൂപാ വരുന്നതാണ്.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*) : എക്സൈസ് റവന്യൂ ചേർത്തലതാലൂക്കിൽനിന്നും എന്തു കുറയുമെന്നാണ് പറയുന്നത്?

MR. MURUVELIL PACHU PILLAI (*Shertallai*) : എന്റെ ഉദ്ദേശത്തിൽ എക്സൈസ് ഇനത്തിൽ ചേർത്തലതാലൂക്കിൽ വരുന്നകൊല്ലം വരാൻ പോകുന്ന കുറവുകൊണ്ടുതന്നെ ഇതൊരു ഡെഫിസിറ്റ് ബഡ്ജറാകുമെന്നാണ്. എല്ലാഇനങ്ങളിലുംകൂടി മൂന്നു ലക്ഷം രൂപാ കുറവുവരുമെന്നു പ്രതീക്ഷിക്കാം.

DEPUTY PRESIDENT : (*Addressing the galleries*) I warn you, there ought not to be any further demonstration from the gallery.

ചേർത്തല താലൂക്കിൽനിന്നും അബ്കാരി ഇനത്തിൽ മാത്രമുള്ള വരവിൽ മൂന്നുലക്ഷം രൂപ കുറയുമോ?

MR. MURUVELIL PACHU PILLAI (*Shertallai*) : അതേ. എല്ലാംകൂടി നാലക്ഷം രൂപായോളം കുറവുവന്നേക്കും.

MR. A. THANU PILLAI (*Trivandrum*) : കൺടാക്റ്റേർസ് ഷാപ്പു ലേലത്തിൽ പിടിച്ചില്ലെങ്കിൽ ഗവണ്മെൻറിന് ഈടാക്കാൻ സാധിക്കുമോ?

MR. MURUVELIL PACHU PILLAI (*Shertallai*) : ആകാംക്ഷയും തക്കത്തിൽ കിട്ടുകയാണ്. അവരെ എക്സൈസ് ജീവനക്കാർ ഭയപ്പെടുത്തുന്നു എന്നു പറയുന്നു. ടെൻഡർ നോട്ടീസനുസരിച്ച് ലേലം പിടിച്ച് ഡേമനിത്തുക കെട്ടിവച്ചാൽ അതു അവരെ ബൈൻറുചെയ്യുമെന്നു പറയുന്നു. സ്റ്റാമ്പ് പേപ്പറിൽ എഴുതികൊടുക്കാത്തതുകൊണ്ടു അതു അവരെ ബൈൻറു ചെയ്തയില്ലെന്നുംപറയുന്നു. ഈ തക്കനിവർത്തിക്കുവേണ്ടി എക്സൈസ് കമ്മീഷണർ അവിടെ സക്കീട്ടുവന്നിരുന്നു. അദ്ദേഹം ആരേയും നിർബന്ധിച്ചില്ല. പക്ഷെ ഗവണ്മെൻറിൽനിന്നും ന്യായമായ നടപടി നടത്തുമെന്നു പറഞ്ഞതല്ലാതെ കമ്മീഷണർ ആരേയും നിർബന്ധിച്ചതായിഅറിവില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : കൺടാക്ടേർസ് പിൻമാറുന്നപക്ഷം ഗവണ്മെൻറു ന്യായമായി നടത്തുമെന്നാണൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. MURUVELIL PACHU PILLAI (*Shertallai*): കീഴ് ജീവനക്കാർചെന്ന് ഷാപ്പ് നടത്തിയില്ലെങ്കിൽ തറവാട്കളുമായിപ്പോകും എന്നൊക്കെ പ്പറഞ്ഞു് ഭയപ്പെടുത്തുന്നതായി അറിയുന്നു. ഒരു കൺടാക്ടർ ഒഴിച്ചു് മറുള്ള കൺടാക്ടേർസ് എല്ലാം ചേന്നു തങ്ങളെ ഇതിൽനിന്നും ഒഴിച്ചുതന്നാൽ മതിഎന്നു് കമ്മീഷണർക്കു ഹർജി അയച്ചിരിക്കുന്നതായി കേൾക്കുന്നു. ഇങ്ങിനെയിരിക്കുന്നതുകൊണ്ടു് ബഡ്ജറിൽപ്രതീക്ഷിച്ചിരിക്കുന്ന റവന്യു എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും വരുംകൊല്ലത്തിൽ കിട്ടുകയില്ല എന്നാണു് എന്റെ അഭിപ്രായം.

അങ്ങിനെവരുമ്പോൾ ഈ ബഡ്ജറു് ഒരു കട ബഡ്ജറായി തീരുമെന്നുള്ളതും നിശ്ചയമാണു്. എന്നിരുന്നിട്ടും ഗവണ്മെൻറു് ക്രസൽക്രടാതെ എക്സൈസ് ഇനത്തിൽ അടുത്തകൊല്ലത്തിൽ രണ്ടുലക്ഷം രൂപാ ക്രൂടുതൽ പ്രതീക്ഷിക്കുന്നതു് എന്തു ഉദ്ദേശത്തോടുക്രൂടിയാണെന്നു മനസ്സിലാകുന്നില്ല. അഥവാ മദ്യനയംകൊണ്ടു മധുവാഴ്ജന പ്രസ്ഥാനത്തെ ധ്വംസനം ചെയ്യുകയാമെന്നാണു് ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ പര്യവസാനം ഗവണ്മെൻറിനു പരാജയമായിരിക്കുമെന്നു ഞാൻ മുൻക്രൂട്ടി ഉൽബോധിപ്പിച്ചുകൊള്ളുന്നു. എന്നുമാത്രമല്ല, ഈ നയം ഗവണ്മെൻറിന്റെ പ്രഖ്യാപിത നയത്തിനു പ്രത്യക്ഷ വിരുദ്ധമായിരിക്കുന്നതുമാണു്. അതിനാൽ മധുവർജ്ജനപ്രസ്ഥാനം സംബന്ധിച്ചു ഗവണ്മെൻറിന്റെപേരിൽ ജനങ്ങൾക്കു് ഇപ്പോഴുണ്ടായിട്ടുള്ള ആശങ്കകളെ ദൂരീകരിക്കുന്നതിനു് അവരുടെ നയത്തെ പ്രബലപ്പെടുത്തി ഒരു പ്രഖ്യാപനം ഉടനേ പ്രസിദ്ധപ്പെടുത്തുകയും, മദ്രാസ്, മൈസൂർ മുതലായ ഗവണ്മെൻറുകളെ അനുകരിച്ചു് പ്രചരണവേലകൾക്കായി ഒരു ഫണ്ടു് അനുവദിച്ചു് ഈ പ്രസ്ഥാനത്തെ സകലവിധത്തിലും സഹായിക്കുകയും ചെയ്യേണ്ടതു ഗവണ്മെൻറിന്റെ ധർമ്മമാകുന്നു.

ഗവണ്മെൻറു് ഇതുക്രടാതെ വരവു പ്രതീക്ഷിക്കുന്നതു് ലാൻറു റവന്യൂ, ആദായനികുതി, രജിസ്ട്രേഷൻ മുതലായ വകുപ്പുകളിൽ നിന്നാണു്. ഇതൊന്നും ശാശ്വതമായ വരവിനങ്ങളല്ല. ഈ രാജ്യത്തെ കൃഷിവ്യവസായങ്ങളെ പോഷിപ്പിക്കാതെ ഈ ഇനങ്ങളിലുള്ള വരവു വർദ്ധിക്കുന്നതിനും മാർഗ്ഗമില്ല. ഇവിടത്തെ കൃഷിക്കാരുടെ പരിതാപകരമായ നില അറിയണമെങ്കിൽ ആണ്ടുതോറും അവരെഴുതിക്കൊടുക്കുന്ന തീരാധാരങ്ങളുടേയും, പണയാധാരങ്ങളുടേയും, കണക്കുകൾ പരിശോധിച്ചാൽ മതിയാകും. ഇവിടെ ഒരു ട്രസ്റ്റുജാമ്യബാങ്കു് സ്ഥാപിക്കണമെന്നു ജനങ്ങൾ വളരെ നാളായി മുറവിളിക്രൂട്ടികൊണ്ടിരിക്കുന്നതു് പ്രധാ

LIBRARY ARCHIVES Kerala Legislative Assembly

നമായി കൃഷിക്കാരുടെ രക്ഷയേ ഉദ്ദേശിച്ചാണ്. ഈ നിയമസഭയിൽ പാസാക്കിയ ഒരു പ്രമേയം മൂലമായും ഇതിന്റെ അത്യാവശ്യം ഗവണ്മെൻറിനെ ധരിപ്പിച്ചിട്ടുള്ളതാണെങ്കിലും ഈ കാര്യത്തിൽ ശ്രദ്ധിച്ച് ഗവണ്മെൻറ് ഇതേവരെ യാതൊന്നും പ്രവർത്തിച്ചിട്ടില്ല.

എല്ലാറ്റിലും ഉപരിയായി ഈ നാട്ടിലെ നാളീകേരം, കുരുമുളക് മുതലായ സാമാനങ്ങൾക്കുള്ള വില ഇപ്പോൾ ക്രമാതീതമായി ഇടിഞ്ഞു പോയിരിക്കുന്നു. ഇതുനിമിത്തം രാജ്യവാസികൾ വലിയ ക്ഷാമത്തിലും ആപത്തിലും അകപ്പെടാറായിരിക്കുന്നു. എത്രയും ഗൗരവതരമായ ഈ കാര്യത്തെപ്പറ്റി ഗവണ്മെൻറ് യാതൊന്നുംതന്നെ ഇതേവരെ ചിന്തിക്കുകപോലും ചെയ്തിട്ടില്ല. അവിചാരിതമായി നേരിടുന്ന ഇപ്രകാരമുള്ള ആപൽഘട്ടങ്ങളിൽ ജനങ്ങളേ കാത്തുരക്ഷിക്കേണ്ടത് ഗവണ്മെൻറിന്റെ പ്രഥമതലയാണെന്നു അവർ ഇനിയെങ്കിലും ഓർമ്മിക്കേണ്ടതാണ്.

ഇവിടെ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസ സംപ്രദായത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താഴികയാലും മറ്റും തൊഴിലില്ലാത്തവരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനെപ്പറ്റി അന്വേഷിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ നിയമിക്കപ്പെട്ടിരുന്ന കമ്മിറ്റിക്കാർ അവരുടെ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഇപ്പോൾ കാലം കുറേ കഴിഞ്ഞിരിക്കുന്നു. ഈ കാര്യത്തിലും ഗവണ്മെൻറ് മൗനം ദീക്ഷിക്കുന്നതല്ലാതെ യാതൊന്നും തന്നെ പ്രവർത്തിച്ചുകാണുന്നില്ല. ഇന്നു സകല പരിഷ്കൃത ഗവണ്മെൻറുകളും അവരവരുടെ രാജ്യത്തെ കൃഷിവ്യവസായങ്ങളെ പോഷിപ്പിക്കുകയും തൊഴിലില്ലായ്മയെ പരിഹരിക്കുകയും ചെയ്യുന്നതിനു സർവാത്മനാ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. ഇതിനുവേണ്ടി ലക്ഷക്കണക്കിനും കോടിക്കണക്കിനും അവർ ധനവും, രൂപയും, കടംവാങ്ങീട്ടുപോലും ചിലവുചെയ്തുകൊണ്ടിരിക്കുന്നു. ഈവക കാര്യങ്ങൾക്ക് ഒന്നിനും യാതൊരു പ്രൊവിഷനും ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിൽ കാണാത്തത് അത്യന്തം ശോചനീയമായിട്ടുള്ളതാകുന്നു.

ഇനി ചിലവു ഇനങ്ങളിൽ ചിലതിനേപ്പറ്റിപറയാം. അടുത്ത കൊല്ലത്തിൽ ചിലവാക്കുവാൻ നിശ്ചയിച്ചിരിക്കുന്ന ഏ ർ ൻ ലക്ഷം രൂപായിൽ സിംഹഭാഗവും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, പടി മുതലായവകയ്ക്കാണ്. ഇതു നോക്കിയാൽ ഇവിടെ നികുതി പിരിക്കുന്നതും മറ്റും ഓരോ ഇനങ്ങളിൽ വരവു് വർദ്ധിപ്പിക്കുന്നതും പ്രധാനമായി ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കാൻ വേണ്ടിമാത്രമാണോ എന്നുതോന്നിപോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Pachu Pillai.]

കും. ഇവിടെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മുതലായവകക്കുള്ള ചില വ സീമാതീതമായി വർദ്ധിച്ചു വരുന്നതിനെ ജനപ്രതിനിധികാം വളരെ നാളായി ആക്ഷേപിച്ചു കൊണ്ടിരിക്കുകയാണ്. അതിനെ ഗണ്യമാക്കാതെ അനുചിതമായി ശമ്പളം വർദ്ധിപ്പിക്കുന്നതിലും അനാവശ്യമായി പുതിയ ഉദ്യോഗങ്ങാം സൃഷ്ടിക്കുന്നതിലും ഗവണ്മെൻറിനു ഇപ്പോഴും അശേഷം മടിയില്ല. ഇവിടത്തെ വിദ്യാഭ്യാസഡയറക്ടർ ഒരു ഇന്ത്യനായിരിക്കണമെന്നുള്ള നിയമസഭയുടെ അഭിപ്രായത്തിനും ഗവണ്മെൻറ അംഗീകരിച്ചതത്വത്തിനും വിരോധമായി ഇപ്പോാം ക്ലാസ്സ് ൦-രൂപാ ശമ്പളത്തിൽ ഒരു യൂറോപ്യനെ ഈ ഉദ്യോഗത്തിൽ നിയമിച്ചിരിക്കുന്നു. ശമ്പളത്തിനു പുറമേ പെൻഷൻ കാൺടിബ്യൂഷൻ, ഹൌസ് റെൻറ് അലവൻസ്, സഞ്ചാരപ്പടി, മൈലേജു മുതലായ ഇനങ്ങളിൽ ഒരു വലിയ സംഖ്യ ഈ ഉദ്യോഗസ്ഥനു വേണ്ടി ചിലവുവരുന്നതാണ്.

അനാവശ്യമായ ഉദ്യോഗസൃഷ്ടിക്കും അനവധിദൃഷ്ടാന്തങ്ങാം എടുത്തുപറയാനുണ്ട്. അവയിൽ ഒന്നുമാത്രം ഞാൻ ഇപ്പോാം ഇവിടെ പ്രസ്താവിക്കാം. ഇതുപോലീസ്സ് കമ്മീഷണരാഫീസിലേ പ്രൈവറ്റ് സെക്രട്ടൽ അസിസ്റ്റൻറ് ഉദ്യോഗമാണു. ഈ ഉദ്യോഗം മുൻ ആലോചനകാം ഒന്നും ക്രൂടാതെ പെട്ടന്നു സൃഷ്ടിച്ചു ൩൪൦-രൂപാ ശമ്പളത്തിൽ ഒരു ഡിസ്ട്രിക്ട് സൂപ്രണ്ടിനെ ഇതിലേക്ക് നിയമിച്ചിരിക്കുന്നു. ഇതിനുംപുറമെ ക്ലാ൭൦-രൂപാ ശമ്പളവും ൫൪-രൂപാ ലോക്കൽ അലവൻസും ഉള്ളൊരു മാനേജരും ഈ ആഫീസിലുണ്ട്. ഇവരുടെ രണ്ടുപേരുടേയും ശമ്പളം മുതലായവയ്ക്കായി ൬,ക്ലാ൭൪-രൂപാ ഈ തവണത്തേ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നു. ഇപ്രകാരമുള്ള രണ്ടുഉദ്യോഗങ്ങാം ഒരിക്കലും കമ്മീഷണർ ആഫീസിൽ ആവശ്യമുള്ളതല്ല. അഥവാ ഒരു പ്രൈവറ്റ് സെക്രട്ടൽ അസിസ്റ്റൻറ് വേണ്ടിയിരുന്നാലും അതിലേക്ക് അസിസ്റ്റൻറ് സൂപ്രണ്ടിൻെറ ഗ്രേഡിലുള്ള ഒരാാം ധാരാളം മതിയാകുന്നതാണ്.

ഇനിഒന്നു പറയാനുള്ളതു് പബ്ലിക്ക് വർക്കിസിനേ പറ്റിയാണ്. ഈ ഇനത്തിൽ കെട്ടിടങ്ങാംക്കും സഞ്ചാര സൗകര്യങ്ങാംക്കുമായി മാത്രം ൩,൫൨,൯൫-രൂപാ വരും കൊല്ലം ചിലവുചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിൻെറ Distribution യാതൊരു സ്ഥിരമായ തത്വത്തേയും ആസ്പദമാക്കിചെയ്തിട്ടുള്ളതല്ല. സഞ്ചാരസൗകര്യമില്ലാത്തതിനാൽ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന താലൂക്കുകാരോടു ഗവണ്മെൻറ അധികം അനുഭാവം കാണിക്കേണ്ടതു് അവശ്യമാണ്. ഇതിലേക്കു ഞാൻ പ്രതി

LIBRARY ARCHIVES Kerala Legislative Assembly

നിധീകരിക്കുന്ന ചേത്തലതാലൂക്കു തന്നെ ഒരു ദൃഷ്ടാന്തമാകുന്നു. ഈ താലൂക്കുകാര്യങ്ങളെ സംബന്ധിച്ചു കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗവണ്മെൻറു അംഗീകരിച്ച നയത്തിനു ഇപ്പോൾ സാരമായ വ്യത്യാസം വന്നുപോയിരിക്കുന്നു. കഴിഞ്ഞകൊല്ലത്തിൽ ഈ താലൂക്കിലെ പൊതു മരാമത്തു വേലകൾക്ക് മുൻകൊല്ലത്തേപോലെ പണം അനുവദിക്കുകയുണ്ടായില്ല. അനുവദിച്ചസംഖ്യതന്നെ മുഴുവനും അവിടെ ചിലവാക്കിയതുമില്ല. വരുംകൊല്ലത്തിൽ ചിലവാക്കാൻ നിശ്ചയിച്ചിട്ടുള്ളതു് കഴിഞ്ഞ കൊല്ലത്തേക്കാൾ കുറവാണു്.

കഴിഞ്ഞരണ്ടു കൊല്ലങ്ങളിലായി ബഡ്ജറ്റിൽ ചേർത്തിരുന്ന വേലകൾ ഈ തവണത്തേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുപോലുമില്ല. ചേത്തല താലൂക്കുകാരോടു ഗവണ്മെൻറു യാതൊരു ദാക്ഷിണ്യവും കാണിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നില്ല. ഈ താലൂക്കിൽ നിന്നും ഗവണ്മെൻറിലേക്കു് ആണ്ടുതോറും കിട്ടികൊണ്ടിരിക്കുന്ന അമിതമായ ആദായത്തിന്റെ അല്പമായ ഒരംശം അവിടെ ചിലവാക്കിയാൽ മാത്രം മതിയാകും. ഈ കാര്യത്തിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഈ നിയമസഭയിൽ പാസാക്കുന്ന പ്രമേയങ്ങളെ സംബന്ധിച്ചു ഗവണ്മെൻറു യാതൊരു നടപടിയും നടത്തികാണുന്നില്ല. ടോൾ നിറുത്തണമെന്നും, അഡ്മിനിസ്ട്രേറീവു മെഡിക്കൽ ബോഡ് നിറുത്തണമെന്നും, കള്ളുഷാപ്പുകൾ കുറയ്ക്കുന്നതോടുകൂടി ചെത്തു വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കണമെന്നും മറ്റുമുള്ളതു ഈ സഭയിൽ പാസാക്കീട്ടുള്ള പ്രധാന പ്രമേയങ്ങളാണു്. ഇതിനേകേവലം അവഗണിച്ചു ടോളിനു പുറമെ ടോളും, ബോഡിനുപുറമെ ബോഡും, ഏർപ്പെടുത്തുവാൻ ഗവണ്മെൻറു് അത്യുത്സാഹം കാണിക്കുന്നു. ഞങ്ങൾ പാസാക്കുന്നപ്രമേയങ്ങൾക്ക് ഇപ്പോൾ കേവലം ശുപാർശയുടെ ഫലമേയുള്ളു എന്നു സമ്മതിക്കുന്നു. എന്നാൽ ഈ ശുപാർശകൾ ഈ രാജ്യത്തെ ൪൦ ലക്ഷം ജനങ്ങളുടെ പ്രതിനിധികൾ കൂടി ചെയ്യുന്നവയാണെന്നു ഗവണ്മെൻറു പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. ഞങ്ങളുടെ ശുപാർശകളും ഭരണകാര്യങ്ങളെ നിയന്ത്രിക്കുന്നതിനു നടപ്പാക്കുന്ന നിർദ്ദേശങ്ങളും കൊണ്ടു് യാതൊരുഫലവുമുണ്ടാകുന്നില്ലെങ്കിൽ പിന്നെ ഈ നിയമസഭ നടത്തിക്കൊണ്ടു പോകുന്നതുകൊണ്ടുള്ള പ്രയോജനം തന്നെ എന്താണെന്നു് മനസ്സിലാകുന്നില്ല. ഗവണ്മെൻറു നിയമസഭയോടു കാണിക്കുന്ന ഈ അനാദരവുമൂലം രാജ്യവാസികളുടെ ഇടയിൽ ഇപ്പോൾ അതികഠിനമായ അതൃപ്തി ജനിച്ചിട്ടുണ്ടു്. ഗവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Pachu Pillai.]

ഗവൺമെന്റിന്റെ ഇപ്പോഴത്തെ സോഷ്യൽ പ്രൊഡക്ടിവിറ്റിക്കും പരിഹാരമുണ്ടാകണമെങ്കിൽ എത്രയും വേഗത്തിൽ ഇവിടെ ഉത്തരവാദിത്വഭരണം നടപ്പിലാക്കേണ്ടതു് ആവശ്യമാണു്. ഈ സുവർണ്ണവസരത്തെതന്നേ ഈ രാജ്യവാസികൾ ആകമാനം ഇപ്പോൾ അക്ഷമയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

(Messrs. T. C. Kesava Pillai and V. J. Oomman stood up at the same time and Mr. Oomman began his Malayalam speech.)

DEPUTY PRESIDENT: Sit down, Mr. Oomman, I did not call your name.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): എന്റെ മുൻഗാമികളായ അനേകം മാന്യ ബഡ്ജറ്റ് വിദഗ്ധന്മാർ ഈ സഭ മുമ്പാകെ തിരുവിതാംകൂർ ഗവണ്മെന്റു നടത്തി വരുന്നതായ ഏതാനും നടപടി ദോഷങ്ങളേയും ഗവണ്മെന്റു ഈ നിയമസഭയിൽ അനുവദിച്ചു വരുന്ന ഏതാനും സംഗതികളേയും പറഞ്ഞു പ്രത്യേകിച്ചും പൊതുവിലും പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഗവണ്മെന്റു് നയത്തെപ്പറ്റി ഒന്നും വലുതായിട്ടു പറയാതെ ബഡ്ജറ്റ് രൂപീകരണം ശരിയായ വിധത്തിലല്ല; ഏതാനും സംഗതികൾ വിട്ടുപോയിട്ടുണ്ടു്; അതുംകൂടി മേലാൽ ഗണിക്കേണ്ടതാണു്, എന്നും മറ്റുമുള്ള സംഗതികളെക്കുറിച്ചു് ഞാൻ അല്പം പ്രസ്താവിച്ചുകൊള്ളുന്നു. ഈ സഭയിൽ പാസാക്കീട്ടുള്ള അനേകം പ്രമേയങ്ങളെ ഗവണ്മെന്റു് അംഗീകരിച്ചിട്ടില്ല. ആ കൂട്ടത്തിൽ ടോൾ നിറുത്തണമെന്നുള്ള പ്രമേയവും ഉണ്ടു്. ഫൈനാൻഷ്യൽ സിക്രട്ടറിയുടെ പ്രസംഗത്തിൽ അന്യനാട്ടിലെ പെട്രോളിന്നു് വില കൂട്ടീട്ടുണ്ടെന്നും അതിനാൽ ഗ്യാലൻഒന്നിനു തിരുവിതാംകൂറിൽ രണ്ടണാ കാൺടിബ്യൂഷൻ കൊടുക്കേണ്ടതാണെന്നും എഴുതുകൂട്ടി നടത്തുന്നതായി കാണുന്നു. ടോൾ വകയിൽ ഉള്ളവരുമാനം കുറഞ്ഞുപോകുമെന്നു വിചാരിക്കുന്നപക്ഷം ഗവണ്മെന്റിലേക്കു കിട്ടേണ്ടുന്ന പെട്രോൾ സംഖ്യ എങ്കിലും കയ്യിൽ കിട്ടുമ്പോൾ ഈ ടോളിനെ നിറുത്തണമെന്നു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

രണ്ടാമതായി പൊതു ജനങ്ങളുടെ അഭിപ്രായത്തെ തുറന്നു പറയുന്നതിനു് നമ്മുടെ നാട്ടിൽ ഏതാനും പ്രതിബന്ധങ്ങൾ ഉണ്ടെന്നു് നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. വർത്തമാനപത്ര റഗ്ലേഷൻ ഉടനടി നിറുത്തൽ ചെയ്യണം. അതു നിറുത്താനുള്ള അവസരം ഏതാണെന്നു് ജനങ്ങൾ പ്രതീക്ഷിച്ചിരിക്കയും ആണു്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംക്കൂറിൽ ഉത്തരവാദിത്വഭരണം ഇല്ലാത്തതുകൊണ്ട് ഒരു എക്സിക്യൂട്ടിവ് കൗൺസിൽ വേണമെന്ന് പല മഹാന്മാരും പറഞ്ഞിട്ടുണ്ട്. കാരണം ഇവിടെ ഒരു continuity of thought and action ഇല്ലെന്നുള്ളതാണ്. നിയമസഭയിലെ മെമ്പന്മാരാരെങ്കിലും ഒരു അഭിപ്രായം പറയുന്നതായാൽ അതു് ഗവണ്മെൻറിനു് അനുകൂലമായിട്ട് ഉള്ളതാണെന്ന് ബോധ്യം വരുന്ന എങ്കിൽ ആ മെമ്പറിൻെറ റസല്യൂഷനെ ആയുധമാക്കി ഉപയോഗിച്ച് ചില സംഗതികൾ നടപ്പിൽ വരുത്തീട്ട് ജനങ്ങൾക്ക് കുറച്ച സമയത്തേയ്ക്കു തൃപ്തിയുണ്ടാക്കുന്നു. കാളയും പോത്തും എന്ന സമ്പ്രദായത്തിൽ സംഗതികൾ നടക്കുന്നു.

തിരുവിതാംക്കൂറിൽ അനേകം ടസ്റ്റുവസ്തുക്കൾ ഉണ്ട്. ഇപ്രകാരം ഉള്ള ടസ്റ്റുവസ്തുക്കളുടെ ഭരണദുഷ്യത്തിനു് സിവിൽകോടതി മൂലമാണ് പരിഹാരം നേടേണ്ടതു്. അതിനു് പ്രത്യേകമായിട്ട് ഗവണ്മെൻറനുവാദവും വേണം. ടസ്റ്റുവസ്തുക്കളുടെ കൈവശക്കാരിൽ പലരും ഗവണ്മെൻറുമായിട്ട് പിടിയുള്ളവരാണ്. തമിഴിൽ പറയുകയാണെങ്കിൽ ഒന്നം ഉടയന്മാർ എന്ന നിലയ്ക്കാണ് ഈ ടസ്റ്റികളുടെസ്ഥിതി. ടസ്റ്റുവസ്തുക്കൈവശക്കാർ ജന്മിമാരും പുരോഹിതന്മാരും ആയിരിക്കുന്നതുകൊണ്ട് അപേക്ഷകൊടുത്താൽ അവർ തലത്തട്ടിൽ കായ്ങ്ങൾ പറഞ്ഞു് അനുവാദം കിട്ടാതെ ആക്കിത്തീർക്കുന്നു. അതുകൊണ്ട് അങ്ങനെ ഉള്ള സംഗതികളിൽ ഉടനടി ഗവണ്മെൻറിൽനിന്നു് അനുവാദം കൊടുക്കണം എന്നു് ഞാൻ ഗവണ്മെൻറിനോടു് അപേക്ഷിക്കുന്നു.

റവന്യൂപുറമ്പോക്കെന്നും വഴിയമ്പലം പുറമ്പോക്കെന്നും പറഞ്ഞു് ഇപ്പോൾ ഗവണ്മെൻറിൽനിന്നും രേഖപ്പെടുത്തിയിരിക്കുന്ന അവകാശം ഒരു കൃത്രിമമായ അവകാശമാണ്. ഈ സ്ഥലങ്ങൾ മുമ്പു് കുടിയാന്മാരുടെ കൈവശത്തിൽ ഇരുന്നതാണ്. ഇപ്പോൾ അവ ഗവണ്മെൻറുവക എന്നു് വന്നിരിക്കുന്നു. ഈ അവകാശത്തെ അതിൻെറ ഉടമസ്ഥന്മാക്കു് ഉടനടി കൊടുക്കേണ്ടതാണ്. അതിൽ നില്ക്കുന്ന വൃക്ഷങ്ങളുടെ തടിവില പുതുവൽ ചട്ടത്തിൽ പറഞ്ഞിരിക്കുന്നതുപോലെ റട്ടുചെയ്തു കൊടുക്കുകയും വേണം. അതിനു് റവന്യൂകമ്മീഷണർ അനുകൂലിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

ബഡ്ജറ്റിൽ "sale proceeds of land" എന്നു് ഒരു ഇനംചേർത്തിരിക്കുന്നു. നാലുലക്ഷത്തിൽ ചിലപ്പോൾ രൂപാ അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രാക്ലമേഷൻ അനുസരിച്ച നൂറിനു നാല്പതുകഴിച്ചു് അരുപതുവീതത്തിനെ ആവശ്യപ്പെടാൻ അവകാശമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: That is *ayacut* revenue. It has nothing to do with *Sanchayam* revenue.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): It is also included.

DEPUTY PRESIDENT. I was merely drawing your attention to the circumstance that under the Devaswom proclamation.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഇപ്രകാരമുള്ള തുകയിൽ കഴിഞ്ഞ എട്ടുവർഷംകൊണ്ട് ലക്ഷത്തിഅൻപതിനായിരം രൂപാ പൊതുഫണ്ടിൽ ചേർത്തിരിക്കുന്നു. ഇതു് അക്രമമാണെന്നു് പല അവസരങ്ങളിലും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവന്നിട്ടു് അതു ശരിയല്ലെന്നും മെമ്പറന്മാക്കു വിലയില്ലെന്നും പറഞ്ഞു് തള്ളിക്കളഞ്ഞു.

DEPUTY PRESIDENT: മെമ്പന്മാക്കു വിലയില്ലന്നാണൊ പറഞ്ഞതു്.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അവരുടെ അഭിപ്രായത്തിനു വിലയില്ലന്നാണു്. അതുകൊണ്ടു് ഈ സംഗതിയെ പറ്റി ഗവണ്മെൻറു ഗാഢമായി ആലോചിക്കേണ്ടതാണു്.

നെയ്യാറിൻകര താലൂക്കിൽ കാണിലാൻഡ് എന്ന സ്ഥലത്തെ സമീപകാലത്തു് പതിച്ചുകൊടുക്കാൻഗവണ്മെൻറു് ആലോചിക്കുന്നതായി അറിയുന്നു. ഈ സാധുക്കളായ കാണിക്കാർ പല ധനവാന്മാരായ ആളുകളിൽനിന്നും ഉണ്ടാകുന്ന അക്രമ പ്രവൃത്തികളെല്ലാം സഹിച്ചുവരുന്നു. അതിനെപ്പറ്റി പോലീസ് കമ്മീഷണർ അവർകൾ വേണ്ട നടപടിനടത്തണമെന്നു് അപേക്ഷിക്കുന്നു. ഈ കാണിലാൻഡിനെ സർവ്വെചെയ്തു പതിച്ചുകൊടുത്താൽ അവിടെ വലിയ കലാപങ്ങൾ ഉണ്ടാകുന്നതാണു്. അവർ കാട്ടിൽ കിടന്നു മരിച്ചാൽ വല്ല ഉയ്യനോ മറേറാ കൊണ്ടുപോകുകയല്ലാതെ വേറെ ആരും അറിയുകയില്ല.

പകുതി ഉദ്യോഗസ്ഥന്മാക്കും ശിപായിമാർക്കും ശമ്പളം കൂട്ടിക്കൊടുക്കേണ്ടതാണെന്നു് ഇവിടെ കുറെ എഴുത്തുകൾ വന്നതുകൊണ്ടുമാത്രം പറയുന്നതല്ല. പകുതിയിലെ പാവപ്പെട്ട കുടിയാന്മാർക്കും തഹശിൽദാരന്മാർക്കും ശമ്പളക്കൂടുതൽ കൊടുക്കേണ്ടതാണു്. അതിലേക്കു് ഇന്നി വലുതായിട്ടുള്ള ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കാൻ പാടില്ല. എ. എസ്. പി., ഡി. എസ്സ്. പി., അസിസ്റ്റൻറു കമ്മീഷണർ, അസിസ്റ്റൻറു ഇൻസ്പെക്ടർ, സബ് ഡിവിഷൻ ആഫീസർ ഇതുമാതിരി ഉള്ള ഏണിപ്പടികളെ എല്ലാം എടുത്തുകളയണം. ഇതിലേക്കു തിരുവിതാംകൂറിലുള്ള ദിവാൻജിമാരെയാണു് സാധാരണ കുറപ്പെടുത്തുന്നതു്. ഞാൻ അപ്രകാരം ചെയ്യുന്നില്ല. ഒരു എക്സിക്യൂട്ടീവ് കൗൺസിൽ ഉണ്ടായിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നാൽ ഇതിന്റെ ന്യൂനതകളെ കണ്ടുപിടിച്ച് മുഴുവനും ഉടച്ചുവാർത്തു വളരെപ്പണം ശേഷിപ്പുണ്ടാക്കാം. പൊതുജനങ്ങളുടെ നന്മയ്ക്കുവേണ്ടി പല കായ്യങ്ങളും നടത്താം. ഇന്നലെ പല പ്രധാനമായ സംഗതികളെപ്പറ്റിയും പലവിധത്തിലും പറയേണ്ടിവന്നിട്ടുണ്ട്. അതു് മനഃപൂർവ്വമായി പ്രത്യേകം ഒരാളിനെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ളതല്ല. ഗവണ്മെന്റിന്റെ നയത്തെ പരിപാലിക്കണം എന്നു ഉദ്ദേശിച്ചുമാത്രമാണ് ഇവടെ പറഞ്ഞിട്ടുള്ളതു്. ഒരു ലാൻറ് കാളനൈസ്സേഷൻ സ്കീം വേണമെന്നു് ഈ കൗൺസിലിൽ പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ചു് ഗവണ്മെണ്ടു് യാതൊരു നടപടിയും നടത്തിക്കാണുന്നില്ല. തെക്കൻതിരുവിതാംകൂറിൽ ഒരു അഗ്രികൾച്ചറൽ സ്ക്രൂപം വേണമെന്നു് ഡയറക്ടർ ഗവണ്മെൻറുദ്യോഗസ്ഥിയിൽപ്പെടുത്തിയിട്ടും അതിനെ ഗവണ്മെൻറു് വെട്ടിക്കുറച്ചതായി അറിയുന്നതിൽ സങ്കടപ്പെടുന്നു.

മെഡിക്കൽ ബോർഡിനു് ഈ കൗൺസിലിനോടു് എത്രമാത്രം ബഹുമാനം ഉണ്ടെന്നു കാണിക്കുന്നതിനു് ഒരു സംഗതി പറയാം. മെഡിക്കൽ ബഡ്ജറിൽ ആയിരത്തിനുററിഅഞ്ചിലും ആയിരത്തിനുററിരണ്ടിലും ഉള്ള വരവിനത്തിൽ കൈപനാവിറ് അറുനൂറു രൂപാ വച്ചിരുന്നു. യഥാർത്ഥത്തിൽ എണ്ണൂറു രൂപായാണു് കഴിഞ്ഞ ആണ്ടിൽ വച്ചിരുന്നതു്. നാനൂറുരൂപായെ വരവുണ്ടായിരുന്നുള്ളു. പന്ത്രണ്ടു ലക്ഷം രൂപാ വിതരണം ചെയ്യുന്ന കൂട്ടത്തിൽ സാധുക്കളായ പുലയക്കും കാണിക്കാർക്കും മറു ജാതിക്കാർക്കും ആശുപത്രി കാണാൻപോലും സൗകര്യമില്ലാത്ത മറുചില ആളുകൾക്കും കൈപനാവിറു് ഒരു ചക്രംവീതം ലാഭം എടുക്കണം എന്നു് ശഠിക്കുന്നു. വാസ്തവത്തിൽ മെഡിക്കൽ ബോർഡിൽ എനിക്കു അധികാരമുണ്ടായിരുന്നു വെങ്കിൽ ഞാൻ പറയാൻ പോകുന്ന വാക്കു ഇപ്പോൾ പറയുന്നില്ല. condemn the Board. ഈ ന്യൂനം രൂപായും അവർ കയ്യിൽനിന്നും ഒടുക്കിയാലും യാതൊരുനഷ്ടവും വരുന്നതല്ല. ഈ പന്തീരായിരം രൂപായും പലവിധത്തിലും പോകുന്നു. ഈ മെഡിക്കൽബോർഡിനെപ്പോലെ ആയുർവ്വേദബോർഡും ഉണ്ടാകുന്നു എന്നു് കാണുന്നു. എന്നാൽ ദക്ഷിണതിരുവിതാംകൂറിൽ ചിന്താമണി എന്നൊരു ചികിത്സാ സമ്പ്രദായം ഉണ്ടു്. അതിനേയും ഗവണ്മെൻറിൽ നിന്നും അംഗീകരിച്ചു് ഗ്രാൻറുകൂടി കൊടുത്തുവരുന്നുണ്ടു്. ആയുർവ്വേദംപോലെതന്നെ ചിന്താമണികൊണ്ടും വളരെ ഉപയോഗമുണ്ടു്.

MR. R. RAMAN PILLAI (*Kottayam*): അതുകൊണ്ടു് ഒരു ചിന്താമണി ബോർഡും കൂടി വേണമെന്നാണോ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): എന്ന ല്ല, ആയുർവ്വേദത്തിന്ന് ഒരു ബോർഡുണ്ടാക്കുന്നപക്ഷം ചിന്താമണിപ്രകാരം ചികിത്സചെയ്യുന്ന ഒരു വൈദ്യൻക്കൂടി ആ ബോർഡിൽ മെമ്പറായിരിക്കണമെന്ന മാത്രമേ ഞാൻ അഭിപ്രായപ്പെട്ടന്നൊള്ളൂ.

മദനപ്പള്ളിയെപ്പോലെ ഒരു സുഖവാസസ്ഥലം ദക്ഷിണതിരുവിതാംക്കൂറിൽ കണ്ടുപിടിക്കുന്നതിന്ന് സമീപകാലത്തു് ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ, ദിവാൻ മുതലായ ആളുകൾ പോയതായി അറിഞ്ഞു. അവർ മലയിൽ കയറിയതായും അറിഞ്ഞു. അതിലേക്കുള്ള ഒരു അപ്രോച്ച് റോഡിന്ന് എന്ന് ബഡ്ജറ്റിൽ കാണുന്നു. കായ്യം ഇങ്ങിനെഇരിക്കെ ന ു ,ു ു ു രൂപാ മദനപ്പള്ളിയിൽ ആശുപത്രിക്ക് ഒരുകെട്ടിടംകെട്ടിക്കുന്നതിന്ന് വ്യയം ചെയ്യാമെന്ന് ഗവണ്മെൻറ് വിചാരിച്ചതു് വലിയ ആക്രമം ആയിപ്പോയി. അതിൽ ഒരു കാര്യംകൊട്ടക്കാൻപാടില്ല.

MR. R. RAMAN PILLAI (*Kottayam*): രണ്ടുവർഷകാലം തിരുവിതാംക്കൂറിലെ രോഗികൾ അവിടെ ചെന്ന് ചികിത്സനടത്തുന്നതു് നല്ലതല്ലെന്നാണോ പറയുന്നതു്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): എനിക്കിനിസമയം കുറച്ചെ ഉള്ളൂ. രണ്ടു വർഷംകൊണ്ടു് കെട്ടിടം തീരുകയില്ല.

ഇറിഗേഷൻ എന്ന പ്രധാനസംഗതിയെപ്പറ്റി കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളായി വളരെ ശക്തിയായി പ്രതിവാദിച്ചു വരുന്നുണ്ടു്. അതിലേക്കുവേണ്ടി ഒരു കമ്മിറ്റിമാത്രം സൃഷ്ടിച്ചു. എന്നാൽ ഈ ആണ്ടത്തെ പ്രൊട്ടക്ടീവ് ഇറിഗേഷന്ന് ഫൻ, ു ു ു രൂപാ കുറവായിട്ടാണ് കാണുന്നതു്. തെക്കൻ തിരുവിതാംക്കൂറിലെ ഡിവിഷൻആഫീസർ മിസ്റ്റർ കൃഷ്ണയ്യങ്കാരെ സംബന്ധിച്ചു് പല ഇൻറർപ്പലേഷനും അയച്ചിട്ടുണ്ടു്.

DEPUTY PRESIDENT: You sent up interpellations to Government?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അതേ. To the Government, regarding the maladministration of the Division Officer, Nagercoil.

ഈ പണത്തിൽ അധികവും ലാഭം വരുത്തുന്നതിന അദ്ദേഹം ശ്രമിക്കുന്നതായി കാണുന്നു. അതുകൊണ്ടു് ഞങ്ങൾക്കു് എന്തെങ്കിലും ഗുണമുണ്ടാകണമെങ്കിൽ ഈ ആഫീസറെ അവിടെ നിന്നും മാറ്റി കിട്ടണമെന്ന് ശക്തിയായി ഇവിടെ അറിയിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചിററാർ പദ്ധതി നടപ്പിൽ വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയൊ അതല്ല ചീഫ് ഇഞ്ചിനീയക്ക് ജോലി ഇല്ലാത്തതുകൊണ്ടൊ അതല്ല പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചൊ ചീഫ് എൻജിനീയർ കാട്ടിലും മലയിലും കയറി ഇറങ്ങി ൪,൦൦൦ രൂപാ അനുവദിക്കണമെന്ന് ഗവണ്മെൻറിന്ന് എഴുതി അയച്ചു. അതിനെപ്പററി ഗവണ്മെൻറ് ഒന്നുകൂടി ഭയവായി ആലോചിച്ച് ചിററാർ പദ്ധതി നടപ്പിൽ കൊണ്ടുവരുന്നതിന്ന് അനുവദിക്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെ വേർതിരിക്കണമെന്ന അപേക്ഷയെ അവഗണിച്ചതിൽ ജനങ്ങൾക്കുള്ള അതൃപ്തിയെ ഇവിടെ പ്രത്യേകം ചൂണ്ടിക്കാണിച്ചു കൊള്ളുന്നു.

തിരുവിതാംകൂറിലെ വ്യവസായസംബന്ധമായിട്ടുള്ള ഏർപ്പാടിന്ന് വളരെ പണം ചിലവാക്കി സ്ഥാപിച്ചിട്ടുള്ള തിരുവിതാംകൂറിലെ പഞ്ചസാരകമ്പനിയുടെ ഭരണകൃത്യങ്ങളെപ്പററി ചോദിച്ച ചോദ്യങ്ങൾക്കു മറുപടിയായി ആ ചോദ്യം തന്നെ തിരിയെ തന്നതു കൊണ്ട് ഞാൻ അതിനെപ്പററി പ്രത്യേകം ഒന്നും പറയണമെന്ന് വിചാരിക്കുന്നില്ല. പൊതുജനങ്ങളുടെ ഉപകാരത്തിനായിട്ട് ഗവണ്മെൻറ് ക്രടി ചേന്ന് നടത്തുന്ന ഒരു സ്ഥാപനത്തിന്റെ ഭരണകൃത്യങ്ങളെപ്പററി എനിക്കു ഒന്നും പറയണമെന്നും ഉദ്ദേശമില്ല. എന്നാൽ ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഒരു സ്ഥാപനമാണ് അതു്. ആസ്ഥാപനത്തിൽ എന്തൊ അഴിമതി നടക്കുന്നു എന്നുള്ള ഉദ്ദേശത്തോടുകൂടി ഏതാനും ഉദ്യോഗസ്ഥന്മാരെ അവിടെ അയച്ചു. അതു് സ്ഥലത്തുള്ള പൊതുജനപ്രതിനിധിയെ അറിയിക്കുകയൊ അതിൽ പങ്കുകൊള്ളുന്നതിന്ന് സൌകര്യം കൊടുക്കുകയൊ ചെയ്തിട്ടില്ല.

DEPUTY PRESIDENT: Are you a shareholder in that Company?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): No, Sir. ഗവണ്മെൻറുദ്യോഗസ്ഥന്മാരും ഷയാർഹോൾഡേർസ് അല്ല.

MR. R. RAMAN PILLAI (*Kottayam*): ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ ഷയർഹോൾഡേഴ്സ് അല്ലെങ്കിലും ഗവണ്മെൻറ് അതിൽ പണം ധാരാളം മുടക്കിയിട്ടുണ്ടെന്നു അറിയാമൊ?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അറിയാം.

DEPUTY PRESIDENT: Then, you have no *locus standi*. As a result of the contract with the Directors, Government have exercised certain powers. I am merely asking you whether, under the Company law, if you have power as a share-holder, your decision would be final?

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഷെയർ ഹോൾഡർ അല്ലെങ്കിലും ഗവണ്മെൻറിൽനിന്നും ധനം എടുത്തു് ഉപയോഗിച്ചിരിക്കുന്നതുകൊണ്ടു് പൊതുജനപ്രതിനിധിയെക്കൂടി സാക്ഷിപ്പെടുത്തി ചെയ്തിരുന്നു എങ്കിൽ ഈമാതിരി ഒരുആപവാദത്തിനു് ഇടവരികയില്ലായിരുന്നു.

ദക്ഷിണതിരുവിതാംകൂറിലെ ഒരു പ്രധാന വ്യവസായമായ പോട്ടറി ഇൻഡസ്ട്രിയെ പ്രോത്സാഹനം ചെയ്യണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

എക്സൈസ് ഇനത്തിലെ സ്റ്റാഫ് ഇൻഡസ്ട്രിയെസംബന്ധിച്ചു് എക്സൈസ്കമ്മീഷണർ ശരിയായി പ്രവർത്തിച്ചുകാണുന്നില്ല. അബ്കാരി റഗുലേഷൻപ്രകാരം മൂന്നുവിധം കടിവിലകൊടുക്കണമെന്നുണ്ടു് ഇപ്പോഴത്തെ അങ്ങിനെ കാണുന്നില്ല. അതുകൊണ്ടു് ശരിയായവിധം കടിവിലകൊടുത്തു് അളം ഉടമസ്ഥന്മാരെ സഹായിക്കണമെന്നു് അപേക്ഷിക്കുന്നു. എക്സൈസ് ഉദ്യോഗസ്ഥന്മാർ ധാരാളമായി കയ്ക്കൂലിമേടിക്കുന്നു.

DEPUTY PRESIDENT: What is the good of an allegation of that nature?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): പൊതുവെ പറയുകയാണു്.

ഇപ്പോഴത്തെ ചെത്തുന്ന വൃക്ഷങ്ങളിൽ ശരിയായ അടയാളമുണ്ടോ, അതല്ല കൂടുതൽവൃക്ഷങ്ങൾ ചെത്തുന്നുണ്ടോ എന്നുള്ള സംഗതിയെപ്പറ്റി എക്സൈസ്കമ്മീഷണർ ശ്രദ്ധവയ്ക്കണമെന്നു് അദ്ദേഹത്തോടു അപേക്ഷിക്കുന്നു. തെക്കൻതിരുവിതാംകൂറിൽ കിണറുകൾ കുഴിക്കുന്നതിനു ബഡ്ഡറിൽ ഒരു തുക കണ്ടു എങ്കിലും യാതൊരുകിണറും കുഴിപ്പിച്ചിട്ടില്ല.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): ട്യൂബ്വെൽ ഒന്നും കുഴിപ്പിച്ചിട്ടില്ലെ?.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഒന്നും കുഴിപ്പിച്ചിട്ടില്ല. അതുകൊണ്ടു ഗവണ്മെണ്ടു ബഡ്ഡറിൽ പറയുന്ന അക്ഷരംപ്രതി പ്രവർത്തിച്ചു വരുന്നില്ല എന്നുള്ളതു ഇവിടെ പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണു്.

നമ്മുടെ എഡ്യൂക്കേഷൻ ഡയറക്ടർ സായ്പ് അവർകളാണു്. അദ്ദേഹത്തെപ്പറ്റി പ്രത്യേകിച്ചു ഒന്നും പറയുന്നില്ല. ഈ കൌൺസിലിനെ അവഗണിച്ചതിലും ഞങ്ങൾക്കു സങ്കടമില്ല. അദ്ദേഹത്തിനു മല

LIBRARY ARCHIVES Kerala Legislative Assembly

യാളം അറിഞ്ഞുകൂടാത്തതുകൊണ്ടു മാനേജരന്മാരുടെ കയ്യിൽ ഉൾപ്പെടാതെ നല്ലപോലെ കായ്യം മനസ്സിലാക്കി പ്രവർത്തിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടതു.

DEPUTY PRESIDENT: മാനേജരന്മാർ എന്നു പറഞ്ഞതു പള്ളിക്കൂടം മാനേജരന്മാരുടെ കയ്യിൽ എന്നാണൊ പറഞ്ഞതു്?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അല്ല. മലയാളം അറിഞ്ഞുകൂടാത്തതുകൊണ്ടു കായ്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കി പ്രവർത്തിക്കണമെന്നാണു പറഞ്ഞതു്.

DEPUTY PRESIDENT: Do you mean Office Manager?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): When he is in office, his Office Manager.

DEPUTY PRESIDENT: When he is outside? I want to make your position clear. That is why I am putting you these questions.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): This is a place where people are being misled.

DEPUTY PRESIDENT: Where?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): In the official circles. അതുകൊണ്ടു മുമ്പു പറഞ്ഞതുപോലെ കാളയും പോത്തും (അതിൽ ഒന്നു പോയി)പോലെ വരാതെ ഇരിക്കുന്നതിനു അദ്ദേഹം സൂക്ഷിക്കണം.

(Mr. V. J. Oommen and K. N. Kesavan Namputiripad stood up together to speak)

DEPUTY PRESIDENT: Mr. Oommen-

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): Sir, I stood up first but you looked on that side.

DEPUTY PRESIDENT: I noticed Mr. Oommen.

MR. V. J. OOMMEN (*Commerce and Industry, North*): സർ, ഫ്ലോനു-ലെ ബഡ്ജറ്റ് അശേഷം തൃപ്തികരമല്ല. മേജർ ഡിപ്പാർട്ടുമെൻറുകളിൽ പലതിലേയും വരവുകുറഞ്ഞും ചിലവാകട്ടെ താരതമ്യേന വളരെ വർദ്ധിച്ചും ഇരിക്കുന്നു. ഗവണ്മെൻറു വരവു കണക്കാക്കീട്ടുള്ളതു തന്നെ ഇപ്പോഴത്തെ കാലസ്ഥിതിയെ അശേഷം പരിഗണിച്ചില്ല. വരവുകുറയും ഓരോ ഇനത്തിലും ഇപ്പോഴും പ്രതീക്ഷിച്ചിരിക്കുന്നതിൽ കുറയുകയും ചിലവുകൂടും വർദ്ധിക്കയും ചെയ്യുമെന്നാണ് എൻെറ അഭിപ്രായം. ജനങ്ങൾ വളരെ കഷ്ടപ്പെട്ടും ഞെരുങ്ങിയും നൽകുന്നതായ പണം ഭരണീയരുടെ ക്ഷേമത്തെ ലാക്കാക്കിയല്ല ചിലവാകുന്നതു് എന്നുള്ളതാണ് കൂടുതൽ സങ്കടത്തിനു കാരണം. എന്തെന്നാൽ മുതലെടുപ്പിൽ ഉദ്ദേശം പകുതിയോളംവരുന്ന ഒരു സംഖ്യ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം എന്ന പേരിൽ വീതിച്ചെടുക്കുകയാണ് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): ശമ്പളത്തിന് ഉദ്ദേശം ഫ/ന ഭാഗമെ ചിലവാകുന്നുള്ളൂ.

MR. V. J. OOMMEN (*Commerce and Industry, North*) : എന്നിരുന്നിട്ടും ആളുകൾക്കു വേണ്ടിക്കൂട്ടുതൽ ഉദ്യോഗങ്ങൾ സൃഷ്ടിച്ചും ആളും തരവും നോക്കി ശമ്പളക്കൂട്ടുതലോ അലവൻസോ നൽകിയും, ഇപ്പോൾതന്നെ ഭീമമായിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തുക കൂട്ടുന്നതിനാണ് ഗവണ്മെൻറു ശ്രമിച്ചുകൊണ്ടിരിക്കുന്നതു് എന്ന് ബഡ്ജറിൻെറ ഏതുവശം മറിച്ചുനോക്കിയാലും കാണാവുന്നതാണ്. അതേസമയം തന്നെ നിത്യവൃത്തിക്കുവേണ്ടുന്ന ഒരു തുക പോലും ശമ്പളം കിട്ടാതെ വലയുന്ന അനേകായിരം കീഴ്ജീവനക്കാരുടെ സങ്കടാവസ്ഥയെപ്പറ്റി ഗവണ്മെൻറു വേണ്ടപോലെ ശ്രദ്ധിച്ചും കാണുന്നില്ല.

ഉദ്യോഗങ്ങൾക്കു ഒഴിവുവന്നാൽ ആളുകളെ നിയമിക്കാറില്ല. നിയമിക്കുമ്പോൾതന്നെയും അതു യാതൊരു തത്വത്തേയും അടിസ്ഥാനപ്പെടുത്തിയുമല്ല. ഗവണ്മെൻറിൻെറ പ്രഖ്യാപിതനയത്തിന് വിരുദ്ധമായിട്ടു തന്നേയാണ് നിയമനങ്ങൾ നടത്തുന്നതു്. ഭരണമിടപെട്ട മറ്റു സംഗതികളിലും ധാരാളം കുഴപ്പങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. നിസ്സാരങ്ങളായ ഓരോ കാര്യങ്ങൾ തീർച്ചചെയ്യുന്നതിനുപോലും ദിവസങ്ങളല്ല-ആഴ്ചകളല്ല- മാസങ്ങൾതന്നെ വേണ്ടിവരുന്നു. ഉദ്യോഗസ്ഥന്മാരുടെ ഇടയിലാണെങ്കിൽ അഴിമതികൂടി വർദ്ധിച്ചുവരുന്നു. അതിനെപ്പറ്റിയുള്ള ജനങ്ങളുടെ പരാതി ഒന്നിനൊന്നു പ്രബലപ്പെട്ടുകൊണ്ടിരുന്നിട്ടും അതിനേപ്പറ്റി അന്വേഷിക്കുന്നതിനൊ അതിനെ തടയുന്നതിനൊ ഗവണ്മെൻറു തയാറായിക്കാണുന്നില്ല. ഗവണ്മെൻറു ആ വിഷയത്തിൽ ഉദ്യമിക്കുന്നുണ്ടെങ്കിൽ തന്നെയും അഴിമതികളുടെ ഗൌരവനിസ്സാരത്വം പരിഗണിച്ചോ, നിഷ്പക്ഷമായൊ നീതിയായൊ അല്ല, നേരേമറിച്ച് ആളും, ജാതിയും, തരവും നോക്കി പെരുമാറുകയാണ് ചെയ്യുന്നതു്. സാധാരണനിലയിൽ കുറ്റങ്ങളായി പരിഗണിക്കുവാൻ പാടില്ലാത്ത നിസ്സാരവീഴ്ചകൾക്കു പിഴയല്ല, സസ്പെൻഷൻ അല്ല, ഡിസ്മിസ്സൽപോലും ശിക്ഷനൽകുന്ന ഗവണ്മെൻറു, കർത്തവ്യബോധമുള്ള ഏതൊരു ഭരണകൂടത്തിനും അരനിമിഷംപോലും അനുവദിക്കാൻപാടില്ലാത്ത കുറ്റങ്ങൾക്കല്ല—അതിക്രമങ്ങൾക്കുതന്നെ യാതൊരുശിക്ഷയും നൽകുന്നില്ലെന്നു മാത്രമല്ല, ഉദ്യോഗക്കയറ്റമോ, ശമ്പളക്കൂട്ടുതലൊ പ്രതിഫലം നൽകിവരുന്നതായിട്ടുംകാണുന്നു. നാട്ടിലാണെങ്കിൽ സമാധാനമില്ലായ്മ വർദ്ധിച്ചുവരുന്നു "മദ്യം വിഷമാണ്; മദ്യപിക്കരുതു്" എന്നു ഘോഷിക്കുന്ന ജനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളെ അവരുടെ സ്ഥാനമൊ, സ്ഥിതിയോ യാതൊന്നും പരിഗണിക്കാതെ കള്ളപ്പുള്ളികളേപ്പോലെ ക്രൂരംക്രൂരമായി അറസ്റ്റുചെയ്യുവരുന്നു.

പൊതുമുതൽകൊണ്ടു് സംരക്ഷിച്ചുപോരുന്ന എല്ലാനിരത്തുകളിലും എല്ലാജാതിക്കാർക്കും സഞ്ചാരസ്വാതന്ത്ര്യം ഇന്നും ഇല്ലാതെയാണിരിക്കുന്നതു്. ഗതാഗതസൌകര്യങ്ങൾ രാജ്യത്തിന്റെസ്ഥിതിക്കനുസരിച്ചോ ജനങ്ങളുടെ ആവശ്യമനുസരിച്ചോ വർദ്ധിപ്പിക്കുന്നതിനു് ഗവണ്മെൻറു് അശേഷം ഉത്സാഹിക്കുന്നില്ല.

രാജ്യത്തെ പ്രധാനധനാഗമമാർഗ്ഗങ്ങളായ കൃഷി, കച്ചവടം, വ്യവസായം ഇതുകളിൽ ഗവണ്മെൻറു് വേണ്ടവിധത്തിൽ ശ്രദ്ധപതിക്കുന്നില്ല. ഇതൊരു കർഷകരാജ്യമാണെങ്കിലും ഇവിടത്തെ കൃഷിവകുപ്പു് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ ഇന്നും ഒരു മൈനർഡിപ്പാർട്ടുമെൻറായിമാത്രമേ ഇരിക്കുന്നുള്ളൂ. വ്യവസായപോഷണാർത്ഥം ഏർപ്പെടുത്തപ്പെട്ടിട്ടുള്ള വ്യവസായവകുപ്പു് ഒരു ഡിപ്പാർട്ടുമെൻറായിട്ടുപോലും ഗവണ്മെൻറു് കരുതീട്ടില്ല. കച്ചവടമാകട്ടെ ഗവണ്മെൻറിന്റെ ആദായനികുതിവകുപ്പു് ഭരണദൃഷ്ടിയെകൊണ്ടു അധ:പതിക്കുന്നതല്ലാതെ അഭിവൃദ്ധിയെ പ്രാപിക്കുന്നില്ല.

പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറാണെങ്കിൽ അതു പരസ്പരമത്സരം വർദ്ധിപ്പിക്കയാണു് ചെയ്തുകൊണ്ടിരിക്കുന്നതു്. ഈ ഡിപ്പാർട്ടുമെൻറുകൾ വെറും ആഡംബരത്തിനോ പരദേശികളുടെ കണ്ണിൽ പൊടിഇടുന്നതിനോ മാത്രം സംരക്ഷിച്ചു വരുന്നതായിട്ടാണു് അനുഭവപ്പെട്ടിരിക്കുന്നതു്.

ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഡിപ്പാർട്ടുമെൻറു് അതിന്റെ ബോർഡ്ഭരണംകൊണ്ടു അധോഗതിയെ പ്രാപിച്ചിരിക്കുന്നു. നാടു നീളെ നടന്നു് പബ്ലിക്കു് ഹെൽത്തു് പ്രസംഗങ്ങൾ ചെയ്യുവരുന്നതല്ലാതെ ആരോഗ്യസംരക്ഷണാർത്ഥം പ്രായോഗികമായി യാതൊന്നും ചെയ്യുന്നില്ല.

ക്ഷയരോഗം അനുദിനം വർദ്ധിച്ചു വരുന്നുണ്ടെങ്കിലും അതിന് തക്കതായ ഒരു പരിഹാരം കണ്ടുപിടിക്കുന്നതിനു് ഗവണ്മെൻറിനു് ഇനിയും കഴിഞ്ഞിട്ടില്ല.

സമാധാനപരിപാലനത്തിനായി ചുമതലപ്പെട്ടിരിക്കുന്നപോലീസുഡിപ്പാർട്ടുമെൻറു്, അക്രമരാഹിത്യതത്പരജനതാമദ്ധ്യത്തിൽ പ്രബലപ്പെട്ടിരിക്കുന്ന ഈ കാലത്തു്, ഈ നാട്ടിലെങ്ങും കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ലാത്തിമുതലായ ഓരോ ആയുധങ്ങൾ വരുത്തിക്കാണിച്ചും മറ്റും ജനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen]

ളെ അസ്വസ്ഥചിത്തരാക്കി തീർത്തിരിക്കുന്നു. ഇന്നത്തെ പോലീസ് ഭരണം "ലാത്തി കബാത്തിലും മോട്ടാർ ചെക്കിംഗിലും" മാത്രമായി കലാശിച്ചിരിക്കയാണ്. പോലീസ് കമ്മീഷണർ എന്നൊരു ഉദ്യോഗസ്ഥൻതന്നെ ഈ നാട്ടിൽ ഉള്ളതായി തലസ്ഥാനത്തുള്ളവർക്കല്ലാതെനാട്ടിൻപുറങ്ങളിലുള്ളവർക്കു അറിയാമോ എന്നു തന്നെ സംശയമാണ്.

രാജ്യത്തിന്റെ മുതലെടുപ്പിൽ ഉദ്ദേശം അഞ്ചിൽ ഒന്നുവരുന്നതായ ഒരു സംഖ്യ അതായത് ഏകദേശം അരക്കോടിരൂപായാണ് വിദ്യാഭ്യാസവകുപ്പിന്റെആവശ്യത്തിലേക്ക് ഫ്രീ ഓഫ്-ലെ ബഡ്ജറിൽ കൊള്ളിച്ചുകാണുന്നതു്. ഇത്ര ഭീമമായ ഒരു സംഖ്യ ഈ വിഷയത്തിനുമാത്രമിയി ചിലവാക്കാനുള്ള ശക്തി തിരുവിതാംകൂറിനില്ലെങ്കിലും, ആണ്ടോടാണ്ടു കയ്യുംകണക്കുമില്ലാതെ വളർത്തുവരുന്ന ഈ വിദ്യാഭ്യാസച്ചിലവു ഇതേ നിലയിൽ തുടർന്നാലത്തെ ഫലം എന്തായിരിക്കുമെന്നു ഗവണ്മെൻറ് ചിന്തിക്കുന്നുണ്ടോ എന്നു് സംശയിക്കുന്നു. വളർത്തു ഈ തുക ചിലവാക്കിനശിക്കുന്നതായ വിദ്യാഭ്യാസമാണെങ്കിൽ അതു് ജനക്ഷേമത്തെ ആസ്പദമാക്കിയുള്ളതുമല്ല. നിത്യേന വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയെ ത്വരിതപ്പെടുത്താമെന്നല്ലാതെ ഇന്നത്തെവിദ്യാഭ്യാസംകൊണ്ടു് എന്തുസാധിക്കുമെന്നറിയുന്നില്ല. ഈ വിഷയവും ജനപ്രതിനിധികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ തുടരെക്കൊണ്ടുവന്നിട്ടുള്ളതാണെങ്കിലും അതൊന്നും അറിയാത്ത ഭാവം നടിക്കുകയാണു ഗവണ്മെൻറ് ചെയ്യുന്നതു്. ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു് ഉണ്ടാക്കുന്ന ഉദ്ദേശം രണ്ടരക്കോടി രൂപാ ചിലവാക്കീട്ടു് നമുക്കു അനുഭവമായിരിക്കുന്ന ഒരു ഭരണരീതിയാണു് ഞാൻ മേൽവിവരിച്ചിരിക്കുന്നതു്. ഇതേപ്പറ്റി ജനങ്ങൾ എത്ര സങ്കടപ്പെട്ടാലും, എത്ര മുറവിളികൂട്ടിയാലും, അശേഷംഫലമില്ല. ഈ ദുസ്ഥിതി ഗവണ്മെൻറിനെ അപ്പോഴപ്പോൾ മനസ്സിലാക്കുന്നതിനുള്ള ഒരു പ്രധാനമാർഗ്ഗം നാട്ടിലെവർത്തമാനപ്പത്രങ്ങളാണു്. എന്നാൽപുതിയ വർത്തമാനപ്പത്ര റഗുലേഷൻമൂലം ആ വിഷയത്തിലുള്ള പൂർണ്ണസ്വാതന്ത്ര്യത്തെ ഗവണ്മെൻറ് തടയുകയാണു ചെയ്തിരിക്കുന്നതു്. ജനദ്രോഹകരമായ ആ റഗുലേഷനെ പിൻവലിക്കണമെന്നു കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങളായി ജനങ്ങൾ ഇടവിടാതെ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നിട്ടും ഫലമുണ്ടായിട്ടില്ല.

പിന്നെ, പൊതുജനങ്ങളുടെ സങ്കടങ്ങളേയും ആവശ്യങ്ങളേയും ഗവണ്മെൻറിനെ അറിയിക്കാനുള്ള വഴികൾ പ്രജാസഭ, നിയമസഭ ഈ സ്ഥാപനങ്ങളാണു്. പ്രജാസഭയാണെങ്കിൽ അതിനെ ഒരു വെറും

LIBRARY ARCHIVES Kerala Legislative Assembly

"യാചകസംഘ"ത്തേക്കാൾ കഷ്ടതരമായിട്ടാണ് ഗവണ്മെൻറുതന്നെ പരിഗണിച്ചിരിക്കുന്നതു്. അതിനെ പരിഷ്കരിക്കുകയോ, അല്പാത്തപക്ഷം നിവൃത്തിക്കേടുകയോ ചെയ്യണമെന്നുള്ള ജനങ്ങളുടെ അഭിലാഷത്തെ ഗവണ്മെൻറു തുണവൽഗണിച്ചിരിക്കുന്നു. നിയമസഭയുടെകാര്യം വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നുതന്നെ തോന്നുന്നില്ല. എന്തിനാണ് ഗവണ്മെൻറ് നിയമസഭ എന്നപേരിൽ ഞങ്ങളെ ഇവിടെ വിളിച്ചുകൂട്ടിയിരിക്കുന്നതെന്നുതന്നെ മനസ്സിലാകുന്നില്ല. ജനപ്രതിനിധികളായ ഞങ്ങൾ ജനക്ഷേമകരങ്ങളായ എന്തെല്ലാം സംഗതികൾ ഇവിടെ പറഞ്ഞിട്ടുണ്ടു്; എത്ര പ്രമേയങ്ങൾ ഇവിടെ പാസ്സാക്കിയിട്ടുണ്ടു്; എത്ര ഉപക്ഷേപങ്ങൾ പാസ്സാക്കിയിട്ടുണ്ടു്; ഇവയിൽ ഏതിനെ—എന്തിനെ എപ്പോൾ-ഗവണ്മെൻറ് ആദരിച്ചിട്ടുണ്ടു്; സ്വീകരിച്ചിട്ടുണ്ടു്; നടപ്പിൽ വരുത്തിയിട്ടുണ്ടു്; ഈ സഭയ്ക്കു് നിയമത്താൽ ലഭിച്ചിട്ടുള്ള തുച്ഛമായ അധികാരാവകാശങ്ങളെപ്പോലും ഒന്നിനൊന്നു് നിയന്ത്രിച്ചു് ഇല്ലാതാക്കുകയല്ലയോ ഗവണ്മെൻറു ചെയ്തുകൊണ്ടിരിക്കുന്നതു്? ഇത്ര നിരുപയോഗമായ രീതിയിൽ ഈ നിയമസഭയെ അയിരക്കണക്കിനു് രൂപാ ചിലവു ചെയ്തു സംരക്ഷിച്ചുകൊണ്ടു പോകുന്നതിൻെറ അവശ്യകതയെപ്പറ്റി ഈ സഭാംഗങ്ങൾ ഗാഢമായും ഗൌരവമായും ആലോചിക്കേണ്ടതാണു്.

ഈ നാട്ടിൻെറ പരിഷ്കൃതാവസ്ഥയ്ക്കോ, ഈ നാട്ടുകാരുടെ വിദ്യാഭ്യാസസ്ഥിതിയ്ക്കോ, അദ്ദേശവും അഭിലഷണീയമോ അനുയോജ്യമോ അല്ലാത്ത ഇന്നത്തെ ഈ അലങ്കോലഭരണത്തെ പൂർവ്വാധികം ഉജ്ജ്വിതമായി അതേനിലയിൽതന്നെ മുമ്പോട്ടുകൊണ്ടുപോകുന്നതിനാണു്, അടുത്ത ആണ്ടിലും രണ്ടരക്കോടി രൂപാ ചിലവാക്കുന്നതിനുദ്ദേശിച്ചിരിക്കുന്നതു്. ഈ നാട്ടുകാരുടെ കഠിനമായ അതൃപ്തിക്കു് പാത്രീഭവിച്ചിട്ടുള്ള ഒന്നാണല്ലോ നമ്മുടെ മെഡിക്കൽബോർഡ്. ആ ബോർഡിൻെറ ഭരണം പരാജയത്തിലാണെന്നു് പ്രത്യക്ഷപ്പെട്ടിട്ടും അതിനെ നിവൃത്തിവരുത്തേണ്ടതിനു പകരം ആയുർവ്വേദകൂപ്പിലേയ്ക്കും അതേതരത്തിൽ ഒരു ബോർഡ് ഏർപ്പെടുത്തി ജനങ്ങളെ കൂടുതൽ കഷ്ടപ്പെടുത്തുവാനും ജനാഭിപ്രായത്തെ കൂടുതൽ ധിക്കരിക്കുവാനും ഗവണ്മെൻറു സന്നദ്ധമായിരിക്കുന്നു.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിനൊ ആയുർവേദ ഡിപ്പാർട്ടുമെൻറിനോ മറ്റേതെങ്കിലും ഡിപ്പാർട്ടുമെൻറിനൊ അല്ല ബോർഡ് വേണ്ടതു്. ബോർഡുവേണം, ബോർഡുകൂടിയേതീരു. എന്നാൽ ബോർഡ് വേണ്ടതു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

എവിടെ, ആക്ട്, എന്നാണതുലോചിക്കേണ്ടതു്. എന്റെ അഭിപ്രായത്തിൽ ഇങ്ങനെ ഒരു ബോഡ്ഡ് ഇന്നു് അത്യന്താപേക്ഷിതമായി തീന്നിരിക്കുന്നതു് മറെക്കുമല്ലാ—നമ്മുടെ ഗവമ്മെൻറിനാണു്—അതായതു് പൊതുഭരണവകുപ്പിനു്—അതായതു നമ്മുടെ ദിവാൻജിക്കുതന്നെ. അതിനു് എക്സിക്യൂട്ടിവ് കൌൺസിൽ ഏന്നൊ, ക്യാബിനെറെന്നോ, എന്തുപേരു കൊടുത്താലും തരക്കേടില്ല. പൊതുഭരണം ഒരാളാൽ സാദ്ധ്യമല്ല. അതുജനക്ഷേമകരവുമല്ല. ഇതു നമുക്കു ഇന്നത്തേപ്പോലെ ഒരു കാലത്തും അനുഭവപ്പെട്ടിട്ടില്ല. ഈ അടുത്ത കാലത്തല്ലയോ ഇവിടെ ദിവാനായിരുന്ന മിസ്റ്റർ വാട്ട്സ് ഉദ്യോഗമൊഴിഞ്ഞുപോകുന്ന അവസരത്തിൽ ഈ ഹാളിൽവച്ചു്—നമ്മാം സമ്മേളിച്ചിരിക്കുന്ന ഇതേ ഹാളിൽ വച്ചുതന്നെ—തിരുവിതാംകൂർ ദിവാന്റുദ്യോഗം ഒരാളാൽ വഹിക്കത്തക്കതല്ലെന്നു് പരസ്യമായി പ്രസ്താവിച്ചതു്? എന്നു മാത്രമല്ല, ഈ അടുത്ത കാലത്തു് തിരുവിതാംകൂർ ഉൾപ്പെടെയുള്ള ദക്ഷിണഇൻഡ്യാ നാട്ടുരാജ്യങ്ങൾ സന്ദർശിച്ച ശേഷം ഹൈദരാബാദിൽവച്ചു നാട്ടുരാജ്യങ്ങളിൽ എക്സിക്യൂട്ടിവ്കൌൺസിൽ ആവശ്യമാണെന്നു നാട്ടുരാജാക്കന്മാരെ ഉൽബോധിപ്പിച്ചുകൊണ്ടു ഇൻഡ്യാ വൈസറായി അവർകൾ ചെയ്ത പ്രസംഗവും നമുക്കു എങ്ങിനെ വിസ്മരിക്കുവാൻ കഴിയും? അതിനാൽ എത്രയും വേഗം ഈ നിയമസഭയെ കാലാനുസരണം പരിഷ്കരിച്ചു് അതിനോടുത്തരവാദിത്വമുള്ള ഒരു എക്സിക്യൂട്ടീവ് കൌൺസിൽ ഏർപ്പെടുത്തുകയാണു ഗവണ്മെൻറു ചെയ്യേണ്ടതു്. അതു ചെയ്യാത്ത കാലത്തോളം ജനക്ഷേമകരമായ ഒരു ബഡ്ജറു തയ്യാറാക്കി ഈ നിയമസഭയിൽ അവതരിപ്പിക്കുവാൻ ഗവണ്മെൻറിനൊ, തൃപ്തികരമായ വിധത്തിൽ ഒരു ബഡ്ജറു വിമർശനം നടത്തുന്നതിനു് ജനപ്രതിനിധികൾക്കോ, സാദ്ധ്യമല്ലതന്നെ. മേൽ നിർദ്ദേശിച്ചതരത്തിലുള്ള ഒരു ഉത്തരവാദിത്വഭരണമാണു് ഇന്നു് ഇവിടെ ഉണ്ടായിരുന്നതെങ്കിൽ നാട്ടുരാജ്യങ്ങളുൾപ്പെടെ ഇൻഡ്യാമഹാസാമ്രാജ്യത്തിന്റെ ഭാവിഭരണഘടനയേപ്പറ്റി നിർണ്ണയിക്കുന്നതിനു് ലണ്ടനിൽ കൂടുവാൻപോകുന്ന റൌണ്ട് ടേബിൾ കാൺഫറൻസിൽ, തിരുവിതാംകൂറിനെപ്പോലെ വിദ്യാഭ്യാസംകൊണ്ടും, ധനസ്ഥിതികൊണ്ടും, ജനസംഖ്യകൊണ്ടും, വിസ്തീർണ്ണംകൊണ്ടും, ഭാരതത്തിലെ ഏതദ്ദേശീയനാട്ടുരാജ്യങ്ങളിൽ ഏറ്റവും മുന്നണിയിൽ നില്ക്കുന്ന തിരുവിതാംകൂറിനു് യാതൊരു പ്രാതിധിധ്യവും ഇല്ലാതെ പോകുമായിരുന്നോ? തിരുവിതാംകൂറിനോടു താരതമ്യപ്പെടുത്തുമ്പോൾ ഏതുകൊണ്ടും എത്രയോ പിന്നണിയിൽ കിടക്കുന്ന എത്രയോ ചെറു സംസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങൾക്കാണു് ആ മഹാസമ്മേളനത്തിൽ പ്രാതിനിധ്യം ലഭിച്ചിരിക്കുന്നതു്. ഈ നാട്ടിനും നാട്ടുകാക്കും ഇത്രദോഷകരവും അപമാനകരവുമായ ഒരു സംഭവം തിരുവിതാംകൂർ രാജ്യചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ തിരുവിതാംകൂറിനു് ന്യായമായി ലഭിക്കേണ്ട പ്രാതിനിധ്യാവകാശം ഇനിയുമെങ്കിലും ഉത്സാഹിച്ചു സമ്പാദിക്കാത്തപക്ഷം, ഇന്നത്തെ ഈ പരാജയം ഇന്നെന്നല്ല—എക്കാലത്തും തിരുവിതാംകൂറിന്റെ—വിശേഷിച്ചും ഇന്നത്തെ ഗവണ്മെൻറിന്റെ പിടിപ്പില്ലായ്മയ്ക്കു് ഒരു മകുടോദാഹരണമായി പരിലസിക്കുന്നതാണു്.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): Sir, I have carefully gone through the Budget presented by the Financial Secretary. I am very glad to note that this year's Budget unlike those of previous years is very clearly and elaborately written. I may say that it is so very clear that it is quite easy to detect the defects and deficiencies of the Budget at a mere glance. Sir, the revenue for 1106 is estimated to be $2\frac{1}{2}$ crores, that is, about 3 lakhs more than what was realised last year. As usual, this year's Budget also provides for a surplus of about 2 lakhs. It has been pointed out year after year that this policy of accumulating surplus upon surplus is neither creditable to Government nor beneficial to the people. In the matter of taxation, the policy of the Government ought to be to tax the people only so much as to meet their necessary expenses. But, this policy of hoarding surplus upon surplus only means that the Government is either over-taxing the people or that it does not spend sufficiently to meet the necessary demands of the people. Or, more correctly it may mean both.

The main source of income to the Government is the Excise Department. And, whenever there is an increase under this item it naturlly means that there is an increase in the drinking habit of the people. Government have proclaimed several times that they are one with the people in the matter of prohibition, or temperance. But year ofter year the Financial Secretary comes off with flying colours and says that our revenue is safe because the evil habit of drinking is on the increase. The Goverument in return pat on the back of the Financial Secretary and the Excise Commissioner whose devotion to his pious duty has contributed so much to the revenue. Sir, in the matter of prohibition, if Government had been sincere, or, if they had looked to the welfare of the people they would have done something to mitigate this evil. All these years the people have been labouring under some false illusion as to the intention of the Government. But this year Government have come out in their true colours and the people have been disillusioned. They have realised that the excuses advanced by the Government were only an eyewash. Sir, in the matter of prohibition the people throughout the country are very much interested and are very earnest in their attempts. Meetings are held everywhere and resolutions are passed; and every opportunity was afforded to Government to feel the public pulse. I had the pleasure of taking part

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. N. Kesavan Nampuripad.]

in some of these meetings. The impression which they created in me was that whereas people want to drive away the demon of drink the Government, instead of helping the people in their pious work, are holding the candle to the devil. As a result of great agitation, in Changanachery local option was introduced, though reluctantly, by Government; and it proved a great success too. People in the different taluks have been requesting the Government to introduce similar measures in their taluks also. But till now the Government have not done anything. This attitude of the Government deserves the strongest condemnation from all right-thinking people.

Then, coming to the Education Department, I like to speak a few words. As it has been pointed out by several of my friends, the present system of education is neither conducive to the growth of national aspirations nor to material prosperity of the people. In the mode of education we are simply treading upon the heels of our predecessors. It is high time to remould and remodel the education system. At present it serves only to swell the number of unemployed among the educated classes. Perhaps it was with a view of decreasing the number of unemployed among the educated that the Government adopted the unwise policy of reducing the percentage of passes in the S. S. L. C. Examination.

DEPUTY PRESIDENT: Government had nothing to do with it. It was done by a Board.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): This policy is neither sound nor effective in solving the great problem of unemployment. The cause is to be sought somewhere else. It is the economic distress that presses the people everywhere. Unless the Government find out some means to solve this vital problem, they cannot do away with the unemployment question. Sir, in this connection I would suggest that it is better to restrict admission of students in the higher classes than wreck them after giving them false hopes of success by reducing the percentage all on a sudden.

Sir, a word about the Medical Department also would not be out of place. Since the creation of the Medical Board, it had been the target of public attack. It is no secret that the Medical Board was created to satisfy certain individuals. The Council members were most vehement in their condemnation of the Medical Board. While matters stand thus, the Government, as if to add insult to injury, propose to create a Board for Ayurveda also. Perhaps this may also be to effect some compromises between rival claimants in that department. If the Government have not already learned by previous experience, I may warn them that this also is sure to fail.

The Financial Secretary feels jubilant over the fact that the pay of the Constables in the Police Department, and of the peons in the Anchal Department has been raised by one or two rupees. I do not grudge the fate of these fortunate fellows. Let them thank their stars. But, I am

LIBRARY ARCHIVES Kerala Legislative Assembly

at a loss to know why such a partiality has been shown to certain low-paid servants in certain departments alone. It was brought to the notice of the Government several times that the pay of all the low-paid servants should be raised. This policy of making fish of one and flesh of another is not at all commendable.

Since this is the last Budget Session of this Council it will not be out of place to look back and survey whether we have made any progress in any respect. I am sorry to say that we have not made any advancement worth mentioning. In many respects we are stagnant while in one or two aspects we have even gone backward. At this rate we would be frustrated in our hopes of a prosperous future. On the whole I may say the horizon is dim and dark without any silver lining on it.

MR. V. CHELLAM PILLAI (*Tovala*): Sir, I was glad to go through the Budget, not because everything necessary has been provided for in it, but because the Financial Secretary has not included unnecessary items in the Budget to such an extent as to involve the Government in debt.

DEPUTY PRESIDENT: I do not quite follow you, Mr. Chellam Pillai. What are you saying? You said that the Financial Secretary has not included unnecessary items *to such an extent*. So, your inference is that *a few unnecessary items have been included*.?

MR. V. CHELLAM PILLAI (*Tovala*): Yes, Sir. Travancore is pre-eminently an agricultural country. The present condition of agriculture is very deplorable. The prices of paddy and cocoanut have gone down a great deal. The ryots drift into insolvency. That is the pesent condition. To alleviate this condition, no provision is made by the Financial Secretary. He once asked Mr. Pachu Pillai or somebody else whether he can suggest any method. I can suggest one. First of all, the produce from the lands should be increased to such an extent as to compensate for the loss. That is one item of work which the Agricultural Department should do. Another thing is that the Government must find out some more profitable crop which is suitable to Travancore. In that way also we can compensate for the loss which the ryots are incurring. There is another thing which I am not going to say now because it is a business secret.

Then, with regard to agriculture, it is seen from the Administration Report that a large quantity of manure has been sold in 1104 as compared to 1103. But what about the sale of manure in 1105? When we take this into consideration, I can very well say that not even 50 per cent of the quantity sold in 1104 has been sold this year.

DEPUTY PRESIDENT: Was it because there was no demand for it; or the price was prohibitive?

MR. V. CHELLAM PILLAI (*Tovala*): No, Sir, It was because the ryots were not able to buy the manure. That is their present condition

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Chellam Pillai.]

Moreover, we can see from the Administration Report for 1104, page 112:

"With the increase in the area brought under cultivation, the supply of organic manures available in the country is falling short of the requirements. Steps were therefore being taken by the department for finding out new sources to meet the increasing demand and for popularising the use of chemical manures."

For the shortage of the organic manure the remedy is not to popularise the use of chemical manure. Organic manure can be substituted only by organic manure and not by chemical manure. This can be done very easily. The organic manure comprises of green leaf manure, punnac and other manures. We have large areas of forests with big officials and staff and no steps are being taken for producing organic manures in the State. But I can say one thing. At the time the Conservator of Forests had been to Nagercoil and other places in Edavam last he promised to give the ryots of Nanjanad certain portions of the reserved forests for planting manure trees. To that extent I can thank him; but I do not know how far the ryots will be benefited by this. If it had been done, as in the case of timber growing, by the department, it would be of greater help to the ryots. At page 112 of the Administration Report it is stated:

"Experiments have proved that they could be made easily assimilable by plants by prolonged treatment with re-agents like ammonium sulphate, cattle-dung emulsion and bone-meal."

DEPUTY PRESIDENT: What is it that you are reading from?

MR. V. CHELLAM PILLAI (*Tovala*): The Administration Report for 1104.

"Experiments designed to test the comparative effect of different kinds of artificial manure on paddy were repeated and the plots treated with superphosphate gave the best yield. The manures were applied as a top-dressing after incorporating a heavy dressing of cattle manure."

Even for demonstrating these chemical manures, it has been found, by the department, necessary to have heavy dressings of cattle manure. But, where to go for the cattle manure for which neither the Agricultural Department nor the Financial Secretary has made any suggestion. At the same time they are providing more funds to this department.

Another thing is that the Government are annually realising an excess tax from the Nanjanad ryots; and this fact has been placed before the Government for the last 20 years or so. The Government have been convinced of this, and yet they do not show any sympathy whatsoever to redress the grievance. If this is to go on for a long time I think the people cannot sit quiet. It is likely that they may begin no-tax campaign. The present fall in the price of paddy has affected them to such an extent. They have been asked to pay Rs. 5½ in excess per *Kotta*.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: Do you suggest its convertion to *para*?

MR. V. CHELLAM PILLAI (*Tovala*): Yes.

DEPUTY PRESIDENT: It is an old controversy.

MR. V. CHELLAM PILLAI (*Tovala*): Yes. But, it may develop into a no-tax campaign; and the Police Commissioner will have to come with his *lathis* and all that.

DEPUTY PRESIDENT: Enough unto the day is the evil thereof. You can pass on. Stop with no-tax campaign, and there will be no necessity for *lathis*.

MR. V. CHELLAM PILLAI (*Tovala*): I do not think the Government will be able to realise the tax. Under the Re-settlement Accounts I think the Revenue Commissioner will not have much to collect.

DEPUTY PRESIDENT: In spite of the Kodayar Irrigation Project?

MR. V. CHELLAM PILLAI (*Tovala*): What of that, sir? The produce from the field is going down day by day.

DEPUTY PRESIDENT: Is that peculiar to Nanjanad—the fall in the price of paddy?

MR. V. CHELLAM PILLAI (*Tovala*): No, Sir, it will apply to other places also.

I have to say another thing also. When the Great War broke out in 1914 the people agitated for a control of food-stuffs. At the beginning only the labouring classes were affected. The Government said that they were not going to indulge in any commercial ventures. When big people and officers were not able to get their paddy and rice, then they came in and took up the control.

DEPUTY PRESIDENT: That is a grave charge laid against the Government for what they omitted to do in 1914.

MR. V. CHELLAM PILLAI (*Tovala*): I am simply referring to that. The time will come when the ryots will have to take up some more profitable crop. In that case our people will have to depend upon Burma and Akyab for their rice. When such a contingency takes place, then the Travancore Governmet and the people will have to blink.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Is it the member's contention that during the war the consumer was protected, and now the producer is not protected?

MR. V. CHELLAM PILLAI (*Tovala*): The consumer was protected during the war; and now also he should be protected.

DEPUTY PRESIDENT: He is asking you whether your complaint is that the consumer should also be protected?

MR. V. CHELLAM PILLAI (*Tovala*): In the interests of the consumer the producer should also be protected. If the producer is not protected the consumer also will have to suffer. That is my point.

Then, with regard to Co-operative Societies, I think the work of the Registrar is very heavy and the Societies are growi g in numbers.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: There is a budget provision for the appointment of more Co-operative Inspectors.

MR. V. CHELLAM PILLAI (*Tovala*): I know that. That is not enough. Last year I was speaking on it. This year a small sum is provided. As a matter of fact the provision is too low. I don't say that the officers are ineffecient.

DEPUTY PRESIDENT: I follow you. You say that they have not got sufficient time?

MR. V. CHELLAM PILLAI (*Tovala*): Therefore a greater amount ought to be given.

Then, about the Excise, the *pallavi* has been sung that the temperance movement has been dealt with in a very repressive manner; therefore I am not going to deal with the subject. Anyhow, I will say one word. The Government are one with the non-official side to promote temperance. But the question is that we want the Government to go at a quicker speed; but the Government are moving very slow.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): In which direction?

MR. V. CHELLAM PILLAI (*Tovala*): I think, in the right direction. We want them to move quicker, but they are moving very slowly.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): Is the member sure that the Government are moving?

MR. V. CHELLAM PILLAI (*Tovala*): That is my conviction. I hear that people are charged with *lathis*, and all those things.

MR. A. THANU PILLAI (*Trivandrum*): Has Mr. Chellam Pillai seen a *lathi*?

MR. V. CHELLAM PILLAI (*Tovala*): Yes, I have seen. It was brought to Suchindram in connection with the Satyagraha movement.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): Did he get frightened?

MR. V. CHELLAM PILLAI (*Tovala*): Oh, no. I can myself wield it.

DEPUTY PRESIDENT: He does not belong to the non-violent non-co-operation section.

MR. V. CHELLAMPILLAI (*Tovala*): In the opinion of the Government they think they are moving cautiously. Alright. But the Government can move faster even with more caution. The opinion of the Government may not be taken as final. I know one instance in which the Government and the experts proclaimed that a certain thing is not at all possible; but a poor ryot was able to convince them and to demonstrate to them that it was possible.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): What is that certain thing?

DEPUTY PRESIDENT: If it is worthwhile mentioning to the Council the member will do it. Leave it to him. He merely wants to

LIBRARY ARCHIVES Kerala Legislative Assembly

illustrate the fact that experts ought not to be taken as giving the last word on the subject.

MR. V. CHELLAM PILLAI (*Tovala*): Yes. In regard to the Variyur salt factory, the Chief Engineer, the Excise Commissioner and others proclaimed that it was not possible to work it. But Mr. Sivatanu Pillai, a gentleman from Nanjanad, took up the work and showed that it was possible to cultivate salt. So, the expert opinion coming from Government quarters should not be taken as final. Even if we move a little bit faster, I think the temperance movement could be carried on to a successful end. Therefore, I simply suggest that the Government should move a little bit move quickly.

Then with regard to salt culture, I have to say one or two words. The complaint from the ryots is that the supply of brine is not adequate. This complaint has been accepted by the department itself. But this complaint has been before the Government for the last 10 or 12 years and during all this long period the Government have not been able to do anything in the matter. They are getting something like 18 lakhs of rupees from salt every year. The problem is before the Government. I think it is in the hands of the P. W. D. now. The Chief Engineer has been there two years ago, to inspect about the diversion of a small canal. But even after the lapse of two years, I regret to say that he has not been able to do the diversion of the small canal. If the Government are able to advance only at such a low speed, I do not know when it would be possible for us to improve salt culture in Travancore. We are very proud of the State aid to Industries Bill and all that; but at the same time we are neglecting salt manufacture. This is deplorable.

DEPUTY PRESIDENT: Your time is up. But still, as the matter you are referring to is of practical importance, I shall allow you some time more. I will allow you three minutes. That is the longest concession I can make.

MR. V. CHELLAM PILLAI (*Tovala*): Sir, we have got something like 471 acres under salt cultivation. Out of these, only 95 acres do get sufficient quantity of brine. The remaining 375 acres do not get adequate supply of brine. If all this area, as I have stated in the last Budget Session, is supplied with adequate brine, I think the produce will be too much for our consumption. But this is a problem which is pending before the Government for the last so many years; and the Engineering Department is not at all coming forward to do anything in that matter.

DEPUTY PRESIDENT: Why?

MR. V. CHELLAM PILLAI (*Tovala*): That has to be answered by the Department or by the Government. There is a proposal before the Government; and it is now for the Engineering Department to construct a pier and pump brine from the sea. I cannot understand why a proper estimate for the work cannot be submitted to Government.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : It may be a costly experiment.

MR. V. CHELLAM PILLAI (*Tovala*) : Government have already sanctioned that. They have accepted the policy. The only thing is that they have not got a correct estimate.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : The Government are moving slow.

MR. V. CHELLAM PILLAI (*Tovala*) : How slow, Sir? How long will it take? It is more than ten years since the Government took up this question. Government have agreed to our proposals ; but it seems to take more than ten years to construct a pier or to find out some method by which brine can be supplied. Are we to pay so heavily for such officers who are not able to get us brine from the sea? We are paying them very heavily now-a-days. It is deplorable.

Then, with regard to *kudivila* and other matters—that is also another cause for the neglect which the licensees are charged with. Sir, the licencees are to get 2/5 of the value of the salt they produce. The price of the salt is Re. 1 as. 4 (according to Government, excluding duty) per bag of two maunds). The price of one maund will be 10 as. Out of this the licenesees are entitled to get two-fifths, that is about 8 annas. But they are now given only 5 annas per maund. I do not know upon what calculation this amount is now given. I challenge the Excise Commissioner to explain the basis? In the monopoly factories, they are entitled to Re. 1-8 as. per bag *i. e.*, they are given a *melvaram* which has been said to denote the duty. If we were to go through the Administration Report of last year and the previous years—

DEPUTY PRESIDENT : We will leave that to be examined later on. Your time is up.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): സർ, ഇപ്പോൾ നമ്മുടെ മുൻപാകെ വയ്ക്കപ്പെട്ടിരിക്കുന്ന ബഡ്ജറുകൊണ്ടു അടുത്തവർഷത്തേക്ക് ൨൫൦ ലക്ഷത്തിഎഴുപത്തിഫൻപതിനായിരത്തിഎഴുപത്തിമൂന്നു രൂപാ വരവും ൨൪൭൬൨൫ രൂപാ ചിലവും ഉണ്ടായിരിക്കത്തക്കവണ്ണവും വർഷാവസാനത്തിൽ ൨,൨൦,൦൦൦ രൂപാ മിച്ചം വരത്തക്കവണ്ണവുമുള്ള ഒരു കണക്കാണു കാണപ്പെടുന്നതെന്നു വിശദപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ഈ വർഷത്തിലും സങ്കല്പിതമായ സംഖ്യയേക്കാൾ ഈ ബഡ്ജറിന്റെ ആവശ്യത്തിലേക്ക് റിവയിസ്സ് ചെയ്തകണക്കുപ്രകാരം നിലവിലിരിക്കുന്നകൊല്ലത്തിൽ അല്പം മിച്ചം കാണിക്കുന്ന ഒരു കണക്കും തന്നിട്ടുണ്ട്. ക്രമേണ വർദ്ധിക്കത്തക്കവണ്ണം കഴിഞ്ഞുകൂടിയ കാലങ്ങളെ ഒരോന്നിനേയുംതാരതമ്യപ്പെടുത്തിനോക്കിയാൽ ഇങ്ങനെ വിശ്വാസയോഗ്യവും ആശാജനകവുമായവിധത്തിൽ ആണ്ടുതോറും കുറേശ സംഖ്യ വർദ്ധിക്കുമെന്നു കാണിച്ചു വർഷാവസാനത്തിൽ അല്പം മിച്ചം വച്ചു ബഡ്ജറ് തയാറാക്കി പൂർത്തിയാക്കിയിരിക്കുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ കഴിയുന്നതാണു്. അതുകൊണ്ടു ബഡ്ജറു നിരാശാജനകമായി രിക്കുകയില്ല. തൃപ്തികരമായിരിക്കയും ചെയ്യും. എന്നാൽ ഈ അവസ്ഥയിൽ നമ്മുടെ പണം അല്പമെങ്കിലും മിച്ചംവയ്ക്കത്തക്കവണ്ണം നമ്മുടെ രാജ്യകാര്യങ്ങളും നടത്തപ്പെട്ടുപോരുന്നുണ്ടോ എന്നുള്ളകാര്യത്തേപ്പറ്റി രണ്ടുമൂന്നു സംഗതികളെ എനിക്കു ശ്രദ്ധാവിഷയമാക്കി വിവരിച്ചു പറയുവാനുണ്ടു്.

കഴിഞ്ഞവർഷത്തേക്കാളും ഈ വർഷത്തിന്റെ ആദ്യത്തിലും വർഷാവസാനത്തിൽ ൧,൫൪,൦൦൦ രൂപാ മിച്ചംവരുമെന്നു സങ്കല്പിച്ചിരുന്നു. എങ്കിലും റിവയിസ്സുചെയ്ത എസ്റ്റിമേറുംപ്രകാരം ൪,൭൬,൦൦൦ രൂപാ മിച്ചം വരുമെന്നു സങ്കല്പിച്ചിട്ടുള്ളതായി കാണുന്നുണ്ടു്. ഇങ്ങനെ റിവൈസുചെയ്യുകയെന്നുള്ള സമ്പ്രദായം ഈ ബഡ്ജറിന്റെ ആവശ്യത്തിനുവേണ്ടി മാത്രമാണോ എന്നു തോന്നിപ്പോകുന്നു. എന്തെന്നാൽ ൧൯൨൩-ാമാണ്ടു് റിവൈസ്ചെയ്ത എസ്റ്റിമേറുപ്രകാരം ൧൬,൫൧,൦൦൦ രൂപാ മിച്ചം വരുമായിരുന്നിരിക്കെ വർഷാവസാനത്തിൽ വാസ്തവത്തിൽ വന്ന മിച്ചം ൨൩,൭൭,൦൦൦ത്തി ശിഷ്ടം രൂപായാണു്. അതുപോലെതന്നെ ൧൯൨൪-ൽ സങ്കല്പിച്ചിട്ടുള്ള സംഖ്യ റിവൈസുചെയ്ത എസ്റ്റിമേറുംപ്രകാരം ൧൯,൯൯,൬൦൦ രൂപാ ആയിരുന്നിരിക്കെ വർഷാവസാനത്തിൽ ൨൩,൯൯,൯൯൫ രൂപാ മിച്ചംവന്നിട്ടുണ്ടു്. ഈ കണക്കുകൊണ്ടു റിവൈസുചെയ്ത എസ്റ്റിമേറുംപ്രകാരമുള്ള മിച്ചം ഒരു സങ്കല്പിതചിത്രമാണെന്നും ഇതു ബഡ്ജറിന്റെ ഉപയോഗത്തിനായിട്ടുമാത്രം കണക്കാക്കീട്ടുള്ളതാണെന്നും അങ്ങിനെ കണക്കാക്കീട്ടുള്ള സംഖ്യയിൽനിന്നും അല്പമെങ്കിലും വർദ്ധമാനമായിട്ടു നല്ല ഒരു സംഖ്യഅവസാനത്തിൽ മിച്ചം വരുന്നതാണെന്നും തുടരെയുള്ള എസ്റ്റിമേറു് പരിശോധിച്ചാൽകാണാം. ഫൈനാൻഷ്യൽസിക്രിട്ടറിയുടെ പ്രസംഗവും ബഡ്ജറുംകൂടി തുടർച്ചയായി നോക്കിയതിൽ അനേകം ഭാഗങ്ങളും വിചിത്രങ്ങളായി കാണുന്നുണ്ടു്. കഴിഞ്ഞവർഷത്തിൽ നിശ്ചയിച്ചിരുന്ന സംഖ്യയിൽനിന്നു് കൂടുതലായിട്ടു രണ്ടുമൂന്നുലക്ഷം രൂപായോളം ചിലവായിട്ടുള്ളതായിട്ടും ൨ ലക്ഷത്തിൽ ചിലപാനം രൂപാ കഴിഞ്ഞവർഷത്തിൽ മിച്ചം കിട്ടുമെന്നാശിച്ചിരുന്നതായിട്ടും കാണുന്നു. എന്നാൽ കിട്ടുമെന്നാശിച്ചിരുന്ന രണ്ടുമൂന്നു ഡിപ്പാർട്ടുമെൻറിൽനിന്നും പണം ഉദ്ദേശിച്ചിരുന്നതുപോലെ പിരിഞ്ഞുകിട്ടാത്തതിനാൽ ആശിച്ചിരുന്നതിൽ ൨,൪൪,൦൦൦ രൂപാ കുറഞ്ഞു എങ്കിലും കിട്ടുമെന്നു ആശിക്കാത്ത മറ്റു ചില ഡിപ്പാർട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

മെൻറിൽനിന്നും വരവു കുട്ടതലായുണ്ടായിരുന്നതിനാൽ ആശിച്ചിരുന്ന തുപോലെയെന്നല്ല അല്പം മിച്ചവും കുടിവന്നിട്ടുണ്ട്. ഇങ്ങനെ ആണ്ടിന്റെ ആദ്യം സങ്കല്പിച്ചതിലധികം റിവൈസ്ഡ് എസ്റ്റിമേറിൻപ്രകാരമുള്ള സംഖ്യയിൽ ൪.൫൦ ലക്ഷം രൂപാ മിച്ചം കാണുന്നു. ഇനി ഈ തുക എങ്ങിനെവന്നു എന്നാണു നോക്കേണ്ടതു്. കഴിഞ്ഞവർഷത്തിൽ ചിലവുചെയ്യുന്നതിനു നിശ്ചയിച്ചിരുന്ന തുക ചിലവുചെയ്യാതെ മിച്ചമായിട്ടു കണക്കാക്കിയതു ഏറ്റവും ദയനീയമായിട്ടു തോന്നുന്നു., നാലുവർഷത്തിനുമുൻപുമുതൽ മലയാളസ്കൂൾ അദ്ധ്യാപകന്മാക്കു ശമ്പളക്കുട്ടതൽ കൊടുക്കുന്നതിനായിട്ടു ജനപ്രതിനിധികൾ വാദിക്കുകയും അവരുടെ ശക്തിയായ നിർബന്ധം നിമിത്തം ഒരു കമ്മിറ്റി ഏർപ്പെടുത്തി ആ കമ്മിറ്റിയുടെ സുപാർശപ്രകാരം ശമ്പളം കുട്ടികൊടുക്കണമെന്നു തീർച്ചപ്പെടുത്തി. എങ്കിലും ൧൦൨-ലെ ബഡ്ജറ്റിൽ ഒരു കാശ്രും ഇതിലേക്കുകൊള്ളിക്കാതിരുന്നതിനാൽ ജനപ്രതിനിധികൾ വീണ്ടും ശക്തിയുക്തം വാദിച്ചു. തദനന്തരം ൧൦൩ വൃശ്ചികത്തിലെ കൗൺസിൽയോഗത്തിലാണു് ഫലക്ഷം രൂപാ അവക്കു വീതിച്ചുകൊടുക്കാൻ ഗവണ്മെൻറു് എറിഞ്ഞുകൊടുത്തതു്.

൧൦൩ അവസാനംവരെ അതു വീതിച്ചുകൊടുക്കാൻ സാധിക്കാതെ ൧൦൪-ലും അതിലേക്കു് ഒരു തുക ബഡ്ജറ്റിൽ ചേർത്തു. ആ തുകയിൽനിന്നും മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തുക നിർണ്ണയിക്കുന്നതിനു ഒരു സ്പെഷ്യൽസ്റ്റാഫ് ഏർപ്പെടുത്തി അതിലേക്കും കുറെ പണം ചിലവാക്കി. എങ്കിലും ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകന്മാക്കു് വീതിച്ചുകൊടുക്കാൻ വച്ചിരുന്ന രൂപാ യഥോചിതം വീതിച്ചുകൊടുക്കുന്നതിനുള്ള ശക്തിക്കുടി ഗവണ്മെൻറിനില്ലെങ്കിൽ ഡിപ്പാർട്ടുമെൻറിനു ഇല്ലാതെപോയി എന്നു കാണിക്കാനുള്ള ഒരു അടയാളമായിട്ടാണു് ഇപ്പോൾ ഈ മിച്ചത്തെ ഞാൻകാണുന്നതു്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ധാരാളം ശമ്പളക്കാരുണ്ടു്, മാനേജരുണ്ടു് പോരെങ്കിൽ ഇതിലേയ്ക്കുതന്നെ കുട്ടതലായി ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്. പ്രതിവർഷം അനേക ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നുമുണ്ടു്. ഈ സ്ഥിതിക്കു് ഇത്രവളരെ പ്രധാനമായിരിക്കുന്ന ഒരു കാര്യത്തിൽ ശരിയായി പ്രവത്തിക്കുന്നതിനു സാധിക്കാതെ പോയതിന്റെ ഫലമായിട്ടാണു് വർഷാവസാനത്തിൽ കുട്ടതൽ മിച്ചം കാണിക്കാനിടയായിട്ടുള്ളതു് എന്നു കുടി പറയേണ്ടതായിവന്നിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT. ഈ ആണ്ടിൽ ആക്കും ഒന്നും കൊടുത്തില്ലെന്നാണോ പറയുന്നത്?

MR. A. C. KURIAKOSE (*Minachil cum Devicolam*): എന്നല്ല ഞാൻ പറഞ്ഞത്. അവക്ക് കൊടുക്കാനുള്ള ശമ്പളം കൊടുക്കാൻ സാധിക്കാതെ ബാക്കി വച്ചിരിക്കകൊണ്ടു മിച്ചം കൂടുതൽ വന്നു എന്നാണ് ഞാൻ പറഞ്ഞത്. ഇങ്ങനെ ചിലവാക്കാനുള്ള സംഖ്യ ചിലവാക്കാതെ ബഡ്ജറ്റിൽ മിച്ചം കാണിക്കുന്നതു കൊണ്ട് എന്താണു പ്രയോജനമെന്നുകൂടി ഞാൻ ചോദിച്ചുകൊള്ളുന്നു.

പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽനിന്നും ൬൫,൦൦൦ രൂപാ ഈ കൊല്ലത്തിൽ മിച്ചം വച്ചിരിക്കുന്നു. അതിൽ ആക്കും തന്നെ പരാതിയില്ല. എന്നാൽ ഉത്തര തിരുവിതാംകൂറിൽ ഈ ഡിപ്പാർട്ടുമെൻറു കാണിക്കുന്ന നയം രസാവഹമാണ്. ഇന്നു തന്നെ എൻറെ ഒരു ചോദ്യത്തിനു നൽകിയ മറുപടിയിൽ ൧൦൦-ൽ ശിഷ്ടം രൂപാ അനുവദിച്ചിരുന്ന ഒരു വേലയ്ക്ക് ൯൦൦-ൽ ചിലവാനം രൂപാ മാത്രമേ ചിലവാക്കീട്ടൊള്ളു എന്നാണ് പറഞ്ഞു കാണുന്നതു. എന്നാൽ എനിക്കു തന്നെ ഇതിനെപ്പറ്റി നല്ലതിൻവണ്ണം അറിയാം. ഈ ആണ്ടിൽ അവിടെ യാതൊരു ജോലിയും നടത്തിയിട്ടില്ല. ഗവണ്മെൻറിൽ നിന്ന് ഒരാളിനെ അയച്ചു അന്വേഷിപ്പിക്കുകയാണെങ്കിൽ ഇതു സൂക്ഷ്മമായി അറിയാൻ സാധിക്കും. പിന്നെ അവിടെ എന്താണ് നടക്കുന്നതു്. വർഷാവസാനത്തിൽ മണ്ണുവെട്ടി റോഡിൽ അവിടവിടെ നിരത്തി ഇടാറുണ്ട്. ഒരു മഴ പെയ്യുന്നതായാൽ റോഡിൻറെ സ്ഥിതി പഴയതുപോലെ തന്നെ. ഇങ്ങിനെ പണം ചിലവാക്കുന്നതു കൊണ്ട് ആക്കാണു പ്രയോജനം. ഇതിനുംപുറമെ ഒരുറോഡുവകയ്ക്ക് എത്ര രൂപാ അനുവദിച്ചാലും എക്സിക്യൂട്ടീവുഡിവിഷനിലേ ഇഞ്ചിനീയർക്കു അതതു എക്സിക്യൂട്ടീവുഡിവിഷനിൽതോന്നുന്ന സ്ഥലത്തേക്ക് ആ പണം മാറിചിലവു ചെയ്യാൻ ഒരു വിഷമവുമില്ല. കൺട്രാക്ടർമാരുടെ വാക്കുകൾകേട്ടോ അല്ലെങ്കിൽ പ്രത്യേകമായിചില ആളുകളോടുള്ള പ്രതിപത്തി കൊണ്ടോ സാധാരണ ഒരു റോഡിനു അനുവദിച്ചിട്ടുള്ള പണം മറു ഒരു റോഡിലേക്ക് വിനിയോഗിക്കുന്നുണ്ട്. ബഡ്ജറ്റിൽ പണം ചേർത്തിട്ടുണ്ടെന്നു ജനപ്രതിനിധികളെ പറഞ്ഞുവിശ്വസിപ്പിച്ചു അയക്കുന്നതുമുണ്ട്. ഇങ്ങനെ ചെയ്യുന്നതിനു അനുവദിക്കുന്നതിനാൽ ഏതു ദേശത്തിനു പ്രയോജനപ്പെടണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുവോ അതിനു വിപരീതമായ ഫലമാണ് ഉണ്ടാകുന്നതു്. ഇതു് ഒരിക്കലും ആശാസ്യമായിട്ടുള്ളതല്ല. ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ൻറ് വളരെ താല്പര്യമായി ഗതാഗതസൌകര്യം വർദ്ധിപ്പിക്കാൻ അനുവദിച്ചു കൊടുക്കുന്ന പണം ദുരുപയോഗിക്കയോ ഇങ്ങനെ വർഷാവസാനത്തിൽ തിരിയെ ഒടുക്കുകയോ ചെയ്യുന്നതിനു് അനുവദിക്കരുതെന്നാണു് എനിക്കു പറയാനുള്ളതു്. ഈ നിലയിൽ ഇനിയും കാലം മുന്നോട്ടു പോകുന്നതു് അനുവദനീയമായിട്ടുള്ളതല്ല. ഗവണ്മെൻറു വക പണം ജനങ്ങൾക്കു നന്മ ചെയ്യാൻ നൽകിയിരിക്കുന്ന പണം ചിലവാക്കുകയുംചെയ്യുന്നു. ജനങ്ങളുടെ ആവശ്യം നടക്കുന്നതുമില്ല. ഈ നിലയിൽകാലങ്ങൾ കഴിയുന്നു. ഈ ഒരു ഡിപ്പാർട്ടുമെൻറിലേക്കു് ധാരാളം പണം അനുവദിച്ചു കൊടുക്കുന്നുണ്ടു്. ആ വക പണം ശരിയായ വിധത്തിൽ ചിലവു ചെയ്യണമെന്നാണു് എൻറെ അഭിപ്രായം. ഇപ്പോൾ അങ്ങിനെ ചെയ്യുന്നില്ല. ഓരോ വേലയ്ക്കും നിശ്ചയിക്കുന്ന സംഖ്യ ആ വേലയ്ക്കായിട്ടു മാത്രം ചിലവു ചെയ്യണം. ബാക്കി വന്നാൽ സർക്കാരിൽ തിരിയെ ഏൽപ്പിക്കണം. വീണ്ടും വാങ്ങി വേല പൂർത്തിയാക്കണം. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഒരിക്കലും ജനങ്ങളുടെ സങ്കടം തീരുകയില്ല. വർഷാവസാനത്തിൽ കുറേ മണ്ണിൽ കുഴച്ചും മറ്റും കളയാനായിട്ടല്ലാ ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കു പണം അനുവദിക്കുന്നതു്. ഈ വിധത്തിൽ P. W. ഡിപ്പാർട്ടുമെൻറിൽ നിന്നു വിനിയോഗിക്കുന്ന പണം പ്രയോജനമില്ലാത്തവിധം ചിലവാക്കി കളയുന്നുണ്ടു്. ശരിയായി വിനിയോഗിക്കാൻവഴിയില്ലെങ്കിൽ ആ പണം തിരിയെ ഏല്പിക്കണമെന്നു വ്യവസ്ഥ ചെയ്താൽ ഒരു പക്ഷെ രണ്ടു വർഷത്തിനകം തിരുവിതാംകൂർ P. W. D. വകുപ്പ് കൊണ്ടുണ്ടായിക്കൊണ്ടിരിക്കുന്ന സംകടങ്ങൾ എല്ലാം തീരും.

DEPUTY PRESIDENT. എത്രയാണു് ലാപ്സായതു്?

MR. A. C. KURIAKOSE (*Minachil cum Devicolam*): ഈ ആണ്ടിൽ ലാപ്സായിയെന്നു പറയുന്ന സംഖ്യ ൈ൨,൦൦൦ രൂപാ മാത്രമേയുള്ളൂ. ബാക്കിയുള്ള പണം മുഴുവനും വർഷാവസാനത്തിലുള്ള ഒടുവിലത്തെ മൂന്നു മാസങ്ങളിലായി ഞാൻ മുൻപു സൂചിപ്പിച്ചതുപോലെ പ്രയോജന രഹിതമായി ചിലവഴിക്കുകയാണു്. അങ്ങിനെ ചിലവഴിക്കാനായിട്ടല്ലല്ലോ പണം അനുവദിച്ചു കൊടുക്കുന്നതു്. ആണ്ടു തോറും വലിയ സംഖ്യ അനുവദിച്ചു കൊടുക്കുന്നതു് പ്രയോജന രഹിതമായിട്ടു നശിപ്പിക്കാനല്ലല്ലൊ. ഇപ്പോഴത്തെ അനുഭവം എന്താണു് എന്നു ഞാൻ ചോദിച്ചുകൊള്ളട്ടേ. പി. ഡബ്ലിയു. ഡി. വകുപ്പിൻറെ ശരിയല്ലാത്ത പ്രവർത്തനം രാജ്യവാസികളെ പൊതുവിൽബാധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

വേറെ ഒരു പ്രധാന ഭാഗം റയിൽവേയാണ് ഫ 0 വ-ൽ ഫ ലക്ഷത്തിൽ ചിലപ്പോൾ ശ്രപാ ലാഭം കിട്ടി. ഫ 0 ന-ൽ ഫ ലക്ഷം ശ്രപാ കേരുതി ആണ്ടവസാനമായപ്പോൾ അതു് ൻന; വൃൻ 0 ശ്രപ യായി കുറഞ്ഞു. ഫ 0 ര-ൽ ഒരു ലക്ഷം ശ്രപാ കിട്ടുമെന്നാണ് നിശ്ച യിച്ചിരുന്നതു്. കിട്ടിയതു് ഒ ര് ആയിരത്തി ശിഷ്ടം ശ്രപയാണു്. ഫ ഫ 0 ഒ ലും ഒരു ലക്ഷം ശ്രപാ കിട്ടുമെന്നു ആശിച്ചിരുന്നിരിക്കെ ഫ 0 ; വ 0 0 ശ്രപാ നഷ്ടമായി പരിണമിച്ചിരിക്കുന്നു. ഈ സ്ഥിതി ക്കു് ഈ ബഡ്ജറ്റിൽ ഫ ഫ 0 ന-ലേക്കു് അരലക്ഷം ശ്രപാ കിട്ടുമെന്നു പ്രതീക്ഷിച്ചിരിക്കുന്നതു് വെറും സങ്കല്പം മാത്രമായിട്ടുവരാനേ തരമുള്ളൂ. ഈയാണ്ടിലത്തേതിൽ ഇരട്ടി നഷ്ടമെങ്കിലും പ്രതീക്ഷിക്കാം. ഇതിനു് കാരണം പലതായിരിക്കാം. ഫൈനാൻഷ്യൽ സെക്രട്ടറിയുടെ റിപ്പോ ട്ടിൽ കാണിച്ചിരിക്കുന്നതു് റെയിൽവേ ലയിനിന്റെ വക്രതനേരേയാ ക്കിയതു കൊണ്ടാണു് ഈ കുറവിനു ഇടയായതു് എന്നാണു്. എസ്. മെ. ആർ. അവരുടെ ലയിൻ നേരെയാക്കിയതിൽ, സഹ്യാദ്രിക്കു് ഇപ്പുറം കിടക്കുന്ന തിരുവിതാംകൂർ ഗവണ്മെൻറിനു നഷ്ടം സഹിക്കേ ണ്ടി വന്നതു് എങ്ങിനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഫ്രൻ ര ഒ കഴിഞ്ഞാൽ എന്തോ ഒരു വലിയ കായ്യം സാധിക്കാൻ കഴി യുമെന്നു തോന്നുന്നതായിട്ടാണു് റെയിൽവെ കായ്യം ഇപ്പോൾ ശ്രദ്ധയി ൽപ്പെടുന്നതു്. ക്രമേണ ഫ ഫ 0 വ-മുതൽ ഇങ്ങോട്ടു നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നതുകൊണ്ടു് ഫ്രൻ ര ഒ ആകുമ്പോൾ ഈ റയിൽവേ ലൈ ൻവേല സംബന്ധിച്ചുള്ള ആശ മുഴുവൻ നഷ്ടപ്പെടുമെന്നാണു് എനിക്കു തോന്നുന്നതു്. ഇതിലേക്കു് ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കാൻ ഈ കൌൺസിലിനു് അധികാരമില്ല. അതുകൊണ്ടു് നിശ്രപണപരമായി എന്തെങ്കിലും പറഞ്ഞു നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻതരമാകയുമില്ല. റെയിൽവേ സംബന്ധിച്ച ഈ നഷ്ടത്തിനു കാരണം പുത്തൻ ലൈയിൻ വെട്ടിയതുകൊണ്ടു് മാത്രമായിരിക്കയില്ല—അങ്ങിനെയാണെങ്കിൽ, ഒക്കി ണ്ണയിന്ത്യയിലെറെയിൽവേയുടെ വക്രതകളെ മാറുന്നതിൽ ചെങ്കോട്ടക്കു് ഇപ്പുറം കിടക്കുന്ന നാം നഷ്ടം സഹിക്കണം എന്ന വരികയാണെങ്കിൽ— അതിനെപ്പറ്റി ഗാഢമായിചിന്തിക്കേണ്ടതാണു്. അപജയകരവും, ഒരു പക്ഷേ ആപൽകരവുമായ റെയിൽവേ ഇടപാടു് നമുക്കു് ഗുണകരമല്ലാ ത്തപക്ഷം, ആ കായ്യം പാടെ ഉപേക്ഷിക്കുന്നതു അധികം നന്നായിരി ക്കും. നമ്മുടെ രാജ്യം തന്നേയും പണയപ്പെട്ട പോകുന്ന ഒരു ഏർപ്പാ ടു പരിരക്ഷിക്കരുതാത്തതാണല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ഇനി എനിക്ക് പറയാനുള്ളത് എഡ്യൂക്കേഷൻഡിപ്പാർട്ടുമെൻറിനെപ്പറ്റിയാണ്. ഈ വകുപ്പിൽ വർണാക്യൂലർ സ്കൂൾ അദ്ധ്യാപകന്മാക്ക് ശമ്പളം കുറെകൂട്ടികൊടുത്തു. അതുകൊണ്ടുകാർക്കില്ല. ഗ്രാൻറ് സ്കൂളുകാർക്ക് ന്യായമായി കിട്ടേണ്ടതു കൊടുക്കുന്നില്ല. ഗ്രാൻറ് സ്കൂളുകാർക്ക് വീതിച്ചിട്ടുള്ളതുതന്നെ ശരിയായികൊടുക്കണമെങ്കിൽ മൂന്നു കൊല്ലത്തേയ്ക്ക് അദ്ധ്യാപകന്മാരെമാറാതെ വച്ചു കൊണ്ടിരിക്കുന്ന എന്നുള്ള കണക്കുകാണിക്കണം. ഏതെങ്കിലും കാരണവശാൽ ഒരദ്ധ്യാപകൻ ഒരു സ്കൂൾ വിട്ട മറെറാരു സ്കൂളിലേക്കു പോയാൽ ആ സ്കൂളിലേക്ക് ഗ്രാൻറ് കൊടുക്കയില്ല ഇങ്ങനെ പലവ്യവസ്ഥകളുംകൊണ്ട് കഷ്ടപ്പെടുത്തുന്നുണ്ട്. ഒരു മാനേജ്മെൻറിൽ നടക്കുന്ന സ്കൂളിനു എഡ്യൂക്കേഷൻ കോഡ് ഉണ്ടായകാലത്തു നിർദ്ദേശിച്ചിട്ടുള്ള വിധം ശരിയായി ഗ്രാൻറ് കൊടുക്കേണ്ടതാണ്. ഒരു അദ്ധ്യാപകനെ മാററിയോ അതല്ല വച്ചുകൊണ്ടിരിക്കുന്നുവോ എന്നെല്ലാം നോക്കേണ്ടതു ഇൻസ്പെക്ടരുടെ ജോലിയാണ്. അതു നീതിയോ, അനീതിയോ, ന്യായമോ, അന്യായമോഎന്ന് അദ്ദേഹം ഉദ്യോഗസ്ഥൻ നോക്കിക്കൊള്ളുമല്ലോ. നിശ്ചയിക്കുന്നതുക എന്തെന്നു പറഞ്ഞാൽപ്പോരയോ. തിരുവിതാംകൂറിലെ വളർന്നു വരുന്ന വിദ്യാഭ്യാസത്തെപ്പററി ലോകമെല്ലാം പ്രസിദ്ധിനേടിയിട്ടുണ്ട്. വിദ്യാഭ്യാസം മുന്നിട്ടു നിൽക്കുന്ന ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിൽ ഒന്നാംസ്ഥാനം തിരുവിതാംകൂറിനും രണ്ടാംസ്ഥാനം കൊച്ചിക്കുമാണ്. ഇവിടത്തെ വിദ്യാഭ്യാസത്തിനു ഇത്ര വളരെ പ്രസിദ്ധി സമ്പാദിക്കുവാൻ ഉള്ള സാഹചര്യങ്ങളിൽ ഒരു പ്രധാനഭാഗം പ്രൈവറ്റു സ്കൂൾ മാനേജ്മെൻറ് വഹിക്കുന്നുണ്ട്. അങ്ങിനെയുള്ള മാനേജുമെൻറിനാൽ നടത്തപ്പെടുന്ന സ്കൂളുകളിൽ ഒരു അദ്ധ്യാപകനെമാററിയെന്നുള്ള കാരണത്താൽ ശരിയായ ഗ്രാൻറ് നൽകാതെയിരിക്കുന്നതു ഒട്ടും ശരിയല്ല. ഈ വിഷയത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധാകൂട്ടുതലായി പതിഞ്ഞു കാണാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ രാജ്യത്തെ ധനവിനിയോഗസ്ഥിതികുറേദയനീയമാണ്. നമ്മുടെ വരവു കുറവാണെങ്കിലും അന്യരെ സഹായിക്കുന്നതിനുള്ള താല്പര്യം തിരുവിതാംകൂർ ഗവണ്മെൻറിനു ധാരാളമുണ്ട്. ഇവിടെയുള്ള ക്ഷയരോഗികളെല്ലാം മദനപ്പള്ളിയിൽ പോയി ചികിത്സിക്കുന്നതിനു ഒരു സഹായധനം ആ സ്ഥാപനത്തിലേക്ക് കൊടുക്കാൻ ഗവണ്മെൻറു തീച്ചപ്പെടുത്തിയിട്ടുണ്ട്. അതിലേക്ക് ₹ ൧,൦൦൦ രൂപാ വീതമാണ് അ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തരണ്ടു വർഷങ്ങളിലേയ്ക്കു മദനപ്പള്ളി ആശുപത്രിക്കുവേണ്ടി ദാനം ചെയ്യാൻ വിചാരിക്കുന്നതു്.

DEPUTY PRESIDENT: തിരുവിതാംകൂറിലുള്ള രോഗികളാരും മദനപ്പള്ളിയിൽ പോയി ചികിത്സിച്ചിട്ടില്ലയെന്നാണൊ മെംബർ പറയുന്നതു്.

MR. A. C. KURIAKOSE (*Minachil cum Devicolam*): അങ്ങിനെ ഞാൻ പറഞ്ഞില്ല. പറയുന്നുമില്ല. ഇതുവരെ തിരുവിതാംകൂർ ഈ കാര്യത്തിൽ ശരിയായി പ്രവർത്തിക്കാതിരുന്നതിൽ ഞാൻ സങ്കടപ്പെടുകയാണു ചെയ്യുന്നതു്. തിരുവിതാംകൂറിലെ പ്രജകൾ ക്ഷയരോഗം നിമിത്തം സങ്കടപ്പെടുന്നു. അതിലേക്കു പരിഹാരമായി തിരുവിതാംകൂറിനു വെളിയിലുള്ള ഒരു സ്ഥാപനത്തിലേക്കു കുറേപണവും കൊടുത്തു് ഈ രോഗികളെ മദനപ്പള്ളിൽ ചികിത്സിക്കുമെന്നു സങ്കൽപ്പിച്ചു് അറിവും പരിചയവുമില്ലാത്ത അന്യനാട്ടിലുള്ളവരെ എല്പിക്കുന്നതു് കഷ്ടമാണെന്നാണു് എനിക്കു് തോന്നുന്നതു്. മറ്റുള്ള പണികളെല്ലാം നിറുത്തിവച്ചിട്ടെങ്കിലും ഇവിടെ ഇതിലേക്കുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതായിരുന്നു. അതിനുപ്രാരംഭമായി ഈ പതിനായിരംരൂപാ ചിലവാക്കി എന്തെങ്കിലും ആരംഭിക്കാമായിരുന്നു എന്നാണു് എന്റെപക്ഷം.

മദ്രാസ് യൂണിവേഴ്സിറ്റിയോടു പലപ്രകാരത്തിലും ബന്ധപ്പെട്ടിട്ടുള്ള ഒന്നാണു തിരുവിതാംകൂർ. അവിടെ മദ്രാസ് യൂണിവേഴ്സിറ്റിയിൽ ചിലശാഖകളിൽ തിരുവിതാംകൂർ വിദ്യാർത്ഥികൾക്കു പ്രവേശനം കൊടുക്കുന്നില്ലയെന്നു വന്നാൽ അതിനുള്ള കാരണമെന്താണെന്നു ചോദിക്കാനുള്ള അവകാശം നമുക്കുണ്ടു്. ആ അടുത്തബന്ധത്തിൽ ഇരിക്കുന്ന നമ്മുടെ വിദ്യാർത്ഥികൾക്കു് ബനാറസ് സർവകലാശാലയിൽ പോയിപഠിക്കത്തക്കവണ്ണം ഒരുതുക ആ സർവകലാശാലക്കു കൊടുക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. അങ്ങിനെ എത്രകാലത്തേക്കാണു കൊടുക്കാൻ പോകുന്നതെന്നു തീർച്ചപ്പെടുത്തിയിട്ടുമില്ല. ൨൦,൦൦൦-രൂപാവീതം ആണ്ടുതോറും ബനാറീസിൽ കൊടുത്തേക്കുക. ഇഞ്ചിനീയറിങ്ങ് വിദ്യാഭ്യാസം വേണമെന്നാഗ്രഹിക്കുന്ന വിദ്യാർത്ഥികളെല്ലാം ബനാറീസിൽ പോയിപഠിച്ചുകൊള്ളണമെന്നാണു് ഗവർണ്മെന്റു പറയുന്നതു്. പോകാൻ സൗകര്യമുള്ളവർമാത്രമേ അവിടെ പോയിപഠിക്കയുള്ളു. മദ്രാസിലും, ബനാറീസിലും പോയിപഠിക്കുന്നതിൽ വളരെവ്യത്യാസമുണ്ടു്. ബനാറീസിൽ ആരുപോകാനാണു്, ആ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

തിനു എന്തുചിലവാകും? മദ്രാസിൽ മുമ്പുപണം കൊടുത്തിരുന്നോ, ഇപ്പോൾ കൊടുക്കുന്നുണ്ടോ? പണംകൊടുത്താൽ അവിടെ ഈകാര്യം സാധിക്കുമോ, ഇതൊന്നും അറിയാൻ കഴിയുന്നില്ല. മഹാരാജാവു തിരുമനസ്സിലെ ഒരു സ്കോളർഷിപ്പു മദ്രാസിൽ ഉണ്ടല്ലൊ. അതു പിൻവലിച്ചിട്ടുമില്ല. ഈസ്ഥിതിക്ക് മദ്രാസ് സർവകലാശാലക്ക് കുറേപണം കൊടുക്കുന്നപക്ഷം കുറേകൂടി സൗകര്യമായിരിക്കുകയില്ലേ? നാലഞ്ചു വർഷങ്ങൾക്ക് മുൻപു് ഇവിടെഒരു സർവകലാശാല സ്ഥാപിക്കുന്നതിനേപ്പറ്റി വേണ്ട അന്വേഷണംനടത്തി ഒരുകമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്. ഏതായാലും കേരളത്തേസംബന്ധിച്ചിടത്തോളം ജനങ്ങളുടെ സ്ഥിതിഒന്നു വേറെയാണു്. കേരളീയർക്കായി ഒരു സർവ്വകലാശാലയുണ്ടാകുന്നപക്ഷം ഈവക പ്രയാസങ്ങൾ പരിഹരിക്കാൻ നമുക്കു സാധിക്കുന്നതുമാണു്. തിരുവിതാംകൂർ സഹ്യപർവതത്തിന്റെ പടിഞ്ഞാറേഭാഗത്താണു് സ്ഥിതിചെയ്യുന്നതു്. ഈ കാറും വെളിച്ചവും എല്ലാം യോജിച്ച ഒരു സർവകലാശാലയുണ്ടാക്കാൻ നമ്മുടെഗവണ്മെൻറ് ഏതെങ്കിലും ചെയ്തിട്ടുണ്ടോഎന്നചോദ്യം അസ്ഥാനത്താണു്. എന്നാൽ ഗവണ്മെൻറു ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിക്കേണ്ടതാണെന്നു പറയാതെ കഴിയുന്നതുമല്ല. സമയചുരുക്കത്താൽ ഞാൻ ഇക്കാര്യത്തിൽ അധികമൊന്നും പറയുന്നില്ല.

തിരുവിതാംകൂറിലേ ധനസ്ഥിതിയേസംബന്ധിച്ചിടത്തോളം വലിയ നവുണ്ടെന്നുഫൈനാൻഷ്യൽ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറഞ്ഞുകാണുന്നു. ഇതുപരിപൂർണ്ണമായിട്ടു വിശ്വസിക്കാൻ കാരണമില്ല. ധനസ്ഥിതി മോശമാകുന്നുഎന്നതിനു പലഉദാഹരണങ്ങളും ഉണ്ടുതാനും. സാധാരണ വരവിൽ ആശാജനകമായി അഭിവൃദ്ധിയില്ല. വർദ്ധിച്ചവരുന്ന ക്ഷാമത്തിന്റെ ഭയങ്കരതയാൽ അടുത്തവർഷത്തേയ്ക്കു കയറുമതി ഇറക്കുമതിത്തീരുവകുറയാനെ ഇടയുള്ളൂ. എക്സൈസുവരവു ശാശ്വതമല്ലല്ലൊ. ടെംപ്രൻസുപരിശ്രമം മൂലവും മറ്റും ഈ വകുപ്പിലും വരവു കുറയാം. പിന്നെ നമ്മുടെ മൂലധനമാണുള്ളതു്. നമ്മുടെ ബഡ്ജറ്റ് മിച്ചംകാണിക്കുന്ന വലിയതുക വാസ്തവത്തിൽ വിശ്വാസയോഗ്യമായ മിച്ചമല്ല. ഇതിൽ വലിയ ഒരു അംശം സിങ്കിംഗ് ഫണ്ടാണല്ലോ. സിങ്കിംഗ് ഫണ്ടിനേസംബന്ധിച്ചിടത്തോളം കടലാസെടുത്തുനോക്കിയാൽ അതിൽകാണുന്ന വിലയല്ലാതെ അതിൽക്കൂടുതൽ വിലഒന്നും ആശിക്കാൻ നിവർത്തിയില്ല. ഈ കടലാസിന്റെവിലയും ലണ്ടൻ മാർക്കറ്റിൽ അവയ്ക്കു ഇന്നുള്ള വിലയും

LIBRARY ARCHIVES Kerala Legislative Assembly

കണക്കാക്കിവിലകാണിച്ചിരുന്നെങ്കിൽ തൃപ്തികരമായിരുന്നു. ഇങ്ങനെ ആണ്ടുതോറും താരതമ്യപ്പെടുത്തി ഒരു കണക്കാണു തന്നുകൊണ്ടിരുന്നതു്. എന്നുവരികിൽ അതിനേപ്പറ്റി ശരിയായവിവരങ്ങൾ അറിയാമായിരുന്നു. ഇന്നത്തേറേറ് അനുസരിച്ചുനോക്കിയാൽ അതിൽകാണുന്നവില വലിയ ഒരു സംഖ്യ എന്നുമാത്രമല്ലാതെ കൂടുതൽ അധികമൊന്നും കിട്ടുമെന്നു് ആശിക്കാൻ വഴിയില്ല. ഈവക ഏർപ്പാടുകളാൽ രാജ്യം പണയത്തിലാകാൻ ഇടയാക്കരുതാത്തതാണു്. റെയിൽവെ ഇല്ലെങ്കിൽതന്നേയും കഴിച്ചുകൂട്ടാം. സിങ്കിംഫ്രഫണ്ടിന്റെ വിലവ്യത്യാസംകൊണ്ടു് നഷ്ടിഷ്ട കാലയളവിൽ ഉദ്ദിഷ്ടമായഫലം ഉണ്ടാകുവാൻ ഇടയില്ലാത്തതാണു്. അതിനാൽ ആപൽക്കരമായ ഏർപ്പാടുകളാൽ വീണ്ടും വീണ്ടും രാജ്യത്തെ കടപ്പെടുത്തി അധഃപതിപ്പിക്കാതെയിരിക്കാനും, സംഭവിച്ചിട്ടുള്ള ഉപദ്രവങ്ങളിൽനിന്നു കഴിയുന്നതും വേഗം പ്രതിനിവൃത്തി ഉണ്ടാക്കുവാനും ഗവണ്മെന്റു ശ്രദ്ധയോടുകൂടി ശ്രമിയ്ക്കേണ്ടതാണു്.

ഇനി എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചു പറയണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ആ നാട്ടിനെ സംബന്ധിച്ചിടത്തോളം പൊതുമരാമത്തുവകയ്ക്കു് അനുവദിക്കുന്ന തുക തീരെ തുച്ഛമാണു്. ആ തുകപോലും വേണ്ടപോലെ ചിലവുചെയ്യുന്നില്ല. ഈ വകുപ്പു് ഒരിക്കലും വേണ്ടവിധം വേണ്ടയിടത്തു പണം ചിലവാക്കുന്നില്ലാ എന്നാണു് എനിക്കുതോന്നിയിട്ടുള്ളതു്. മെയിൻസെൻട്രൽ റോഡിൽ വാമനപുരത്തു ഒരു പാലമുണ്ടു്. രാജധാനിക്കുവരുന്നവഴിയിൽ ബസ്സിലുള്ള ആളുകളെല്ലാം അവിടെഇറങ്ങി തൊഴതൊക്കെവേണം പോകാൻ എന്നവ്യവസ്ഥവച്ചിട്ടുകാലം വളരെക്കഴിഞ്ഞിരിക്കുന്നു. ഇവിടെ വളരെ മോശമായ രീതിയിൽ ഒരു പാലം ഇട്ടിട്ടു, അതിനേപ്പറ്റി അന്വേഷണമേയില്ല. എത്രയോപണം ഈവകുപ്പിലേക്കു ചിലവാക്കുന്ന ഗവണ്മെന്റു ഈ ഒരുപാലം ശരിപ്പെടുത്താതെയിരിക്കുന്നതിന്റെ അർത്ഥമെന്തായിരിക്കാം? ഇതുപോലേതന്നെ കോട്ടയത്തുനിന്നും പറവൂർവരെ വടക്കോട്ടു് എവിടെപോകണമെങ്കിലും മീനച്ചൽ ആറുകടക്കാതെ സാധിക്കയില്ല. അവിടെയും നാഗമ്പടം എന്നസ്ഥലത്തുള്ള ഒരുപാലം ഉള്ളതിൽ പകുതിമാത്രം ഉപയോഗപ്പെടുത്താവുന്നസ്ഥിതിയിൽ വിശ്രപപ്പെടുത്തിയിട്ടിട്ടു വർഷങ്ങൾ വളരെയായി. ഇതിനുകാരണമെന്താണു്? ഗവണ്മെന്റു നാഗമ്പടത്തിനു വടക്കുള്ളവരുടെ നികുതി പിരിക്കാതെയിരിക്കുന്നില്ല. ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

Mr. A. C. Kariakose.]

ടത്തോളം പ്രാദേശികാവശ്യങ്ങൾ വർദ്ധിയ ആവശ്യങ്ങളെപോലെതന്നെ വ്യാഖ്യാനിക്കേണ്ടതാണെന്നു മി: രാമൻപിള്ളയും മി: ഇട്ടീച്ചനും പ്രതിപാദിക്കയുണ്ടായി. മീനച്ചൽതാലൂക്കിൽനിന്നും ഫ 0 ലക്ഷത്തിൽ അധികംരൂപാ ഗവണ്മെൻറു നികുതി പിരിക്കുന്നുണ്ട്. ഈവകപണം പിരിക്കുന്നതിനു നാലുപ്രാവശ്യം വേണമെങ്കിലും ഡിമാൻറുനോട്ടീസയക്കാൻ ഗവണ്മെൻറു തയാറാണ്. പക്ഷേ ജനങ്ങൾക്കു ഗതാഗതസൌകര്യം പോലും ഉണ്ടാക്കിക്കൊടുക്കാൻ തയ്യാറില്ല. അവിടെയുള്ള ഒരു പാലം ഇരുപതുവർഷത്തിലധികമായി തുടർന്നുണ്ടായ അപേക്ഷകളുടെ ഫലമായി തുടങ്ങി. അപര്യാപ്തമായ ആപണി അചിരേണ മടങ്ങുകയും ചെയ്തു. അനുവദിക്കുന്നപണം ചിലവാക്കാൻ ഡിപ്പാർട്ടുമെൻറു തയ്യാറില്ലാത്തപ്പോൾ പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറു ഒരുപണിക്കു നിശ്ചയിച്ചിരിക്കുന്ന സംഖ്യ, അതരം മറെറാരുപണിക്കു വേറൊരുപ്രദേശത്തു എടുത്തുപയോഗിച്ചുകൊണ്ടിരിക്കുന്നകാലത്തോളവും പ്രാദേശികങ്ങളായ ആവശ്യങ്ങൾ എങ്ങിനെ നിർവഹിക്കപ്പെടുവാനാണു കഴിവുണ്ടാകുന്നതു് എന്നു ഞാനറിയുന്നില്ല.

ബഡ്ജറു തുഷ്ടികരമെന്നു എനിക്കഭിപ്രായമില്ല. അതിൽ റിവൈസു ചെയ്തു കാണിച്ചിരിക്കുന്ന ചിത്രം വിശ്വാസ്യമല്ല. മിച്ചംവെക്കുന്നതായിക്കാണിച്ചാൽ പോരാ. അതു സാക്ഷാൽ മിച്ചമായിരിക്കണം. നാട്ടിൽ വിതരണം ചെയ്യുന്ന സംഖ്യ ശരിയായി ഉപയോഗപ്പെടുത്തണം. റെയിൽവേ സംബന്ധിച്ചു നമ്മുടെ ഇടപാടു കേവലം ദോഷകരമായിട്ടുണ്ടു്. ഇനിയും എസ്. ഐ. ആർ. കമ്പനിയുടെ ശാഠ്യങ്ങൾക്കു വഴിപ്പെടുന്നതു ശരിയായിരിക്കയില്ല. ക്ഷയരോഗനിവാരണം, എൻജിനീയറിംഗ് മുതലായവ ഉദ്ദേശിച്ചുകൊണ്ടു് പുറരാജ്യങ്ങളിൽ പണംകൊണ്ടുകൊടുക്കുന്നതു ശരിയല്ല. ഈ നാട്ടിൽതന്നെ ഇവക്കെല്ലാം തക്കതായ ഏർപ്പാടുകൾ ചെയ്യാവുന്നതും ചെയ്യേണ്ടതുമാണു് എന്നിങ്ങനെ പല പ്രധാനകാര്യങ്ങളും ഞാൻ പറഞ്ഞുകഴിഞ്ഞു. പി. ഡബ്ലിയു. ഡി. പണംചിലവാക്കുന്ന സമ്പ്രദായത്തിൽ അവശ്യം ഭേദഗതി വരുത്തേണ്ട മാർഗ്ഗങ്ങളെ നിർദ്ദേശിച്ചു. സിങ്കിംഗ്ഫണ്ടു് ഏർപ്പാടിൻെറ ന്യൂനഭാഗങ്ങളെ പ്രകാശിപ്പിക്കുകയുമുണ്ടായി. ഇതിനുംപുറമെ അത്യാവശ്യവേലകൾ ചെയ്യാതെ ജനസങ്കടം വർദ്ധിപ്പിക്കുന്ന സമ്പ്രദായങ്ങളെപ്പററി സോദാഹരണം വിവരിച്ചുകഴിഞ്ഞു. സർവോപരി പ്രാദേശികാവശ്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കായി അനുവദിക്കാവുള്ള പരിമിതങ്ങളായ സംഖ്യകൾ അതായ പ്രദേശത്തുതന്നെ ചിലവാക്കേണ്ടതിന്റെ ആവശ്യകതയേയും പ്രകാശിപ്പിച്ചു. ഈ സംഗതികളിലെല്ലാം ഗവണ്മെന്റിന്റെ ഗാഢമായ ശ്രദ്ധ പതിഞ്ഞുകാണണമെന്നുള്ള താല്പര്യത്തോടുകൂടി തല്ക്കാലം ബഡ്ജറിനെ പറ്റി നിരൂപണപരമായുള്ള എന്റെ ഈ പ്രസംഗത്തെ അവസാനിപ്പിച്ചു കൊള്ളുന്നു.

DEPUTY PRESIDENT: The House will now rise and meet again at 3. After the Budget discussion is over the non-official members will meet under the presidency of the Deputy President and elect three members for the Finance Committee.

The House rose for lunch at 2-15 P. M. and reassembled at 3 P. M.

MR. N. K. KRISHNA PILLAI (*Neyyattinkara*): Sir, once again the Financial Secretary has presented to us what has but the semblance of a prosperity Budget. A closer study of the Budget convinces us that even the margin of surpluses is steadily diminishing. Naturally therefore, we seek for some elastic item of revenue whose corresponding increase may balance this decrease. But a still closer study reveals the fact that there is not one such item. These two significant facts lead us but to one conclusion namely that, sooner or later, our Government will have to face a financial crisis of the first magnitude.

There is another, aspect, Sir, in the casting of a Budget. That the merit of a Budget does not consist in the piling up of annual surpluses is a principle well understood and followed by sound financiers. But our Finance Department seems to be labouring under the exploded idea that their main concern is to provide surplus Budgets; and once provision is made for a margin of surplus, however meagre it may be, they presume that they have done their duty to God and to their country. Sir, I have no hesitation in saying that we shall be very willing to accord our sanction to a balanced Budget or even to a deficit Budget, provided money is well laid out in the fields of agriculture, commerce, industry and education. Our Budget does not show that the Government have provided for any new item or scheme calculated to advance the general well-being of the masses.

Coming to the head of Revenue, under land taxation, we have already reached the farthest limits and, if the remissions which are expected to follow are not allowed to the people, I believe that there is no further inequitable incidence of taxation on land.

Passing on to the taxes on income, the learned Financial Secretary has pointed out that that item of revenue also is likely to show a reduction. The main criterion by which we have to gauge the real economic condition of the people is a study of the taxes on income. In that sphere as I already stated there is likely to be a fall. Therefore the only other source left is Customs barring of course the Revenue under Excise.

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Krishna Pillai.]

[*At this stage Messrs. Tariatu Kunjitomman and P. S. Mahomed took their seats coming between the Chair and the speaker.*]

DEPUTY PRESIDENT : I must draw the attention of the Honourable members that they will be out of order if they come between the Chair and the member who is addressing the House. I have said that once before and I now give you a warning.

MR. N. K. KRISHNA PILLAI (*Neyyattinkara*) : Customs revenue also is likely to dwindle owing to the general slackness of trade. If the Government had made available to the people the expert knowledge which they possess and had given them sound and effective guidance in matters agricultural and industrial, then certainly the slackness of trade and consequent economic depression among our masses could have been avoided to an appreciable extent. It is easy to assign reasons for this slackness. But what is needed is considerate, sympathetic and intelligent attitude on the part of the Government.

The Revenue under Excise has been characterised by many members on this side of the House as *tainted* revenue. We can see from the Budget that we have banked our Budget on this tainted source of revenue. We know that throughout India and elsewhere the call has gone forth against traffic in liquor which has found effective response in our State as well. We are also awake and despite official intimidation, striking results are being achieved and the movement is leading on to success. Our Government have declared that their policy is one of temperance and that their ultimate goal is prohibition. But we see all around us, Sir, a series of repressive measures adopted by the Government to harass peaceful citizens carrying on a peaceful propaganda. Therefore, I would differ from my friend Mr. Chellam Pillai in his statement that the Government are slowly moving in giving effect to their policy of temperance. I would say not only that they are not slowly moving but that they are not moving at all. They are moving evidently in the other direction.

In connection with this matter, I am constrained to make an observation upon the department responsible for peace and order in this country. Of late, the Police Department has been betraying a mentality which I may characterise as a kind of *lathi* madness. Some friends of mine have already referred to this. But still I think it is a matter which would stand repetition. I ask you, Sir, what is the psychology behind this *lathi* importation and *lathi* training ?

DEPUTY PRESIDENT : Are you aware of any cases where *lathies* were actually used ?

MR. N. K. KRISHNA PILLAI (*Neyyattinkara*) : Yes, certainly.

A few days ago when I read in the newspapers about some of the incidents that took place in Quilon and other places and also when I heard about them personally from some of my friends who were there at the time, I bowed my head in shame that such things could happen in

LIBRARY ARCHIVES Kerala Legislative Assembly

this enlightened regime and in the name of Her Gracious Highness, I would not have referred to this matter at all but for the fact that this is a matter which has most deeply affected the minds of the public.

Sir, turning to the expenditure side, I must make special reference in the first place to agriculture. That too, most of my friends have exhaustively dealt with and therefore I shall be very brief in my observations. Some of my friends made reference to the Land Mortgage Banks and to the necessity of constituting such banks in our State. This House has passed a resolution recommending the constitution of such a bank. But we see that the Government have not yet moved their little finger towards giving effect to that resolution. In progressive countries such banks have been started. Even in England where the chief occupation of the people is certainly not agriculture, we see that a number of agricultural banks have been constituted which lend money to the agricultural classes to be repaid in easy instalments spread over a number of years. In view of the poverty of our masses the establishment of a Land Mortgage Bank is an imperative need which cannot be put off like this.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): May I ask the member whether he has received a copy of the questionnaire issued by the Banking Enquiry Committee.

MR. N. K. KRISHNA PILLAI (*Neyyattinkara*): Yes.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): Is not the subject of establishing a Land Mortgage Bank one of the items in that questionnaire?

MR. N. K. KRISHNA PILLAI (*Neyyattinkara*): It is included but there it is treated only as a minor issue.

DEPUTY PRESIDENT: Probably the Government are awaiting the result of that enquiry.

MR. R. VAIDYALINGOM PILLAI (*Registrar of Co-operative Societies*): Has the member sent up an answer to that questionnaire?

MR. N. K. KRISHNA PILLAI (*Neyyattinkara*): No; I shall do so in proper time, if I so wish. My complaint is that the Government do not seem to be earnest about it.

MR. A. THANU PILLAI (*Trivandrum*): The time was over long, long ago.

MR. N. K. KRISHNA PILLAI (*Neyyattinkara*): The agricultural indebtedness in Travancore, as has been mentioned by many of my friends, is on the increase and if there is any class that is thriving at present it is the officials who are receiving a steady income while the poor rate-payer who is paying heavily to maintain these officials is on the verge of starvation. Once more, I would repeat that the Budget for the next year does not contain a single new item or scheme which is calculated to promote the advancement of the rural population. I see there are one or two items like grant to the Madanapalli institution and the Benares Hindu University; but they are not, I assert, such as would directly benefit the masses.

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Krishna Pillai.]

Then, Sir, a word with regard to industries. About that also, much has been said by many of the members here. I shall only say that though we have got an Industries Department under costly direction and packed with experts, the department has till now accomplished nothing effective. In other countries we see that it is the Industries Department that makes attempts to eradicate the evil of the unemployment problem. But here neither the industries nor the problem of unemployment is of any interest to Government.

Sir, I have to make a passing reference to the Education Department. Times are changing and even Universities have accorded to Vernacular its due place. But we see here, in Travancore, the singular instance where Vernacular is being put under European direction. To put a man who does not know the three R's of our language, who is not familiar with our historic culture and the development of our language, to put such a man as the Director of Public Instruction is, I must submit, a tragedy, which is possible only in Travancore.

With regard to the allotment for irrigation, the Account Officer seems to take pride in stating that for the coming year 1·34 lakhs have been allotted for irrigation. I would respectfully submit that it is merely an eye-wash, because last year about 2·89 lakhs had been allotted for irrigation, of which only less than half was really spent. And even the amount surrendered by the department Government have not been able to add gracefully to this year's allotment. On the other hand the total amount for this year is less than last year's budgeted figure.

DEPUTY PRESIDENT: Schemes have not been settled, and hence it was not possible for the Government to appropriate the actual sums required for such schemes. What is the good of providing sums if you do not settle the preliminaries about particular works to be carried out?

MR. N. K. KRISHNA PILLAI (*Neyyattinkara*): We know, Sir, that people have been agitating from a very long time past, that additional allotments should be made in the matter of irrigation. In my own constituency, Sir, I am more than being harassed by the people to exert whatever influence I possess and see that better facilities are provided for irrigational purposes. It was as a last resort, Sir, that in a recent Session of the Council, I brought to the notice of Government, this most vital need of the people by means of an adjournment motion. The Government accepted my proposal and constituted a committee. This committee, I believe, is working in earnest.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Is it a committee that the member wanted?

MR. N. K. KRISHNA PILLAI (*Neyyattinkara*): I suggested the appointment of a committee.

With regard to that I would request the President of that committee, who is our Deputy President now occupying the Chair of this House to see that the matter is not delayed. We believe that in view of the importance of the matter, the operations of the committee

LIBRARY ARCHIVES Kerala Legislative Assembly

would be swiftly concluded, and that a comprehensive report submitted to Government. That is by the way. With regard to the allotment made next year under P. W. D. I see an interesting feature. Money has been thrown out for unproductive constructions. We see that about 1·72 lakhs have been allotted for the construction of official quarters for various departments, while for irrigation purposes only 1·12 lakhs have been allotted.

DEPUTY PRESIDENT: Your time is up. I shall give you two minutes if you can wind up quickly.

MR N. K. KRISHNA PILLAI (*Neyyattinkara*): I referred to this matter just to show how Government are lavishly spending money for purposes which do not benefit the public while their vital needs are left unsatisfied.

One or two members, Sir, complimented the Government for the grant made to the Madanapalli institution. I would submit with regard to that that the Government should better have founded an institution in our own State rather than make subsidies to other institutions outside Travancore. Sometime back Government took some steps to select a proper place in Travancore for a Tuberculosis Sanatorium and expended some money also for preliminary investigations. Somehow or other that proposal has been dropped and this new arrangement has been made in the Budget for 1106. To me it seems that such a policy discloses a woeful want of constructive statesmanship and an absolute incapcity to start an original scheme, both on the part of our Departmental Heads and on the part of our Government.

Now Sir, a word with regard to the condition of the subordinate staff, in all departments of the State.

DEPUTY PRESIDENT: Your time is already over. You must close with that point.

MR. N. K. KRISHNA PILLAI (*Neyyattinkara*): I shall do so. A menial under Government service gets about nine or ten rupees. The Financial Secretary was telling us that in certain departments, for example in the Anchal Department, provision has been made for increasing the pay of the delivery peons by one rupee. What I would say is, this is absolutely insufficient under the present conditions obtaining in the State. While the highest official gets more than Rs. 2,000 and various superior officers get fat salaries in addition to the amount they receive on account of T. A's and D. A's, it is a pity that these menials should go satisfied with Rs. 9 or Rs. 10. The pay of the subordinate staff must be increased.

DEPUTY PRESIDENT: Is it your suggestion that all Government servants should be paid well, from the Dewan to the low-paid menial?

MR. N. K. KRISHNA PILLAI (*Neyyattinkara*): No, Sir. The Dewan and the other Departmental Heads are more than amply paid. The superior services here are payed beyond their deserts. They receive, in addition to their salary, travelling allowances and daily allowances on which latter item alone some manage to live. Therefore, retrenchment may be effected in the superior services. That is my argument.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: You say there is scope for retrenchment by way of diversion from surplus funds?

MR. N. K. KRISHNA PILLAI (*Neyyattinkara*): And also by reducing the pay of high officers. A comprehensive scheme of improving the condition of the subordinate staff must be taken up at no distant date. If any additional amount is required for that, that may be procured by effective retrenchment in the superior service. Even by that means a provision may be made for improving the condition of the subordinate staff. This is a very important matter which can in no event be left to wait.

MR. PARIYATU KUNJITOMMAN (*Muvattupuzha cum Tolupuzha*): സർ, രാജ്യഭരണത്തെപ്പറ്റി പൊതുവിലും ഓരോ വകുപ്പുകളെ സംബന്ധിച്ചു പ്രത്യേകിച്ചും പൊതുജനങ്ങളുടെ നാമത്തിൽ വിമർശനംനടത്തി ദോഷഭാഗങ്ങളെ മൂണ്ടിക്കാണിക്കുന്നതിനും, അവയ്ക്കു പ്രതിവിധി നിർദ്ദേശിക്കുന്നതിനും ജനപ്രതിനിധികൾക്കുള്ള പ്രധാന സന്ദർഭം ഈ ബഡ്ജറ്റ് വിമർശനാവസരമാണല്ലോ. ഈ അവസരത്തിൽ രാജ്യത്തിന്റെ നന്മയേയും പൊതുജനങ്ങളുടെ ക്ഷേമത്തേയും മുൻനിർത്തി നിർവ്യാജമായ അഭിപ്രായങ്ങളെ മറക്കുടാതെ തുറന്നു പറയേണ്ടതു രാജ്യത്തോടും ജനങ്ങളോടും ഉള്ള ജനപ്രതിനിധികളുടെ ഒഴിച്ചുകൂടാത്ത കടമയാണ്. ഈ കൃത്യത്തെ കഴിഞ്ഞ പല വർഷങ്ങളിൽ തുടർന്നു നിർവഹിച്ചുപോന്നതുകൊണ്ടു സാരമായ പ്രയോജനമില്ലെന്നുമാത്രമല്ല ദോഷകരമായ ഫലങ്ങൾ ചില ഭാഗങ്ങളിൽ നിന്നുണ്ടാകുന്നു എന്നുകൂടി ഈ കൊൺസിലിലെ ഏറ്റവും പഴയ മൊബറായ എനിക്കു അനുഭവത്തിൽ നിന്നു പറയേണ്ടതായി വന്നു. എന്നാൽ പ്രയാസങ്ങളുടേയും വിഷമങ്ങളുടേയും ഇടയിലും രാജ്യത്തോടും തങ്ങളിൽ വിശ്വാസം അർപ്പിച്ചിട്ടുള്ള പൊതുജനങ്ങളോടുമുള്ള കൃത്യം ചെയ്തതന്നെ.

ഈ പ്രതിനിധി സഭയ്ക്കു രാജകാര്യങ്ങളെ നിയന്ത്രിക്കാനുള്ള പരമാധികാരമില്ല. സംഗതികൾ തുറന്നുപറയാൻ മാത്രമേ സാധിക്കയുള്ളൂ. കൃത്യങ്ങൾ നടത്തേണ്ടതു ഉദ്യോഗസ്ഥന്മാരുടെ ചുമതലയാണ്. അവക്കു രസിക്കാത്ത പല സംഗതികളും ഞങ്ങൾക്കു തുറന്നു പറയേണ്ടിവരുന്നുണ്ട്. അതു ഞങ്ങളിൽ ഓരോരുത്തരുടേയും നിയോജകമണ്ഡലങ്ങളിലെ കാര്യങ്ങൾക്കും തനിക്കാര്യങ്ങൾക്കുതന്നെയും വിഘാതമായിട്ടു വരിക എന്നുള്ളതു സാധാരണയാണ്. അധികാരവാഹികളായ ഉദ്യോഗസ്ഥന്മാരുടെ അധികാരത്തിനു വിധേയമാണല്ലോ സർവവും. വിഷമങ്ങളിൽക്കൂടിയേ വിഷമങ്ങൾക്കു പരിഹാരമുണ്ടാകൂ എന്നും മഹത്തുക്കൾ വിഷമങ്ങളും പ്രയാസങ്ങളും സഹിച്ചു ചെയ്തിട്ടുള്ള പരിശ്രമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ ഫലമാണ് പരിഷ്കൃതലോകത്തു ഓരൊ രാജ്യക്കാരും അനാദ്യ വിക്കുന്നക്ഷേമവും സമാധാനവുമെന്നുമുള്ള സ്മരണ അശ്വാസപ്രദമത്രേ.

രാജ്യഭരണത്തെ സംബന്ധിച്ചു പറയുമ്പോൾ വ്യവസ്ഥാപിത മാർഗ്ഗേണ ജനങ്ങളുടെ ഹിതത്തേയും ആവശ്യങ്ങളേയും മനസ്സിലാക്കി ജനങ്ങൾക്കു വേണ്ടി നടത്തപ്പെടുന്നഭരണം പരിഷ്കൃത ഭരണമെന്നും, ജനങ്ങളുടെ അഭിപ്രായത്തെ തൃണവൽ ഗണിച്ചു ഉദ്യോഗസ്ഥന്മാരുടെ ഹിതാനുസരണം അവരുടെ ഗുണത്തെ മുൻനിറുത്തി നടത്തപ്പെടുന്നഭരണം അപരിഷ്കൃതഭരണമെന്നും പറയുന്നു. എന്നാൽ ജനങ്ങളുടെ അഭിപ്രായങ്ങളെ അവരുടെ പ്രതിനിധികൾ വഴിയായി അറിഞ്ഞിട്ടും അവരുടെ അഭിപ്രായത്തെ അവഗണിച്ചു ഉദ്യോഗസ്ഥന്മാരുടെ സ്വേച്ഛപോലെ ഭരിക്കപ്പെടുന്ന ഭരണത്തെപ്പറ്റി എന്താണ് പറയേണ്ടതെന്നു മനസ്സിലാകുന്നില്ല. അതിനെ ജനാവഹേളന ഭരണമെന്നു പറയാമായിരിക്കും. അവിധത്തിലുള്ള ഒരു അപൽപന്ഥാവിൽക്കൂടി ശോഭനമായനമ്മുടെ രാജ്യത്തെകായ്ക്കുന്നതു നയിച്ചുവിഷമതയിൽ അകപ്പെടാതിരിക്കാൻഎല്ലാ ദേശാഭിമാനികളും പ്രത്യേകം ഉദ്യോഗസ്ഥമണ്ഡലവും ജാഗ്രൂകതകാണിക്കേണ്ടതാണ്.

ഇപ്പോൾ ഈ രാജ്യത്തിനു ഒരു വലുതായ അപൽഘട്ടം നേരിട്ടിരിക്കയാണ്. ജനപ്രതിനിധികളുടെ നിർദ്ദേശങ്ങളെ ഗവണ്മെൻറു പണ്ടെ ശ്രദ്ധിച്ചിരുന്നെങ്കിൽ ഈ വിഷമഘട്ടത്തിൽ ഒരു വിധം സങ്കടം കൂടാതെ സാമാന്യജനങ്ങൾക്കു കഴിഞ്ഞു കൂടാമായിരുന്നു. ഈ രാജ്യം ഒരു കർഷകരാജ്യമാണല്ലോ. കൃഷിയിൽ നിന്നും ഉണ്ടാകുന്ന ഉല്പന്നങ്ങൾക്കു വലുതായ വിലക്കുറവു സംഭവിച്ചിരിക്കുന്നു. ആഹാരസാധനങ്ങൾ, വസ്ത്രങ്ങൾ, കൃഷി ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഇരുമ്പു മുതലായ ലോഹങ്ങൾ, ഇവയെല്ലാം വിദേശങ്ങളിൽ നിന്നും വരേണ്ടിയിരിക്കുന്നു. അതിലേക്കു കൊടുക്കേണ്ടപണം കുരുമുളകു, ചുക്കു, തേങ്ങാ മുതലായ ഉല്പന്നങ്ങളിൽ നിന്നുമാണ് ഉണ്ടാകേണ്ടതു. അവയ്ക്കു വിലക്കുറവു സംഭവിച്ചാൽ കൃഷിക്കാർ എന്തുചെയ്യും? ജനസാമാന്യം നാൾക്കുനാൾ ദാരിദ്ര്യത്തിൽ ആണ്ടുകൊണ്ടിരിക്കയാണു. ഇവിടെ ഫ ൦ ൦ ന്റെ ഒ പേരുടേയും തൊഴിൽ കൃഷിയുമാണ്. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ചു ഭൂസ്വത്തു നാൾക്കുനാൾ വിഭജിച്ചു വിഭജിച്ചു ആളാം പ്രതിയുള്ള അംശം കുറഞ്ഞു വരികയും തദനുസരണം ദാരിദ്ര്യം വർദ്ധിച്ചു വരികയുമായിരുന്നു. അപ്പോഴാണ് ഉല്പന്നങ്ങളുടെ വലിയ വിലക്കുറവും സംഭവിച്ചിരിക്കുന്നതു്. കർഷകജനങ്ങൾ എത്രയും കഷ്ടപ്പെടുന്നു. ഇപ്പോഴത്തെ കൃഷിസ്ഥലങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ളിൽ കൂടുതൽ വിളവുണ്ടാകുന്നതിനുവേണ്ട വഴികൾ കണ്ടുപിടിക്കണമെ
ന്നും റിസർവ്വിനകത്തു കിടക്കുന്ന കൃഷിക്കു കൊള്ളാവുന്ന സ്ഥലങ്ങളെ
കൃഷിക്കായി പതിച്ചു കൊടുത്തും ഇറിഗേഷൻ വേലകൾ നടത്തിയും കൃ
ഷിസ്ഥലം വർദ്ധിപ്പിക്കണമെന്നും കൃഷി സൌകര്യത്തിനായി ഉൾനാടുക
ളിൽ കൂടുതൽ റോഡുകൾ തുറക്കണമെന്നും ട്രഷറിയിൽ ജാമ്യ ബാങ്കേർപ്പെട്ട
ത്തണമെന്നും കൃഷിലോൺ വർദ്ധിപ്പിക്കണമെന്നും മറ്റും കൃഷിക്കാരായ
ഭൂരിപക്ഷജനങ്ങളുടെ ക്ഷേമത്തെ ലാക്കാക്കി പല നിർദ്ദേശങ്ങളും ഞങ്ങൾ
ഈ പ്രതിനിധി സഭയിൽകൊണ്ടുവന്നു. എന്നാൽ മാമൂൽ പ്രിയത്താലോ
കൃഷിക്കാരുടെ ആവശ്യങ്ങളേപ്പറ്റി പ്രായേണയുള്ള അജ്ഞതയാലോ പല
ഉദ്യോഗസ്ഥന്മാരും അവയെ എതിർത്തു. ഗവണ്മെൻറു ഞങ്ങളുടെ നിർ
ദ്ദേശങ്ങളെ ഗണിച്ചു പ്രവർത്തിച്ചുമില്ല. ഇതാ വലിയക്ഷാമത്തിലേക്കു
രാജ്യവാസികൾ ആണ്ടുപോകുന്നു.

പുതിയ ബഡ്ജറിലും കൃഷി ബാങ്കിനായി ഒന്നും ചേർത്തിട്ടില്ല. ഇ
റിഗേഷൻ വേലകൾക്കോ കൃഷി ലോണിനോ ഉൾനാട്ടിലെ കൃഷിവലന്മാ
ക്കു വേണ്ട റോഡുകൾക്കോ ഗണ്യമായ തുകയൊന്നും ചേർത്തിട്ടില്ല. ഈ കർ
ഷകരാജ്യത്തിന്റെ പുരോഗതിയിൽ ഇവക്കുള്ള പ്രാധാന്യം ഗവണ്മെ
ൻറു ഇനിയും ധരിച്ചിട്ടില്ലെന്നു തോന്നും. ജനക്ഷേമത്തിനും, ഭരണ
സൌകര്യത്തിനു പ്രത്യേകിച്ചു കാർഷികാഭിവൃദ്ധിയ്ക്കുമായി ഈ കൌൺ
സിലിൽ കൊണ്ടുവന്ന ഗുണദോഷവിമർശനം നടത്തിപാസാക്കീട്ടുള്ള
പ്രമേയങ്ങളേയും ഉപക്ഷേപങ്ങളേയും നടപ്പിൽ വരുത്തുന്നതിനു ഗവ
ണ്മെൻറു സന്നദ്ധതകാണിക്കാത്തതു കഷ്ടം തന്നെ.

രണ്ടേകാൽകോടിരൂപായോളം ഈ കർഷകരാജ്യത്തു നിന്നും ആ
ണ്ടിൽ ആറിനു ക വ-ം വ ർ-ം പലിശയ്ക്കു കടം വാങ്ങാറുള്ള ജനങ്ങ
ളിൽ നിന്നും നികുതി രൂപേണ സംഭരിച്ചു ഗവണ്മെൻറു വിദേശി
കൾക്കു നൂറിനു ആണ്ടിൽ ർ പലിശയ്ക്കു കടം കൊടുത്തിരിക്കുന്നു.
അവയെ തിരിച്ചെടുത്താൽ കാർഷികാഭിവൃദ്ധിക്കായി മുൻപറഞ്ഞ ഇ
റിഗേഷൻവേലകൾ, കൃഷിക്കാർക്കുള്ള റോഡുകൾ, ബാങ്കു മുതലായവ അ
തുകൊണ്ടു നിഷ്പ്രയാസംസാധിക്കാവുന്നതാണു്. വിദേശത്തുനിന്നും വരു
ന്ന ഒരുസഞ്ചാരിക്കുരാജ്യത്തു വലിയ നാഗരീകവും ഐശ്വര്യവുമുണ്ടെന്നു
തോന്നിപ്പോകും. ജനങ്ങളുടെതൊഴിൽ സംബന്ധിച്ചു അധോഗതി അവർ
അറിയുന്നില്ല. തമ്പാനൂർറയിൽവേപ്പണി, ഇലക്ട്രിക്കു് ലയിറ്റ്
നീണ്ടകരപ്പാലം മുതലായവയുടെ വമ്പിച്ച വ്യയങ്ങൾ അതിലധികം

LIBRARY ARCHIVES Kerala Legislative Assembly

